e-book

Kalkipuri®



Kalki

# യഥാർത്ഥ ശ്രീരാമ ചരിതം

## പ്രഥമഘട്ട സുപ്രധാന രംഗം

2000 ൽ യുഗധർമ്മയിലും പിന്നീട് 2008ൽ പുസ്തകമായും പ്രസിദ്ധീകരിച്ചത്

ശ്രീരാമന്റെ യഥാർത്ഥ ചിത്രം ഇപ്പോൾ ലഭ്യമല്ല

Yadhartha Sree Rama Charitham Pradhama Ghatta Supradhana Rangam (Malayalam)

(Real History of Sree Rama: Most Important Scene from the First Part)

Author: Kalki



Kalki

Publisher: Kalki
Address:
Kalkipuri
Edavannappara
Malappuram Dt. - 673645
Kerala, India.
Ph: 0483 2724372
Whatsapp: 7907456154
shop.kalkipuri.com

Copyright © Kalki.
(All rights reserved, including the right of reproduction in whole or in part in any form.)

DTP & Design: Kalkipuri

Digital First Edition: 05 Sep 2021

Digital Edition ISBN: 9789355263568
ISBN Format: Digital Download and Online
Price: Free
Paperback 1st Edition: 18 Nov 2008.
Paperback 1st Edition Printed at: S.T.Reddiar & Sons, Ernakulam.

ISBN 978-9-3552635-6-8

# ഉള്ളടക്കം

1. കൽകിപുരി പബ്ലിക്കേഷൻ

2. വസ്തുതകൾ

3. ചരിത്രപരമായ തെളിവുകൾ

4. യഥാർത്ഥ ശ്രീരാമ ചരിതം: പ്രഥമഘട്ട സുപ്രധാന രംഗം.

കൽകി യഥാർത്ഥ ശ്രീരാമ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

---

# കൽകിപുരി പബ്ലിക്കേഷൻ

1. പുനർജന്മം ചരിത്രപരമായ തെളിവുകൾ - കൽകി

ജന്മാന്തരങ്ങളിലൂടെയുള്ള ജീവന്റെ യാത്ര ചരിത്രപരമായി വെളിപ്പെടുത്തുന്ന പുസ്തകം.

അഗസ്ത്യ മഹർഷിയും വിശ്വാമിത്ര മഹർഷിയും എഴുതിയ ഋഷിപ്രോക്ത പുരാതന നാഡി താളിയോലകളിലെ 6 സുപ്രധാന അദ്ധ്യായങ്ങൾ. മലയാളത്തിൽ ആദി തമിഴ് ശ്ലോകങ്ങളും, മലയാള അർത്ഥവും പദാനുപദ ഗദ്യവിവർത്തനവും വിവരണവും സഹിതം. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

2. കൽകിപുരി ക്ഷേത്ര നിയമങ്ങൾ.

3. ദ്രൗപദീപതി അർജ്ജുനൻ മാത്രം - ശ്രീകൃഷ്ണൻ.

കൽകി യഥാർത്ഥ ശ്രീകൃഷ്ണ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

4. യഥാർത്ഥ ശ്രീരാമ ചരിതം: പ്രഥമഘട്ട സുപ്രധാന രംഗം.

കൽകി യഥാർത്ഥ ശ്രീരാമ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

5. ഗാന്ധാരിയും ശ്രീകൃഷ്ണനും സുപ്രധാന രംഗം.

കൽകി യഥാർത്ഥ ശ്രീകൃഷ്ണ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

6. Arjuna is the Sole Husband of Draupadi - Sree Krishna.

7. Real History of Sree Rama: Most Important Scene from the First Part. Kalki revealed.

8. Gandhari and Sree Krishna Most Important Scene. Kalki Revealed.

9. Kalki Purana by Agastya & Vishvamitra. ShivaDeva-ParvathiDevi Divine Conversation.

Read More: English | Malayalam

# വസ്തുതകൾ

കോടാനുകോടി മനുഷ്യരിൽ നിന്നും പ്രത്യേകമായി ഒരാളെമാത്രം വേർതിരിച്ചറിയുവാൻ കഴിയുന്നതെങ്ങനെ?

വ്യത്യസ്ത ഭാവങ്ങളുണ്ടാകുമെങ്കിലും ഓരോ മനുഷ്യനും ഒരു രൂപം, മുഖം, ആകൃതി, ഘടന, വിരലടയാളം തുടങ്ങിയവയുണ്ടാകും. അതിൽ വ്യത്യാസമുണ്ടായാൽ മറ്റൊരാളാകും. അതുകൊണ്ടാണ് ഓരോരുത്തരേയും തിരിച്ചറിയുവാൻ സാധിക്കുന്നത്. സാർവ്വജനീനമായി അംഗീകരിക്കപ്പെടുന്ന വസ്തുതയാണിത്.

ഭഗവാൻ ശ്രീരാമനും ശ്രീകൃഷ്ണനും രാജാവായിരുന്നു. മനുഷ്യനും അവതാരവുമാകുന്നു. അക്കാലത്തും ധാരാളം മികവുറ്റ ചിത്രകാരന്മാരും ശില്പികളും ഉണ്ടായിരുന്നു.

അക്കാലത്ത് സൂക്ഷിച്ച സപ്തമാവതാര ശ്രീരാമന്റെയും അഷ്ടമാവതാര ശ്രീകൃഷ്ണന്റേയും യാഥാർത്ഥ വിഗ്രഹവും ചിത്രവും ഇപ്പോൾ ലഭ്യമായിരുന്നുവെങ്കിൽ, നിരവധി ശില്പികൾ കൊത്തിയെടുത്ത വ്യത്യസ്ത രൂപവും മുഖവും ദേഹഘടനയും ആകൃതിയുമായി ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയുമെന്ന പേരിൽ ഇപ്പോൾ പ്രചാരത്തിലുള്ള അനേകം ചിത്രങ്ങളേയും വിഗ്രഹങ്ങളേയും ശില്പങ്ങളേയും അംഗീകരിക്കുമായിരുന്നോ?

ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയും യഥാർത്ഥ ചിത്രവും വിഗ്രഹവുംപോലും സൂക്ഷിച്ച് നിലനിർത്താത്തതിനാൽ ലഭ്യമല്ലാതിരിക്കേ അവതാര ചരിതത്തിൽ നിന്ദിതമായ കല്പിത കഥകൾ കൂട്ടിച്ചേർത്ത് വികലമാക്കുവാൻ പ്രയാസമെന്ത്?

ഗാന്ധിജിയുടെ യഥാർത്ഥ ചിത്രം ലഭ്യമായതിനാൽ മറ്റേതെങ്കിലും രൂപം വരച്ച് അത് ഗാന്ധിജിയാണെന്ന് കരുതി നിന്ദിക്കേണ്ടതില്ല.

ഈ നിയമം എപ്പോഴും എല്ലാവർക്കും എല്ലാ കാര്യങ്ങൾക്കും ബാധകമാവുന്നു.

യഥാർത്ഥത്തിൽ സംഭവിച്ചത് അറിയുക എന്ന മൗലികാവകാശത്തെ ബഹുമാനിക്കുന്നു. ആ സദുദ്ദേശ്യം മാത്രമേയുള്ളൂ.

Read More




# ചരിത്രപരമായ തെളിവുകൾ

2004 നവംബർ 2ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ കൽകിയുടെ അഗസ്ത്യ മഹാശിവനാഡി ഇല്യം വിവേകാനന്ദ പൂർവ്വാവതാര ശാന്തികാണ്ഡത്തിൽ നിന്നും. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

**ആദി തമിഴ് ശ്ലോകങ്ങൾ, മലയാള അർത്ഥം, പദാനുപദവിവർത്തനം, വിവരണം.**

അരുൾവടിവായ് നിൻടിട്ടുവീർ അയ്യൻപാദം (2):1:1.

അടിതൊഴുത് മകൻശാന്തി ദേവിയാനം (2):1:2.

*അരുൾവടിവായ്=ദിവ്യസ്വരൂപത്തിൽ, നിൻടിട്ടുവീർ=നിലകൊള്ളുന്ന, അയ്യൻ പാദം=അവിടുത്തെ തൃപ്പാദങ്ങളിൽ, അടിതൊഴുത്=നമസ്ക്കരിച്ച്, മകൻ ശാന്തി=മകന്റെ ശാന്തികാണ്ഡം , ശാന്തി=ശാന്തികാണ്ഡം അഥവാ പൂർവ്വജന്മകാണ്ഡം (13-ാം കാണ്ഡം), ദേവിയാനും= നാം പാർവ്വതിദേവി, യാൻ=ഞാൻ, നാം.*

**ദിവ്യസ്വരൂപത്തിൽ (2):1:1:1. നിലകൊള്ളുന്ന (2):1:1:2. അവിടുത്തെ തൃപ്പാദങ്ങളിൽ (2):1:1:3. നമസ്ക്കരിച്ച് (2):1:2:1. (ശ്ലോകത്തിലുള്ളത് അതേപ്രകാരം ചേർക്കുന്നുവെന്ന് മാത്രം) മകന്റെ ശാന്തികാണ്ഡം (പൂർവ്വജന്മകാണ്ഡം) (2):1:2:2. (അറിയിച്ചുതരുവാനായി) നാം പാർവ്വതിദേവി (അങ്ങയോട് അപേക്ഷിക്കുന്നു). (2):1:2:3.**

**– പാർവ്വതിദേവി**

പാർവ്വതിദേവിയുടെ ദിവ്യവാണികളോടെയാണ് കൽകിയുടെ വിശ്വവിഖ്യാത വിവേകാനന്ദ പൂർവ്വാവതാരത്തെക്കുറിച്ചുള്ള അദ്ധ്യായം ആരംഭിക്കുന്നത്.

**മകന്റെ പൂർവ്വജന്മ വൃത്താന്തങ്ങൾ അറിയിക്കണമെന്ന് പാർവതിദേവി ശിവദേവനോട് അപേക്ഷിച്ചു. നാം ദേവി എന്ന് സ്വയം അറിയിച്ചുകൊണ്ടാണ് പാർവതിദേവി ചോദിയ്ക്കുന്നത്.**

ഇരുൾവാരാ എനൈകേട്ട അൻമ്പുദേവി (2):1:3.

ഇവൻതണക്ക് ഗോപകുമാർ നാമംകണ്ട് (2):1:4.

കണ്ട്പിൻ അഖിലാനന്ദ സ്വാമിയാകി (2):2:1.

കൂരിടവേ ദശമാവതാരം കൽകിയിന്നാൾ (2):2:2.

*ഇരുൾവാരാ=പ്രകാശിതമായ, എനൈകേട്ട=നമ്മോട് ചോദിച്ച (എന്നോട് ചോദിച്ചു), അൻമ്പുദേവി=പ്രിയദേവി!, ഇവൻതണക്ക്=ഇദ്ദേഹത്തിന്റെ, ഗോപകുമാർനാമംകണ്ട്=(ആദ്യത്തെ) പേര് ഗോപകുമാർ, കണ്ട്പിൻ=അതിനുശേഷം, അഖിലാനന്ദ സ്വാമിയാകി=അഖിലാനന്ദ സ്വാമിയായി, കൂരിടവേ=അറിയിക്കുന്നതായ (ഓല വായിക്കുന്ന സന്ദർഭത്തിൽ), ദശമാവതാരം കൽകി=ദശമാവതാരം കൽകി, ഇന്നാൾ=ഈ കാലത്ത് (ഇപ്പോൾ).*

**പ്രകാശിതമായി (2):1:3:1. നമ്മോട് ചോദിച്ച (2):1:3:2. പ്രിയ ദേവി! (2):1:3:3. ഇദ്ദേഹത്തിന്റെ (2):1:4:1. (ആദ്യത്തെ) പേര് ഗോപകുമാർ. (2):1:4:2,3. അതിനുശേഷം (2):2:1:1. അഖിലാനന്ദസ്വാമിയായി. (2):2:1:2,3. അറിയിക്കുന്ന (2):2:2:1. ഇപ്പോൾ (2):2:2:3(2). ദശമാവതാരം കൽകി. (2):2:2,3(1).**

**– സർവ്വാധികാരി പരമഗുരു ശിവദേവൻ**




**Name : Kalki**

**Address: Kalkipuri, Edavanappara, Malappuram Dt. - 673645, Kerala.**

ശിവദേവൻ പാർവ്വതിദേവിയോട് കൽകിയുടെ പൂർവ്വാവതാര വൃത്താന്തങ്ങൾ അറിയിക്കുകയാണ് തുടർന്നുള്ള ശ്ലോകങ്ങളിൽ.

ആദ്യമായി കൽകിയുടെ ഔദ്യോഗിക നാമധേയവും സുപ്രധാന സ്ഥാനവും വ്യക്തമാക്കിയതോടൊപ്പം മുമ്പുണ്ടായിരുന്ന രണ്ട് നാമധേയങ്ങളും ശിവദേവൻ അറിയിച്ചു.

(ചെറുപ്പത്തിൽ മാതാപിതാക്കൾ നൽകിയ) പേര് ഗോപകുമാർ. അതിനുശേഷ(മുള്ള സന്യാസ നാമധേയമാണ്) അഖിലാനന്ദ സ്വാമി. പിന്നീടാണ് കൽകി എന്ന ഔദ്യോഗിക നാമധേയവും ദശമാവതാരം എന്ന സമുന്നത സ്ഥാനവും അറിയിക്കുന്നത്. താളിയോല വായിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ദശമാവതാരം കൽകി.

കൽകി എന്ന പേര് ഗസറ്റ് വിജ്ഞാപനത്തിലൂടെ നിയമ പ്രാബല്ല്യം വരുത്തിയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കേരള ഗസറ്റ് 1999 ജൂലൈ 6, വോള്യം 44, നമ്പർ 27, പാർട്ട് 4ൽ ഗോപകുമാർ എന്ന ആദ്യത്തെ പേരും ഒപ്പം മാറ്റി അഖിലാനന്ദസ്വാമി എന്ന പേരും

**ശ്രീരാമൻ, ശ്രീകൃഷ്ണൻ, അർജ്ജുനൻ, ദ്രൗപദി തുടങ്ങിയവരുടെ യഥാർത്ഥ ചിത്രം ഇപ്പോൾ ലഭ്യമല്ല. പാഞ്ചാല രാജനായ ദ്രുപദന്റെ പുത്രിയായതിനാൽ ദ്രൗപദിയെ പാഞ്ചാലിയെന്നും വിളിയ്ക്കാറുണ്ട്.**

**– കൽകി**

പുതിയ ഒപ്പും സ്വീകരിച്ചു. വീണ്ടും കേരള ഗസറ്റ് 2000 ജനുവരി 11, വോള്യം 45, നമ്പർ 2, പാർട്ട് 4ൽ അഖിലാനന്ദ സ്വാമി എന്ന പേരും ഒപ്പും മാറ്റി Kalki എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. ഇനീഷ്യലില്ല, Kalki എന്ന പേര് മാത്രമേയുള്ളൂ. ഇപ്പോഴത്തെ നാമധേയം: Kalki.

സാധാരണ നാഡിതാളിയോലകളിൽ ഒരു പേര് മാത്രമാണുണ്ടാവുക. വിളിപ്പേരുകളെ ഔദ്യോഗിക നാമധേയങ്ങളായ് പരിഗണിയ്ക്കുകയില്ല. അതിനു രേഖാമൂലമുള്ള പ്രാബല്ല്യമുണ്ടാകില്ല. എന്നാൽ കൽകിയുടെ പൂർവ്വനാമധേയങ്ങളിൽ ഗോപകുമാർ എന്നത് എസ്എസ്എൽസി പുസ്തകത്തിലും അഖിലാനന്ദ സ്വാമി എന്നതും കൽകി എന്നതും ട്രസ്റ്റ് രേഖകളിലുമുള്ളതാണ്. ഈ മൂന്ന് പേരുകളും കേരള ഗസറ്റ് വിജ്ഞാപനത്തിൽ രേഖാമൂലമുണ്ട്. കേരള ഗസറ്റ് വിജ്ഞാപനത്തിലൂടെ ഇപ്പോഴത്തെ ഔദ്യോഗിക നാമധേയം കൽകി ആകുന്നു എന്നതും രേഖാമൂലം കൃത്യത വരുത്തിയിട്ടുണ്ട്. കൽകിയുടെ നാഡിതാളിയോലകളുടെ കൃത്യതയ്ക്ക് ഇതാവശ്യമാണ്.

**2004 നവംബർ 16ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ കൽകിയുടെ മഹാശിവനാഡി സൂക്ഷ്മാൽ സൂക്ഷ്മ കാണ്ഡത്തിൽനിന്നും. ശിവദേവ – പാർവതിദേവി ദിവ്യസംഭാഷണം.**

**അവതാരം വെളിപ്പെടുമേ എനതരുളാലെ (1):25:2.**

*അവതാരം വെളിപ്പെടുമേ എനതരുളാലെ = നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും. എനതരുളാലെ = നമ്മുടെ (എന്റെ), അരുളാലെ = (ദിവ്യ) വാണികളാൽ, (അനുഗ്രഹത്താൽ).*

**നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും** (1):25:2.

**- സർവ്വാധികാരി പരമഗുരു ശിവദേവൻ**

**ഇരുൾനീക്കെ വന്തവനേ** (1):27:3:1,2.

*ഇരുൾനീക്കെ = അജ്ഞതയകറ്റുവാൻ, വന്തവനേ = വന്നവനേ.*

## കൽകി അജ്ഞതയകറ്റുവാൻ വന്നവൻ (1):27:3:1,2.

## - സർവ്വാധികാരി പരമഗുരു ശിവദേവൻ

യഥാർത്ഥ ജ്ഞാനമാണ് അജ്ഞതയിൽപ്പെട്ടുഴലാതെ സംരക്ഷിയ്ക്കുന്നത്. ഇരുട്ടിനെ അകറ്റേണ്ടതില്ല; പ്രകാശമുണ്ടെങ്കിൽ. കൽകി അജ്ഞതയകറ്റുവാൻ വേണ്ടി അവതരിച്ചതാണ്. ശിവദേവൻ കൽകിയോട് നേരിട്ട് അറിയിയ്ക്കുകയാണ്. അവതാര ദൗത്യത്തിലെ സുപ്രധാനമായ ഭാഗമാണിത്.

ഇവിടെ, ഇരുട്ട് എന്നത് അജ്ഞതയെ സൂചിപ്പിയ്ക്കുന്നു. യഥാർത്ഥ ജ്ഞാനംകൊണ്ട് മാത്രമേ അജ്ഞതയിൽ നിന്നും മോചനം ലഭിയ്ക്കൂ. ദേവവർഗ്ഗത്തെ സംബന്ധിച്ച യഥാർത്ഥ ജ്ഞാനമാണ് കൽകിയിൽ നിന്നും ഈ ലോകത്തിന് ലഭിയ്ക്കുന്നത്. ദേവകാര്യാർത്ഥം ഔദ്യോഗിക നിർവ്വഹണം പൂർത്തിയാക്കുകയാണ് കൽകി അവതാരം.

**ആദി തമിഴ് ശ്ലോകങ്ങൾ, മലയാള അർത്ഥം, പദാനുപദവിവർത്തനം, വിവരണം.**

**ഗണ്യമായ് അതൻമുന്നൈ മനിതനായ്** (1):10:3.
**കടമൈയത് മാറാമൽ ഇരുക്കവേണ്ടി** (1):10:4.
**വേണ്ടിതാൻ ശ്രീരാമൻ അവതാരംകൊണ്ട്** (1):11:1.
**വെഹ്ഹംസിറപ്പായ് അരക്കർകളൈ മായ്ത്തവൻനീ** (1):11:2.
**കാണപിൻ തായ്തന്നൈ തുണൈകൾക്കും** (1):11:3.
**ഗണ്യമായ് ഒട്ടുമയായ് കടമൈമാറാ** (1):11:4.
**മാറാമൽ അവർകളുടൻ അൻമ്പായ് നിൻട്രായ്** (1):12:1.
**മക്കളെല്ലാം പുരുന്തിട്ടാർ അമൈതിയോട്** (1):12:2.

*ഗണ്യമായ്=ആത്മാർത്ഥതയോടെ നീതിപൂർവ്വവും ക്രമപ്രകാരവും, അതൻമുന്നൈ=അതിനുമുൻമ്പ്, മനിതനായ്=മനുഷ്യനായി, കടമൈയത് മാറാമൽ ഇരുക്കവേണ്ടി=കടമകൾ സ്ഥിരമായി എങ്ങനെ ചെയ്യണമെന്ന്, വേണ്ടിതാൻ=അറിയിക്കുന്നതിനുവേണ്ടി, ശ്രീരാമൻ=ശ്രീരാമനായി, അവതാരംകൊണ്ട് =അവതരിച്ച, വെഹ്ഹംസിറപ്പായ്=പ്രത്യേകമായി, അരക്കർകളൈ=ദുഷ്ടശക്തി*

*കളെ, മാസ്റ്റവൻനീ=നിഗ്രഹിച്ചവൻ നീ, കാണപ്പിൻ=അതോടൊപ്പം, തായ് തണൈ=മാതാപിതാക്കൾക്കും, തുണൈകൾക്കും=സഹോദരീ സഹോദരന്മാർക്കും, ഗണ്യമായ്=ആത്മാർത്ഥമായി നീതിപൂർവ്വവും ക്രമപ്രകാരവും, ഒട്ടമയായ്=ഐക്യതയോടെ, കടമൈമാറാ=ആത്മാർത്ഥമായി കടമകൾ ചെയ്യുക, മാറാമൽ=വ്യത്യാസങ്ങളില്ലാതെ, അവർകളുടൻ=അവരോടൊപ്പംതന്നെ, അൻമ്പായ് നിൻട്രായ് =ഐക്യതയോടും സ്വീകാര്യതയോടേയും, മക്കളെല്ലാം = പ്രജകളെല്ലാം, പുരന്തിട്ടാർ=അറിയിച്ചു, അമൈതിയോട്=ശാന്തിയോടും സമാധാനത്തോടും കഴിയുന്നതിന് വേണ്ടതെല്ലാം.*

**അതിന് മുമ്പ്** (1):10:3:2. **മനുഷ്യനായി** (1):10:3:3. **കടമകൾ സ്ഥിരമായി എങ്ങനെ ചെയ്യണമെന്ന് അറിയിക്കുന്നതിനുവേണ്ടി** (1):10:4.-(1):11:1:1. **ശ്രീരാമനായും അവതരിച്ച്** (1):11:1:2,3. **പ്രത്യേകമായി** (1):11:2:1. **ദുഷ്ടശക്തികളെ** (1):11:2:2. **നിഗ്രഹിച്ചവൻ നീ! (കൽകി).** (1):11:2:3. **അതോടൊപ്പം (ശ്രീരാമാവതാരത്തിൽ)** (1):11:3:1. **മാതാപിതാക്കൾക്കും** (1):11:3:2. **സഹോദരീ സഹോദരന്മാർക്കും** (1):11:3:3. **ആത്മാർത്ഥവും നീതിപൂർവ്വകവും ക്രമപ്രകാരവും** (1):11:4:1. **ഒരുമയോടെ** (1):11:4:2. **ഉത്തരവാദിത്തങ്ങൾ ചെയ്യേണ്ടതും** (1):11:4:3. **അവരോടൊപ്പംതന്നെ** (1):12:1:2. **പ്രജകളെല്ലാം** (1):12:2:1. **ഒരുമയോടെ യോജിപ്പിൽ** (1):12:1:3. **ശാന്തിയിലും സമാധാനത്തിലും ജീവിക്കുന്നതിനും ആവശ്യമായതെല്ലാം** (1):12:2:3. **അറിയിച്ചു.** (1):12:2:2.

**– സർവ്വാധികാരി പരമഗുരു ശിവദേവൻ**

അഷ്ടമാവതാര ശ്രീകൃഷ്ണ ഭഗവാന് മുമ്പ്, സപ്തമാവതാരമായ ഭഗവാൻ ശ്രീരാമനായി അവതരിച്ചിരുന്നതും വിഷ്ണുദേവൻ ആകുന്ന കൽകിയാണെന്ന് സർവ്വജ്ഞനായ സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതിദേവിയോട് അറിയിച്ചു.

നീതിപൂർവ്വം മനുഷ്യർ കടമകളും ഉത്തരവാദിത്തങ്ങളും അതാത് സ്ഥാനപ്രകാരം നിർവ്വഹിക്കേണ്ടത് എങ്ങനെയായിരിക്കണമെന്ന് അറിയിച്ച് നടപ്പാക്കി, ദുഷ്ടശക്തികളെ നിഗ്രഹിച്ചത് സപ്തമാവതാരമായ ഭഗവാൻ ശ്രീരാമനായി അവതരിച്ച വിഷ്ണുദേവൻ ആകുന്ന കൽകിയാണെന്ന് സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതി ദേവിയോട് അറിയിച്ചു. വിഷ്ണുദേവന്റെ ദശാവതാരങ്ങളിൽ

ഏഴാമത്തെ അവതാരമാണ് ഭഗവാൻ ശ്രീരാമൻ. കൽകി തന്നെയാണ് ശ്രീരാമനായും അവതരിച്ചിരുന്നതെന്ന് അറിയിക്കുന്നതിലൂടെ കൽകി വിഷ്ണുദേവന്റെ പൂർണ്ണാവതാര സ്വരൂപമാണെന്ന് സർവ്വാധികാരി പരമഗുരു ശിവദേവൻ അർത്ഥശങ്കക്കിടയില്ലാത്തവിധം വെളിപ്പെടുത്തുകയാണ്.

ശ്രീരാമനായി അവതരിച്ച് പ്രത്യേകമായി ദുഷ്ടശക്തികളെ നിഗ്രഹിച്ചവൻ നീ എന്നതിലൂടെ കൽകിയോട് നേരിട്ട് സംവദിയ്ക്കുകയാണ് ശിവദേവൻ. ശിവദേവന്റെ സർവ്വജ്ഞതത്വത്തിന്റെ, എല്ലാമറിയുന്ന സമുന്നത സ്ഥാനാധികാരത്തിന്റെ ഉത്തമോദാഹരണമാണിത്.

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് അറിയിച്ച് ഋഷിപ്രോക്തമായി എഴുതിവെച്ചത് ഇക്കാലത്ത് അതേപ്രകാരം സംഭവിച്ചിരിക്കുന്നു. അക്കാലത്ത് ശിവദേവൻ കൽകിയോട് നേരിട്ട് അറിയിയ്ക്കുന്ന രീതിയിൽ അദ്ദേഹം ചെയ്തത് ഇക്കാലത്ത് തൽസമയ സംപ്രേഷണം പോലെ യഥാവിധി താളിയോലയിൽ എഴുതിവെച്ചപ്രകാരം അതേ വയസ്സിൽ വന്ന് വായിക്കുന്ന ചരിത്ര മുഹൂർത്തത്തിന് സാക്ഷിയാകുന്ന അസുലഭ അവസരമാണിത്. ദേവവർഗ്ഗം സങ്കൽപ്പമല്ല, യഥാർത്ഥത്തിൽ നിലവിലുള്ളതാണെന്ന് തെളിയിക്കപ്പെടുന്ന അസുലഭ നിമിഷം കൂടിയാണിത്.

എപ്രകാരമാകുന്നു ശ്രീരാമൻ അതാത് സ്ഥാന പ്രകാരം മമതാ ബന്ധിതനാകാതെ, ബന്ധുജനങ്ങളിൽ വിധേയപ്പെടാതെ, സ്വകർമ്മ പൂർത്തീകരണമെന്ന ഭാരത സംസ്കൃതിയുടെ അമൂല്യ സന്ദേശത്തെ സ്വജീവിതത്തിൽ പ്രായോഗിക രാജനൈതിക നിയമങ്ങളെ അടിസ്ഥാനമാക്കി നിഷ്പക്ഷമായി സ്വജനപക്ഷപാതിത്വമില്ലാതെ പൂർണ്ണമായും രാഷ്ട്ര പുനർനിർമ്മാണത്തിനുവേണ്ടി, ധർമ്മത്തിന്റെ പുന:സ്ഥാപനത്തിനു വേണ്ടി പ്രാവർത്തികമാക്കിയതെന്ന് കൽകി 2000ൽ യുഗധർമ്മ മാസികയിൽ എഴുതിയ യഥാർത്ഥ ശ്രീരാമ ചരിതം പ്രഥമഘട്ട സുപ്രധാനരംഗം 2008ൽ കൽകിപുരി പബ്ലിക്കേഷൻ പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തതിന്റെ ഏറ്റവും പുതിയ ഡിജിറ്റൽ എഡിഷൻ ആയ ഈ പുസ്തകത്തിൽ ക്ഷേമരാഷ്ട്ര ഭരണ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ലിങ്ക് : https://www.kalkipurana.com/ml/sreeraman/. •

YouTube Video: https://www.youtube.com/watch?v=2-17T_fG4qk

# യഥാർത്ഥ ശ്രീരാമ ചരിതം
## പ്രഥമഘട്ട സുപ്രധാന രംഗം



Kalki

ആദ്യമായി 2000ൽ കൽകി ഭഗവാൻ യുഗധർമ്മ മാസികയിലും [R.N.E6 - 37523/98. (ഇപ്പോൾ പ്രസിദ്ധീകരിക്കുന്നില്ല.)], 2008ൽ പുസ്തകമായും പ്രസിദ്ധീകരിച്ചു.

## സന്ദർഭം

അയോദ്ധ്യയുടെ രാജാവായ ദശരഥൻ സ്വപുത്രനായ ശ്രീരാമനെ യുവരാജാവായി അഭിഷേകം ചെയ്യുവാൻ തീരുമാനിച്ചു. യുവരാജാഭിഷേക ദിനവും വിളംബരം ചെയ്തു. പ്രജകൾ ആഘോഷത്തിൽ മുഴുകി. അഭിഷേകത്തിനുള്ള ഒരുക്കങ്ങൾ നടത്തുന്നതിനിടെ....

## യഥാർത്ഥ ശ്രീരാമ പൂർവ്വാവതാര ചരിതം കൽകി വെളിപ്പെടുത്തുന്നു

“യുവരാജാ രാമാ! മഹാരാജാവിനെ ശീഘ്രം മുഖം കാണിക്കുവാൻ ആവശ്യപ്പെടുന്നു!” സുമന്ത്രൻ രാജകൽപ്പന രാമനെ അറിയിച്ചു.

“നാമിതാ തയ്യാറായിക്കഴിഞ്ഞു!” ആഥിത്യമര്യാദയെ പാലിച്ചുകൊണ്ട് ശ്രീരാമൻ മറുപടി നൽകി.

# നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ - കൽകി

യാത്രക്കൊരുങ്ങവേ -

“വേഗം വരണം. ഒരുക്കങ്ങളെല്ലാം പൂർത്തിയാകുന്നു. രാജാഭിഷേകത്തിന് ദിവസങ്ങളല്ലേയുള്ളൂ?” വസ്ത്രധാരണത്തിനിടെ സീതയുടെ പരിഭവം.

“ശരി!” രാമൻ മറുപടി പറഞ്ഞു.

“യാത്രയാവാം!” അന്തഃപുരത്തിൽനിന്ന് പുറത്തുവന്ന് സുമന്ത്രനോടായി ശ്രീരാമൻ ചൊല്ലി.

“പ്രത്യേകിച്ച് വിശേഷം?” ശ്രീരാമൻ അന്വേഷിച്ചു.

“മഹാരാജാവ് പതിവില്ലാത്തവിധം കഠിനമായ മനോവ്യഥ അനുഭവിക്കുന്നതായി തോന്നുന്നു. കരഞ്ഞുകലങ്ങിയ കണ്ണുകളും, ദുഃഖത്താൽ കുതിർന്ന ഭാവവും, പാറിപ്പറക്കുന്ന മുടിയും, തെന്നിമാറിയ വസ്ത്രങ്ങളും – എല്ലാംകൂടി രാജാവും കൊട്ടാര അന്തരീക്ഷവും എന്തോ കാര്യമായ വിഷമത്തിൽ അകപ്പെട്ടപോലെ സൂചിപ്പിക്കുന്നു. പക്ഷെ, എന്തെന്ന് അറിയില്ല! എന്നാൽ രാജമഹിഷി കൈകേയി നീരസത്തിലാണെന്ന് മാത്രം കേൾക്കുന്നുമുണ്ട്. കൂടുതലൊന്നും അറിഞ്ഞിട്ടില്ല.” സംശയകരമായ ചില സാഹചര്യങ്ങളെക്കുറിച്ച് തനിക്കറിയാവുന്നത് മാത്രം സുമന്ത്രൻ അറിയിച്ചു.

“ഉം!” ശ്രീരാമൻ കൂടുതലൊന്നും പറഞ്ഞില്ല.

കൊട്ടാരത്തിലെത്തവേ, ദശരഥനെ മുഖം കാണിക്കുവാനായി ശ്രീരാമൻ അന്തഃപുരത്തിലേക്ക് പ്രവേശിച്ചു.

“ഉണ്ണീ... രാമാ...”

ദർശനമാത്രയിൽ തന്നെ പതിവിന് വിപരീതമായി ദശരഥ മഹാരാജാവ് ദുഃഖാർത്തനായി കരഞ്ഞുകൊണ്ട് ശ്രീരാമനെ ആലിംഗനംചെയ്തു.

സുമന്ത്രൻ വിവരിച്ചതുപോലെ ദശരഥരാജൻ ആകെ മാറിയിരിക്കുന്നു. പക്ഷേ,

രാമനിൽ തെല്ലുപോലും ഭാവഭേദമില്ല.

വിലപിക്കുന്ന ചുണ്ടുകളാലും, വിറയ്ക്കുന്ന കൈകളാലും, പിഴക്കുന്ന ചുവട്‌വെപ്പുകളാലും വൃദ്ധനായ ദശരഥൻ രാമനോടീവിധം ചൊല്ലി.

“രാമാ! നാം ഒരു വിഷമവൃത്തത്തിൽപ്പെട്ടിരിക്കുന്നു. ഉപായമെന്തെന്ന് നീ തന്നെ ചൊല്ലിയാലും. ധർമമായിരിക്കണം ചെയ്തികളോരോന്നിന്റേയും അടിസ്ഥാനമെന്നിരിക്കേ, നിയുക്ത യുവരാജാവും ധർമപുരുഷനുമായ രാമൻ തന്നെ വിധിക്കുക. വസിഷ്ഠനൊഴികെ രാജനീതിപ്രകാരം നാമിത് മറ്റാരേയും അറിയിച്ചിട്ടില്ല.”

“അവിടുന്ന് വിഷയമെന്തെന്ന് അറിയിച്ചാലും!” സൗമ്യവും ശാന്തവും എന്നാൽ ഗാംഭീര്യം കലർന്നതുമായ ഭാവത്തിൽ ശ്രീരാമൻ സ്വപിതാവ് എന്നതിലുപരി മഹാരാജാ ദശരഥനോട് അന്വേഷിച്ചു.

“രാമാ! വിഷയത്തെ വെളിപ്പെടുത്തുന്നതിനു മുമ്പേ നാമൊന്ന് ചോദിക്കട്ടെ! നാം രാമന്റെ പിതാവും അയോദ്ധ്യയുടെ രാജാവുമാകുന്നു. നിയുക്ത യുവരാജാവും നമ്മുടെ പുത്രനുമായ രാമൻ ആരുടെ വാക്കിനെയാണ് അനുസരിക്കുക, പിതാവിന്റേയൊ രാജാവിന്റേയൊ?” തെല്ലൊരു ഗൗരവമുണ്ടെങ്കിലും ദശരഥനിൽ ആശങ്ക അലയടിക്കുന്നുണ്ട്.

“നിയുക്ത യുവരാജാവായ നാം പ്രജാക്ഷേമത്തിന് ഉപകരിക്കുന്നത് രാജനീതി പ്രകാരം ധാർമ്മികവും പ്രായോഗികവും പൊതുനന്മയോടെ യുക്തിയുക്തം രാഷ്ട്രത്തിന് പ്രയോജനപ്പെടുന്നതുമെങ്കിൽ മാത്രം രാജാവിന്റെ വാക്കുകൾ അനുസരിക്കും. ധാർമ്മികമായി കുടുംബത്തിലെ ബന്ധവും സ്ഥാനവുംപ്രകാരം കുടുംബത്തിന്റെ ക്ഷേമത്തിന് പ്രായോഗികമായി നീതിപൂർവ്വം ഉതകുന്നതാണെങ്കിൽമാത്രം പിതാവിന്റേയും വാക്കുകൾ അനുസരിക്കും. വാക്കിന് രാജാവ്, പിതാവ് എന്നീ മമതാ ബന്ധനങ്ങളോ വകഭേദങ്ങളോ പാടില്ല. അതാത് സ്ഥാനാധികാരപ്രകാരം ധാർമ്മികമെങ്കിൽ മാത്രം രാജാവും പിതാവും പറയുന്നത് അനുസരിക്കും. വ്യക്തിക്കും ബന്ധത്തിനുമല്ല പ്രാധാന്യം. വ്യക്തി നിലകൊള്ളുന്ന സ്ഥാനത്തിനും ധർമത്തിനും നീതിക്കുമാകുന്നു ഏറ്റവും പ്രാധാന്യം. അതാത് സ്ഥാനാധികാര പ്രകാരം അനുയോജ്യമാണോയെന്ന പരിശോധന യാതൊരുവിധ താൽപ്പര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും സ്വാധീനിയ്ക്കാത്ത രീതിയിൽ സ്വതന്ത്രവും നീതിപൂ

ർവ്വവുമായിരിയ്ക്കണം. ഒരേ വ്യക്തി തന്നെ രാജാവ് എന്നും പിതാവ് എന്നുമുള്ള സ്ഥാനങ്ങളിൽ ഒരേ സമയം നിലകൊള്ളുമ്പോൾ പ്രസ്തുത സമയത്തെ സുപ്രധാന സ്ഥാനാധികാരം ഏതിനാകുന്നു എന്ന പരിശോധന നിർബന്ധമാകുന്നു. വ്യക്തി കുടുംബത്തേയും രാഷ്ട്രത്തേയും സ്ഥാനാധികാരപ്രകാരം ഒരേ സമയത്ത് പ്രതിനിധീകരിക്കുന്നുവെങ്കിലും ഭരണാധികാരി എന്ന രാഷ്ട്രവുമായി ബന്ധപ്പെട്ട സ്ഥാനാധികാരത്തിനാകുന്നു സുപ്രധാനത. ഭരണാധികാരി എന്ന സ്ഥാനത്തോളം പ്രാധാന്യം മറ്റൊന്നിനുമില്ല.'' ശ്രീരാമൻ ശാന്തമായി അറിയിച്ചു.

''ഹായ്! നമുക്ക് സന്തോഷമായി!! രാമൻ തന്നെ ഉത്തമൻ! രാജാവാകാൻ രാമൻ തന്നെ ഉത്തമൻ!! അയോദ്ധ്യാവാസികളുടെ സൗഭാഗ്യം!!!'' ആത്മഗതമെന്നോണം ആഹ്ളാദത്താൽ ദശരഥൻ ഉരുവിട്ടുകൊണ്ടിരുന്നു.

സ്വല്പംമുമ്പ് വിഷാദത്തിന്റെ കയ്പ്പുനീര് കുടിച്ച രാജാ ദശരഥൻ ഇപ്പോൾ പ്രസന്നനായി.

''രാജമഹിഷിമാരിൽ ഒരാൾക്ക് വളരെ മുമ്പ് രാജാവ് വാക്കാൽ വരദാനം നൽകിയിരുന്നു. പിന്നീടൊരിക്കൽ ആ രാജമഹിഷി രാജാവിനോട് വരദാനം നിറവേറ്റുവാൻ ആവശ്യപ്പെട്ടു. ഭരണത്തെ പ്രതിസന്ധിയിലാഴ്ത്തുന്നതും രാജനീതിക്കും പ്രജാക്ഷേമത്തിനും വിരുദ്ധവുമായ കാര്യമാണ് രാജമഹിഷി ആവശ്യപ്പെട്ടതെങ്കിൽ അത് നിറവേറ്റുവാൻ ധാർമ്മികമായി രാജാവ് ബാധ്യസ്ഥനാണോ?'' ചിതറിക്കിടന്നിരുന്ന വസ്ത്രം ശരിയാക്കുന്നതിനിടയിൽ ദശരഥൻ വീണ്ടും ചോദിച്ചു. ദശരഥൻ ഉപയോഗിക്കുന്നത് വ്യംഗമായ ശൈലിയാണ്.

''രാജനീതിക്കും ധാർമ്മികതക്കും പ്രജാക്ഷേമത്തിനും നിരക്കാത്തതൊന്നും രാജാവ് നിർവ്വഹിക്കുവാൻ പാടില്ല. രാജ്യത്തിന്റെ സുരക്ഷക്കും പ്രജാക്ഷേമത്തിനും എതിരായ യാതൊരു കാര്യവും നിർവ്വഹിക്കുവാൻ രാജാവിനും രാജമഹിഷിക്കും അധികാരമില്ല. കുടുംബസ്വത്തല്ല രാജ്യം. രാജ്യമുണ്ടെങ്കിൽ മാത്രമേ കുടുംബവും നിലനിൽക്കുകയുള്ളൂ. സ്വാർത്ഥതക്കായി രാജാധികാരത്തെ ദുരുപയോഗപ്പെടുത്തുന്നത് അധാർമ്മികവും രാജനീതിയ്ക്ക് വിരുദ്ധവും കുറ്റകൃത്യവുമാകുന്നു.'' ശ്രീരാമൻ തുടർന്നു.

''രാജാവ്, രാജമഹിഷി എന്നിവ സ്ഥാനങ്ങളാകുന്നു. ഏതൊരു സ്ഥാനത്ത് ആരാണോ അവർക്ക് ആ സ്ഥാനത്തിന്റെ അധികാരങ്ങൾ ഉണ്ടായിരിക്കും.

വ്യക്തിക്ക് അധികാരങ്ങളില്ല. സ്ഥാനത്തിനാകുന്ന അധികാരം. വ്യക്തിക്ക് മാനുഷിക അവകാശങ്ങൾ മാത്രമേയുള്ളൂ. ഏതൊരു സ്ഥാനത്താകുന്ന എന്ന തിനെ അടിസ്ഥാനപ്പെടുത്തി മാത്രമേ ഏതൊരാൾക്കും അധികാരങ്ങൾ ഉണ്ടാ യിരിക്കുകയുള്ളൂ. സ്ഥാനാധികാരങ്ങളെ യാതൊരു കാരണവശാലും സ്വാ ർത്ഥതയ്ക്കായി ആ സ്ഥാനത്തുള്ള വ്യക്തി ദുരുപയോഗപ്പെടുത്തരുത്. വ്യക്തി സ്ഥാനാധികാരത്തെ സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കും കാര്യലാഭത്തിനും ദുരുപ യോഗപ്പെടുത്തരുത്. തനിക്കർഹതപ്പെടാത്തതും അധികാരപ്പെടാത്തതുമായ യാതൊരു കാര്യങ്ങൾക്കും സ്ഥാനത്തുള്ള വ്യക്തി ശ്രമിക്കരുത്.'' ശ്രീരാമ വാണികൾ സ്ഥാനാധികാരത്തെക്കുറിച്ചുള്ള വ്യക്തതയ്ക്ക് സഹായകരമായി.

"വ്യക്തിക്ക് അവകാശങ്ങൾ മാത്രമേയുള്ളൂ, സ്വയം അധികാരങ്ങളില്ല. ഒരു വ്യക്തി ഏതൊരു സ്ഥാനത്താണോ, ആ സമയത്ത് പ്രസ്തുത സ്ഥാനാധികാരം വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുമെന്ന് മാത്രം. സ്ഥാനത്തിനുവേണ്ടി മാത്രം വ്യക്തിക്ക് അധികാരമുണ്ടായിരിക്കും. വ്യക്തിക്കുവേണ്ടി അധികാരങ്ങളില്ല. വ്യ ക്തിക്ക് മാനുഷിക അവകാശങ്ങൾ മാത്രമേയുള്ളൂ. ഇതാകുന്നു ധാർമ്മികമായ രാജനീതി. തുല്യത്തിൽ നിലകൊള്ളുന്നത് അഥവാ സന്തുലിതത്തെ ആകുന്നു ധർമം എന്ന പദത്താൽ ഉദ്ദേശിക്കുന്നത്. അതാത് സമയങ്ങളിൽ വ്യക്തി നി ലകൊള്ളുന്ന അതാത് സ്ഥാനപ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ, കടമകൾ, കർത്തവ്യങ്ങൾ, ദൗത്യങ്ങൾ എന്നിവ കൃത്യതയോടെ ദുരുദ്ദേശമില്ലാതെ സമ യബന്ധിതമായും പ്രയോജനകരമായും പൂർത്തിയാക്കുന്നതിനെയാണ് രാജനീ തിപ്രകാരമുള്ള ധാർമ്മികമായ നിർവ്വഹണം എന്നതിനാൽ ഉദ്ദേശിക്കുന്നത്. യഥാക്രമം വ്യക്തിയ്ക്ക് സ്വയം ചുമതലയും, കുടുംബത്തോട് ഉത്തരവാദിത്തവും, സമൂഹത്തോട് കടമയും, രാഷ്ട്രത്തോട് കർത്തവ്യവും, ലോകത്തോട് ദൗത്യവു മാകുന്നു. ഇതിൽ സുപ്രധാനം രാഷ്ട്രത്തോടുള്ള കർത്തവ്യം പൂർത്തിയാക്കുന്നതി നാകുന്നു. സ്വാഭാവികമായും അത് ലോകത്തോടുള്ള ദൗത്യപൂർത്തീകരണമായി ത്തീരുന്നു.'' ശ്രീരാമൻ തുടർന്നു.

"രാജാവ്, രാജമഹിഷി, പ്രധാനമന്ത്രി, സൈന്യാധിപൻ, മാതാവ്, പിതാവ്, വൈദ്യൻ മുതലായവയെല്ലാം സ്ഥാനങ്ങളാകുന്നു. ഓരോ സ്ഥാനത്തിനും അതിന്റെ ഘടനയും അധികാരങ്ങളുമുണ്ടായിരിക്കും. ഓരോ സ്ഥാനത്തുമുള്ള വ്യ ക്തിക്ക് - പുരുഷനായാലും സ്ത്രീയായാലും - ആ സ്ഥാനത്തിന്റെ അധികാരങ്ങളു ണ്ടായിരിക്കും. വ്യക്തി ആ സ്ഥാനത്തിന് അനുയോജ്യമായും അതിന്റെ അധി

കാരപരിധിയിൽ ഒതുങ്ങിയും മാത്രമേ പ്രവർത്തിക്കുവാൻ പാടുള്ളൂ. അല്ലെങ്കിൽ അധികാര ദുർവിനിയോഗവും അഴിമതിയും അധർമവും വിളയാടും.” ശ്രീരാമൻ വിശദീകരിച്ചു.

“രാജാവ് എന്ന സ്ഥാനത്തുള്ള പുരുഷന്റെ പത്നി എന്ന സ്ഥാനത്തുള്ള സ്ത്രീയ്ക്കാകുന്നു രാജമഹിഷി എന്ന സ്ഥാനാധികാരം. പതി, പത്നി എന്നീ സ്ഥാനങ്ങൾ കുടുംബത്തിൽ ഉൾപ്പെടുന്നു. രാജാവ്, രാജമഹിഷി എന്നീ സ്ഥാനങ്ങൾ രാഷ്ട്രത്തിലും.” ശ്രീരാമൻ തുടർന്നു.

“എല്ലായ്പ്പോഴും രാഷ്ട്രത്തിനാകുന്നു ഏറ്റവും പ്രാധാന്യം. കൃത്യമായ ഭരണനിർവ്വഹണ സംവിധാനങ്ങളോടെ രാഷ്ട്രം നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമേ തനത് സംസ്കാരവും കുടുംബ ബന്ധങ്ങളും മാഹാത്മ്യത്തോടെ സംരക്ഷിക്കപ്പെടുകയുള്ളൂ. അതുകൊണ്ടാണ് കുടുംബത്തേക്കാൾ രാഷ്ട്രത്തിന് പ്രാധാന്യം കൊടുക്കുന്നത്. ഏതൊരു രാജ്യവും സംസ്കാരത്തിൽ നിലകൊള്ളണം. സ്വന്തം സംസ്കാരത്തിൽ അഭിമാനത്തോടെ പടുത്തുയർത്താത്ത ഏതൊരു രാജ്യത്തിലെ പ്രജകൾക്കും വൈദേശികാടിമത്തം സഹിക്കേണ്ടിവരും. നാല് വിധത്തിൽ വൈദേശിക അടിമത്തം സംഭവിയ്ക്കാം. ഒന്ന്, വിദേശഭരണത്താലുള്ള അടിമത്തം. രണ്ട്, വിദേശ സംസ്കാരമെന്ന പേരിലുള്ള അധാർമ്മികതയാലുള്ള അടിമത്തം. മൂന്ന്, രാജ്യത്തെ വിഭവങ്ങളും സ്ഥലങ്ങളും സ്ഥാപനങ്ങളും വ്യാപാരത്തിനെന്ന പേരിൽ കരാറുകൾ വഴി ഉടമസ്ഥതയിലാക്കി കൈവശപ്പെടുത്തി രാജ്യത്തെ വിപണി കീഴടക്കി വിദേശ നിർമ്മിത അഥവാ വിദേശികളുടെ ഉടമസ്ഥതയിലുള്ള വസ്തുക്കളെ ആശ്രയിപ്പിച്ചുകൊണ്ടും കേവല തൊഴിലാളികളായി രാജ്യത്തെ പ്രജകളെ ഉപയോഗപ്പെടുത്തി രാജ്യത്തെ സമ്പത്തും വരുമാനങ്ങളും ആർജ്ജിച്ച് ഭരണനിർവഹണ സംവിധാനത്തെ ചൊൽപ്പടിയിലാക്കുന്ന വിദൂര നിയന്ത്രിത അടിമത്തം. നാല്, വൻതോതിൽ സാമ്പത്തിക സഹായങ്ങൾ നൽകി രാജ്യത്തെ ഭരണനിർവ്വഹണസംവിധാനങ്ങളെ സമ്മർദ്ധത്തിലാക്കി വിദേശരാജ്യങ്ങൾക്ക് അനുകൂലമായ തീരുമാനങ്ങൾ വിദൂരനിയന്ത്രണരീതിയിൽ നടപ്പാക്കുന്ന അടിമത്തം.” ശ്രീരാമൻ വിശദീകരിച്ചു.

“പ്രാഥമികമായി, എന്താണ് സംസ്കാരമെന്നത് അറിഞ്ഞിരിയ്ക്കണം. സമാധാനത്തിനും, പ്രായോഗികതയ്ക്കും, വ്യക്തി സ്വാതന്ത്ര്യത്തിനും, കുടുംബബന്ധങ്ങളെ ക്രിയാത്മകമാക്കി ജീവിതത്തെ പ്രശോഭിതമായി നിലനിർത്തുവാനും, പരസ്പര

സൗഹൃദത്തിനും, വിവേചനങ്ങളില്ലാതിരിക്കുന്നതിനും, യോജിപ്പോടെ നയിക്കുന്നതിനും, രാജ്യത്ത് സദ്ഭരണം നിലനിർത്തി പ്രജാക്ഷേമം പൂർത്തീകരിച്ച് ജീവിതാവശ്യങ്ങൾ പൊതു നന്മയോടെ നേടിയെടുക്കുന്നതിനും, വിശ്വാസ-അവിശ്വാസ വേർതിരിവില്ലാതെ മനുഷ്യത്വത്തിൽ നിലകൊള്ളുന്നതിനും, വരും തലമുറകൾക്ക് സ്വസ്ഥമായ ജീവിതാന്തരീക്ഷം ഒരുക്കുന്നതിനും വേണ്ടിയുള്ള ജീവിതരീതിയാണ് സംസ്കാരം എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരം സംസ്കാരത്തെ തനിമയോടെ നിലനിർത്തുവാൻ സാധിക്കുന്നതിലാണ് വിജയം. കെട്ടുറപ്പുള്ള രാജ്യത്തിനു മാത്രമേ ഇപ്രകാരം സംസ്കാരം നിലനിർത്തുവാൻ സാധിക്കൂ. അധിനിവേശം വൈദേശികതയുടെ വേരുറപ്പിക്കും. രാജ്യം അന്തഃഛിദ്രമാകാതിരിക്കുവാൻ രാജാവും രാജമഹിഷിയും മന്ത്രിമാരും ഉദ്യോഗസ്ഥരും സർവ്വോപരി പ്രജകളും അത്യന്തം ശ്രദ്ധാലുക്കളായിരിക്കണം.'' ശ്രീരാമൻ തുടർന്നു.

"കുടുംബത്തിലെ അംഗങ്ങൾക്ക് കുടുംബ ബന്ധങ്ങളിൽ മാത്രമേ അധികാരമുള്ളൂ. ഏതാനും വ്യക്തികളിൽ മാത്രം ഒതുങ്ങുന്നു കുടുംബത്തിലെ ഗുണവും ദോഷവും. കുടുംബത്തിൽ ഒരു വ്യക്തി കുടുംബാംഗവും അതേസമയം രാഷ്ട്രത്തിൽ പ്രജയുമാകുന്നു.'' ശ്രീരാമൻ തുടർന്നു.

"രാഷ്ട്രത്തിൽ പ്രജകളെല്ലാവരും ഉൾപ്പെടുന്നു. രാഷ്ട്രത്തിലെ പ്രശ്നങ്ങളും ഗതിവിഗതികളും പ്രജകളെയെല്ലാം ബാധിക്കും. കുടുംബത്തിന്റേത് കുടുംബാംഗങ്ങളെ മാത്രവും.'' ശ്രീരാമൻ തുടർന്നു.

"കുടുംബാംഗം എന്ന ബന്ധവും സ്ഥാനാധികാരവും ഉപയോഗിച്ച് ആരും അതേ കുടുംബത്തിൽ ഉൾപ്പെട്ട രാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തിയെ നിയന്ത്രിക്കരുത്. രാജ്യത്തിന്റെ സുരക്ഷിതത്വവും ഭാവിയും അഭിമാനവും പുരോഗതിയും പ്രജാക്ഷേമവും രാജാവിൽ നിക്ഷിപ്തമാണ്. കുടുംബാംഗങ്ങളുടെ അറിവില്ലായ്മക്കും ദുരാഗ്രഹങ്ങൾക്കും അതിമോഹങ്ങൾക്കും കുടിലതക്കും യാതൊരു കാരണവശാലും രാജാവ് വശംവദനായി കീഴ്പ്പെടരുത്.'' ശ്രീരാമൻ തുടർന്നു.

"കുടുംബാംഗങ്ങളെ കുടുംബത്തിൽ നിലയ്ക്ക് നിർത്തിയിരിക്കണം. രാജ്യകാര്യങ്ങൾ തീരുമാനിക്കുന്ന അവസ്ഥയിലേക്ക് കുടുംബാംഗങ്ങൾ എത്തിയാൽ രാജാവ് നിഷ്ക്രിയനായെന്ന് സാരം. അതിനിട വരുത്തരുത്. അത് അനുവദിക്കരുത്. രാജാവിന്റെ നിഷ്ക്രിയത്വം രാജ്യത്തിന്റെ ഭാവിയും സുരക്ഷിതത്വവും പ്ര

ജാക്ഷേമവും അപകടപ്പെടുത്തും. മമതാ ബന്ധനങ്ങളിൽപ്പെട്ടുഴലാതെ രാജാവ് സദാ സ്വയം സംരക്ഷിക്കണം. എങ്കിൽ മാത്രമേ പ്രജകൾ സംരക്ഷിക്കപ്പെട്ടു കയുള്ളൂ. മാതാവും പിതാവും സ്വയം ശ്രദ്ധാപൂർവ്വം ജീവിച്ചില്ലെങ്കിൽ സന്താന ങ്ങളുടെ സ്ഥിതി അപകടത്തിലാകുന്നതുപോലെ രാജ്യപുരോഗതിക്കും നിലനി ൽപ്പിനും വേണ്ടി രാജാവും രാജമഹിഷിയും പ്രത്യേകം സ്വയം ശ്രദ്ധിക്കണം. രാജനീതിപ്രകാരം രാഷ്ട്രഹിതത്തിന് അനുസരിച്ച് മാത്രമേ പ്രവർത്തിക്കുവാൻ പാടുള്ളൂ." ശ്രീരാമൻ തുടർന്നു.

"സാധാരണ ഒരു വ്യക്തിക്ക് വിവാഹിതനായാൽ പതിയുണ്ടായിരിക്കും. അത് കുടുംബത്തിൽ ഒതുങ്ങുന്നു. എന്നാൽ രാജാധികാരമുള്ള ഒരു വ്യക്തിക്ക് പതി തന്നെ രാജമഹിഷിയുമാകുന്നു. അത് രാഷ്ട്രത്തിൽ ഉൾപ്പെടുന്നു. രാജാവ് തന്നെ യായ വ്യക്തി കുടുംബത്തിൽ പതി, പിതാവ്, പുത്രൻ, സഹോദരൻ, മാതുലൻ എന്നിങ്ങനെ അതാത് സ്ഥാനപ്രകാരം നിലകൊള്ളുന്നുമുണ്ട്. അതേപ്രകാരം രാജമഹിഷി കുടുംബത്തിൽ പതി, മാതാവ്, മകൾ എന്നിങ്ങനെ അതാത് സ്ഥാനപ്രകാരവുമായിരിക്കും." ശ്രീരാമൻ തുടർന്നു.

"രാജമഹിഷിയുടെ ചെയ്തികളിലെ പിഴവുകൾ സഹിക്കേണ്ടിവരിക പ്രജകളാ ണ്. പതിയുടെ അപാകതകൾക്ക് പതിയും കുടുംബാംഗങ്ങളും മാത്രമേ സഹി ക്കേണ്ടതുള്ളൂ. ഒരു സ്ത്രീയ്ക്കു തന്നെയാണ് രാജമഹിഷി എന്ന സ്ഥാനപ്രകാരം രാജാധികാരത്തിലും പതി എന്ന സ്ഥാനപ്രകാരം കുടുംബത്തിലും അധികാര മുണ്ടാകുന്നത്. അത്യധികം ജാഗ്രത ആവശ്യമായ കാര്യമാണിത്. പക്വത നി ർബന്ധം. പ്രസ്തുത സ്ത്രീയിലെ അഭിനിവേശം, മോഹം, ആഗ്രഹം, അഹംഭാവം, അധികാര ഗർവ്വ് എന്നിവ രാജ്യത്തെ അപകടപ്പെടുത്തുമെന്ന് രാജാവ് അറി ഞ്ഞിരിക്കണം. യാതൊരു സ്വാധീനങ്ങൾക്കും വിധേയമാകാതെ സമചിത്തത യോടെ രാജനീതിപ്രകാരം ധാർമ്മികമായി പ്രജാക്ഷേമവും ഹിതവും കണക്കി ലെടുത്തു മാത്രമേ രാജാവ് രാജമഹിഷിയുടെ ഏതൊരു ആവശ്യവും നിറവേറ്റു വാൻ പാടുള്ളൂ. ആദർശ ധീരത രാജാവിനുണ്ടായിരിക്കണം. സ്ത്രീയ്ക്കും വികാരങ്ങ ൾക്കും ബന്ധനങ്ങൾക്കും സ്ഥാനങ്ങൾക്കും സൗകര്യങ്ങൾക്കും പദവികൾക്കും വിധേയനാകാതിരിക്കുവാൻ രാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തി സർവ്വദാ ശ്രദ്ധിക്കണം. സമ്മോഹിതാവസ്ഥയ്ക്ക് രാജാവ് കീഴ്പ്പെടരുത്. പ്രജകളുടെ നി രീക്ഷണവും അത്യന്താപേക്ഷിതം." ശ്രീരാമൻ തുടർന്നു.

“രാജാവെന്നതും രാജമഹിഷി എന്നതും സ്ഥാനങ്ങളാകുന്നു. രാജമഹിഷി എന്ന സ്ഥാനമുള്ള സ്ത്രീയ്ക്ക് രാജാവെന്ന സ്ഥാനമുള്ള പുരുഷൻ ഭർത്താവാകുമ്പോൾ പ്രജകൾക്ക് പിതാവ്-സംരക്ഷകൻ-മകൻ-സുഹൃത്ത് തുടങ്ങിയവയെല്ലാം യഥാക്രമം രാജാവാകുന്നു. രാജാവെന്ന സ്ഥാനമുള്ള പുരുഷന് രാജമഹിഷി എന്ന സ്ഥാനമുള്ള സ്ത്രീ പത്നിയാകുമ്പോൾ പ്രജകൾക്ക് മാതാവ്, സഹോദരി തുടങ്ങിയവയെല്ലാം യഥാക്രമം രാജമാഹിഷിയുമാകുന്നു. ധർമത്തിന് അനുയോജ്യമായവിധത്തിൽ പ്രജാപരിപാലനം രാജഭരണത്തിലൂടെ സാധ്യമാക്കുക എന്നതാണ് രാജാവിന്റേയും രാജ്ഞിയുടേയും പ്രഥമ കർത്തവ്യം.” ശ്രീരാമൻ തുടർന്നു.

“അതിനാൽ, മുമ്പെന്നോ നൽകിയ വാക്ക് പാലിക്കുവാനെന്ന പേരിൽ രാജനീതിക്കും പ്രജാപരിപാലനത്തിനും വിരുദ്ധമായൊരു കാര്യത്തെ രാജാവും രാജമഹിഷിയും നിർവ്വഹിക്കുവാൻ പാടില്ല. ഒരുപക്ഷേ രാജമഹിഷി അപ്രകാരം ആവശ്യപ്പെട്ടുവെങ്കിൽ, ആരുടെയെങ്കിലും ചതിപ്രയോഗത്തിലോ ചാരവൃത്തിയിലോ ഉൾപ്പെട്ട് ഭരണത്തിന്റെ ശിഥിലീകരണത്തിനും അസ്ഥിരതക്കുമുള്ള കുതന്ത്രങ്ങൾക്ക് കൂട്ടുനിൽക്കുന്നു എന്ന് ധരിക്കണം. അപ്രകാരം രാജമഹിഷിയേയും, അതിന് കാരണക്കാരായ രാജ്യദ്രോഹകുറ്റത്തിൽ ഉൾപ്പെട്ടവരേയും, രാജസഭ വിളിച്ച് മന്ത്രിമുഖ്യരുടേയും നീതിനിർവ്വഹണാധികാരികളുടേയും മുമ്പാകെ വിസ്തരിച്ച് നിജസ്ഥിതി പ്രജകളോട് വെളിപ്പെടുത്തി കുറ്റക്കാരെ മാതൃകാപൂർവ്വം ശിക്ഷിക്കണം. ഇപ്രകാരം ചെയ്യില്ലെങ്കിൽ രാജാവ് രാജമഹിഷിയിലൂടെ ഒറ്റികൊടുക്കുന്നത് തന്റെ രാജ്യത്തെയാകുന്നു. പ്രത്യാഘാതം രാഷ്ട്രത്തിന്റെ ശിഥിലീകരണവും, പ്രതിഫലം പ്രജകളുടെ ശാപവുമാകുന്നു.” രാജ്യതന്ത്രജ്ഞനം വിധികർത്താവുമെന്ന് വ്യക്തമാക്കുന്നതായ രാമന്റെ മറുപടി ദശരഥരാജനിൽ ഒട്ടേറെ ആശ്വാസമുളവാക്കി.

“ഉത്തരം ന്യായം!” രാമനെ രാജാവായി ലഭിച്ചതിനാൽ അയോദ്ധ്യാവാസികൾ ഭാഗ്യമുള്ളവർ!! സംശയമില്ല! തികച്ചും ഭാഗ്യമുള്ളവർ!!!” തെല്ലിടനിർത്തി ദശരഥൻ സുമന്ത്രനോട് മുഖംകാണിക്കുവാനായി ആജ്ഞാപിച്ചു.

ക്ഷണമാത്രേ സുമന്ത്രൻ സമീപമെത്തി.

“നാളെത്തന്നെ രാജസഭ കൂട്ടുവാൻ ഏർപ്പാട് ചെയ്യുക. പ്രജകൾക്കും പ്രത്യേകമായി പങ്കെടുക്കുവാൻ സൗകര്യം ചെയ്യണം.” സുമന്ത്രനോട് ദശരഥൻ കൽപ്പിച്ചു.

അതിനിടെ -

“ധൃതിപ്പെട്ടിങ്ങനെ സഭ വിളിക്കുന്നത്...” ഭവ്യതയോടെ ശ്രീരാമൻ അന്വേഷിച്ചു.

“എല്ലാം സഭയിൽവെച്ച് വെളിപ്പെടുത്താം.” പെട്ടെന്ന് മറുപടി നൽകിയ ദശരഥൻ തെല്ലിട നിർത്തി, കുമാരനെ സാകൂതം വീക്ഷിച്ചു. തുടർന്ന് സേനാനായകനോട് മുഖം കാണിക്കുവാൻ ആജ്ഞാപിച്ചു.

“രാജനൈതിക ഉപദേഷ്ടാവായ വസിഷ്ഠനെ ശീഘ്രം നമുക്ക് കാണണം. കൂടാതെ രാജമഹിഷിമാരേയും വിളിക്കണം.” ദീർഘനിശ്വാസത്തിനുശേഷം ദശരഥൻ സുമന്ത്രനോട് അറിയിച്ചു.

അതിനിടെ സൈന്യാധിപൻ വന്ന് മുഖം കാണിച്ചു.

“ആരും കൊട്ടാരം വിട്ടുപോകുവാൻ പാടില്ല. കനത്ത സുരക്ഷ വേണം. അതിർത്തിയിൽ ഉടനീളം ജാഗ്രതയും.” സൈന്യാധിപനോടായി മഹാരാജാ ദശരഥൻ കൽപ്പന നൽകി.

“നിയുക്ത യുവരാജാവായ രാമൻ ഇവിടെ വസിക്കുക.” യാത്രപറയാനൊരുങ്ങിയ രാമനോട് ദശരഥൻ അറിയിച്ചു.

“അവിടുത്തെ ആജ്ഞപോലെ.” രാമൻ കൈകൂപ്പി വണങ്ങി രാജമുഖത്തുനിന്ന് പിൻവാങ്ങി.

***************** ***************** *****************

പിറ്റേന്ന് രാവിലെ രാജസഭയിൽ -

മഹാരാജാവ് എഴുന്നെള്ളുന്നു എന്ന ഘോഷണം സഭയിലാകെ മുഴങ്ങി.

ദശരഥ മഹാരാജാവ് സഭയിൽ പ്രവേശിച്ചു. സഭാംഗങ്ങൾ എഴുന്നേറ്റ് കൂപ്പുകൈകളോടെ പ്രണാമങ്ങളർപ്പിച്ച് ജയഭേരി മുഴക്കി.

മഹാരാജാവ് സിംഹാസനാരൂഢനായി.

“എല്ലാവരും ഉപവിഷ്ടരായാലും.” സഭാധ്യക്ഷൻകൂടിയായ ദശരഥരാജന്റെ

ആജ്ഞ സന്നിഹിതരായവരെല്ലാം ശിരസ്സാവഹിച്ചു.

“ഇരിയ്ക്കൂ രാമാ!” തൊട്ടടുത്തുള്ള ശ്രീരാമനെ വാത്സല്യപൂർവ്വം വീക്ഷിച്ച് ദശരഥൻ മൊഴിഞ്ഞു.

സീതാസമേതനായ ശ്രീരാമന് സമീപം ലക്ഷ്മണനും രാജമഹിഷിമാരും സന്നിഹിതരായിട്ടുണ്ട്. വസിഷ്ഠൻ ഉൾപ്പെടെ പ്രഗൽഭരും വിദഗ്ദ്ധരുമായ മന്ത്രിമാരും ഉപദേഷ്ടാക്കളും നീതിനിർവ്വഹണാധികാരികളും മുതൽ സാധാരണ പ്രജകൾവരെ രാജസഭയിൽ പ്രത്യേക അനുവാദത്തോടെ സന്നിഹിതരായിട്ടുണ്ട്.

“ഇന്ന് അയോദ്ധ്യയുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകവും എന്നാൽ സവിശേഷവുമായ ദിനമാകുന്നു. പൗർണ്ണമിയും അമാവാസിയും ആവശ്യം തന്നെ!! കുറ്റവും ശിക്ഷയും അതിനായ്ക്കൊണ്ടുള്ള വിചാരണയും ആവശ്യം തന്നെ!!!” പ്രാരംഭ നടപടികൾക്കുശേഷം സഭാംഗങ്ങളോടായി മഹാരാജാ ദശരഥൻ ആമുഖമായി അറിയിച്ചു.

ദശരഥൻ ഇടയ്ക്ക് ഒളികണ്ണിട്ട് കൈകേയിയെ നോക്കി. വിവർണ്ണമായ മുഖവും വിവരണാതീതമായ ഭയാശങ്കകളോടെയുള്ള ഭാവവും എന്നത്തേക്കാളുമുപരി കൈകേയിയെ പ്രത്യേകം ശ്രദ്ധിക്കുവാനിടയാക്കി.

“രണ്ടുനാൾക്കകം യുവരാജാവായി അഭിഷേകം ചെയ്യപ്പെടുന്ന ശ്രീരാമന്റെ നയതന്ത്രജ്ഞതയും സത്യധർമാദികളിലുള്ള പ്രാവീണ്യവും കർത്തവ്യബോധവും നിഷ്ഠയും, ഇവിടെ, ഈ ദിവസം, സഭയും പ്രജകളും അറിയാനായി അവസരമൊരുക്കുന്നതിനുവേണ്ടിയാണ് ഒരു പ്രത്യേക കാരണത്താൽ ശീഘ്രമെന്നോണം ഇന്നത്തെ സഭ വിളിച്ചത്.” അയോദ്ധ്യാരാജൻ തുടർന്നു.

“സഭയെ സാക്ഷിയാക്കി നാം ചോദിക്കുന്നവയ്ക്കെല്ലാം ധാർമ്മികമായി രാമൻ ഉത്തരം നൽകുക. അതിനെക്കുറിച്ച് സഭാവാസികളെല്ലാം സ്വന്തം തീരുമാനവും അറിയിക്കണം.” അതിരറ്റ സന്തോഷത്തോടെയുള്ള ദശരഥന്റെ പ്രഖ്യാപനം ഉദ്വേഗത്തോടെ എല്ലാവരും ശ്രദ്ധിച്ചുകൊണ്ടിരുന്നു. എന്താണെന്ന് അറിയാത്തതിനാൽ എല്ലാവരിലും അമ്പരപ്പും പരിഭ്രമവും മാറി മാറി നിഴലിക്കപ്പെട്ടു.

“രാജ്യവും രാജാവും എന്താകുന്നു?” ദശരഥന്റെ ചോദ്യം.

“രാജ്യം പ്രജകളും രാജാവ് പ്രജകളുടെ ധർമപരിപാലനത്തിനുള്ള പ്രതിനിധികളുമാകുന്നു. കൃത്യമായ അതിരളവുകളുള്ള ഒരു പ്രദേശത്തെ വ്യക്തമായ ഭരണസംവിധാനങ്ങളോടെ സ്വന്തം സംസ്കാരത്തിൽ അടിയുറച്ച് ജീവിക്കുന്നവരാണ് ആ രാജ്യത്തെ പ്രജകൾ എന്ന് ഭൂമിശാസ്ത്രപരമായി പറയാം. ക്ഷേമാധിഷ്ഠിത ഭരണത്തിലൂടെ ധാർമ്മികമായി രാജനീതിയെ പ്രജാക്ഷേമത്തിനായി ഉപയോഗിക്കുന്നതിനുവേണ്ടി പ്രജകൾ അനുവദിച്ച ഒരു രാജ്യത്തെ സുപ്രധാന സ്ഥാനമാണ് രാജാവ് അഥവാ ഭരണാധികാരി. പ്രജാക്ഷേമത്തിനുവേണ്ടി മാത്രമേ രാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തി രാജാധികാരങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളൂ.” സങ്കോചമന്യേ രാമൻ മറുപടി നൽകി.

“പൈതൃകമായി ഈ രാജ്യത്ത് ജീവിച്ചവരുടെ സന്താനങ്ങൾ സ്വമേധയാ രാജ്യത്തെ പ്രജകളാകുന്നു. രാജ്യത്തു നടപ്പാക്കുന്ന പദ്ധതികളിൽ സാങ്കേതിക പരിജ്ഞാനമുള്ള വിദേശികളെ ആവശ്യമായി വരുമ്പോൾ പ്രസ്തുത കാര്യനിർവ്വഹണങ്ങൾക്ക് വേണ്ടി മാത്രം രാജ്യത്ത് നിയന്ത്രണങ്ങളോടെ പ്രവർത്തിയ്ക്കുന്നതിനുള്ള അവസരങ്ങളും സൗകര്യങ്ങളും നിശ്ചിത കാലാവധിയ്ക്കുള്ളിൽ മാത്രം എന്ന നിബന്ധനയോടെ പ്രതിഫലം നിശ്ചയിച്ചുകൊണ്ട് നൽകേണ്ടതുണ്ട്. പഠനാവശ്യങ്ങൾക്കും കാഴ്ചകൾ കാണാനും ഉല്ലാസ യാത്രകൾക്കായും വിദേശികൾക്ക് രാജ്യത്തേയ്ക്ക് വരുന്നതിനും താൽക്കാലിക രീതിയിൽ നിശ്ചിത പരിധിവെച്ച് വസിയ്ക്കുന്നതിനും പ്രവേശനാനുമതി നൽകാമെങ്കിലും വിദേശികൾക്ക് സ്ഥിരമായി രാജ്യത്ത് താമസിയ്ക്കുന്നതിനുള്ള അനുവാദം നൽകുവാൻ പാടില്ല.” ശ്രീരാമൻ തുടർന്നു.

“മറ്റൊരു രാജ്യത്ത് നിന്നും അഭയാർഥികളായി ആരേയും സ്വീകരിയ്ക്കുവാൻ പാടില്ല എന്നതായിരിയ്ക്കണം രാജനൈതിക നിയമപ്രകാരം നടപ്പാക്കേണ്ടത്. ഏതെങ്കിലും സന്ദർഭത്തിൽ ആവശ്യമായി വരുന്നുവെങ്കിൽ, അത്യന്തം കൃത്യതയോടെ സൂക്ഷ്മപരിശോധന നടത്തി പൂർണ്ണമായും രാഷ്ട്ര സുരക്ഷയ്ക്ക് യാതൊരു വിധ പ്രയാസവും നേരിടേണ്ടിവരില്ലെന്ന് ഉറപ്പുള്ളവരെ മാത്രമേ അഭയാർത്ഥികളായി നിശ്ചിത കാലയളവ് എന്ന നിബന്ധനയിൽ മാത്രം താൽക്കാലിക സൗകര്യങ്ങൾ കൊടുത്തു സ്വീകരിയ്ക്കാൻ പാടുള്ളൂ. അഭയാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്ത് അനുയോജ്യ സമയത്ത് തിരിച്ചയക്കണം. അഭയാർത്ഥികൾക്ക് രാജ്യത്തെ പ്രജകൾ എന്ന സ്ഥാനം ഒരിയ്ക്കലും അനുവദിയ്ക്കരുത്. എല്ലാ അഭയാർത്ഥികളേയും പൂർണ്ണമായും അവസരം വരുമ്പോൾ

അവരുടെ രാജ്യത്തേയ്ക്ക് തന്നെ സുരക്ഷിതരായി തിരിച്ചയയ്ക്കണം. അഭയാർത്ഥികളെന്ന വ്യാജേന ദുരുദ്ദേശത്തോടെയുള്ള അന്യരാജ്യക്കാരായ തീവ്രവാദികൾ നുഴഞ്ഞുകയറുന്നതിനും രാജ്യത്ത് ഉടനീളം കലാപങ്ങളും അസ്ഥിരതയും സൃഷ്ടിക്കുന്നതിനും സാഹചര്യമുണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലുകളും സൈനീകമായി സ്വീകരിച്ചിരിക്കണം. സ്വദേശത്തുള്ളവരുടെ സഹായത്തോടെ വിദേശികൾ കലാപങ്ങൾക്കും അക്രമങ്ങൾക്കും ശ്രമിക്കുന്നത് തടയുന്നതിന് ആവശ്യമായ നടപടികൾ കർശനമായും സ്വീകരിക്കണം. ആത്മീയ മത വിശ്വാസങ്ങൾ തികച്ചും വ്യക്തിപരമായ കാര്യം മാത്രമാകുന്നു എന്നതിനാൽ അതിനെ അടിസ്ഥാനമാക്കി വിദേശികളേയും മറ്റാരേയും രാജ്യത്തെ പ്രജകളാക്കരുത്." സങ്കോചമന്യേ ശ്രീരാമൻ അറിയിച്ചു.

നിശബ്ദമായി സഭ കാതോർത്തുകൊണ്ടിരുന്നു.

"രാജാവ് എപ്രകാരമായിരിക്കണം?" വീണ്ടും ദശരഥൻ ചോദ്യമുന്നയിച്ചു.

"ധാർമികമായി രാജാവ് അഥവാ ഭരണാധികാരി പ്രജാക്ഷേമമെന്ന സ്വയം വ്യക്തതയിൽ പൂർണ്ണയോജിപ്പോടെ കർത്തവ്യപൂർത്തീകരണത്തിനായി സദാ പ്രവർത്തിച്ചുകൊണ്ടിരിക്കണം. സദുദ്ദേശ്യത്തേയും നീതിനിർവ്വഹണത്തേയും പ്രജാക്ഷേമത്തേയും രാജാവ് പ്രാണനായി കാണണം. രാജാവ് യാതൊരു കാരണവശാലും കുടുംബബന്ധങ്ങളിൽ ബന്ധിതമാകരുത്. ആരോടും യാതൊന്നിനോടും മമതയുണ്ടാകരുത്, വിരോധവും പാടില്ല. സൗമ്യവും സൽസ്വഭാവവും നിലനിർത്തുന്നതോടൊപ്പം ഗാംഭീര്യതയും നിസ്വാർത്ഥതയും മികച്ച രീതിയിൽ രാജാവിൽ ഉണ്ടായിരിക്കണം. പ്രജകളുടെ അതാത് സമയത്തെ പ്രധാന ആവശ്യകതകൾ പൊതുവായി രാജാവ് അറിഞ്ഞിരിക്കണം. കൃത്യതയോടെ രാജാധികാരം പ്രജാക്ഷേമത്തിനുവേണ്ടി വിനിയോഗിക്കണം." ശ്രീരാമൻ തുടർന്നു.

"രാജാവ് എന്ന സ്ഥാനം സ്വന്തമല്ല, അതിനാൽ എല്ലായ്പ്പോഴും രാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തി ആ സ്ഥാനത്തെ സ്വയം അനുസരിക്കണം. രാജാവെന്ന സ്ഥാനത്താൽ പ്രയോജനം ലഭിക്കേണ്ടവർ പ്രജകളാണെന്ന് എല്ലായ്പ്പോഴും സ്വയം അറിഞ്ഞിരിക്കണം. സ്ഥാനാവബോധമാണ് ശരിയായ അറിവ്."

"രാജനീതിയെ ധാർമ്മികമായി നടപ്പാക്കണം. പ്രജാപരിപാലനം കച്ചവടമല്ല, സേവനമാകുന്നു. ഭരണം വ്യക്തിപരമായ വരുമാനസ്രോതസ്സല്ല. രാജാവ്

ഒരിക്കലും പ്രജകളെവെച്ച് കച്ചവടം ചെയ്യുന്ന വ്യാപാരിയാകരുത്. വിദേശ രാജ്യങ്ങളുമായോ അവിടുത്തെ സ്ഥാപനങ്ങളുമായോ വിദേശ രാജ്യങ്ങളിലെ പ്രജകളുമായോ ഭരണാധികാരിയോ മറ്റാരുമോ രാഷ്ട്ര സുരക്ഷയ്ക്കും സ്വതന്ത്രമായുള്ള നിലനിൽപ്പിനും വികസനത്തിനും രാജ്യതാൽപ്പര്യങ്ങൾക്കും രാജനൈതിക നിയമത്തിനും ലിഖിത ഭരണ ഘടനയ്ക്കും വിരുദ്ധമായി യാതൊരു വിധത്തിലുള്ള കരാറുകളും വാക്കാലോ രേഖാമൂലമോ അല്ലാതേയോ ഉണ്ടാക്കുവാൻ പാടില്ല. യാതൊരു കാരണവശാലും യാതൊരു കാലത്തും യാതൊരു സന്ദർഭത്തിലും വിദേശികൾക്ക് രാജ്യത്തെ സ്ഥാപനങ്ങളോ സംരംഭങ്ങളോ സ്ഥലങ്ങളോ ഉൾപ്പെടെ യാതൊന്നും ഭരണാധികാരി അഥവാ രാജാവ് വിൽക്കുവാനോ കൈമാറുവാനോ പണയപ്പെടുത്തുവാനോ പാടില്ലാത്തതാകുന്നു.” രാജനൈതിക നിയമത്തിലെ പ്രസക്തമായ ഭാഗം ശ്രീരാമൻ അറിയിച്ചു.

“പ്രജകളിൽനിന്നും തിരിച്ചു ലഭിക്കുമെന്ന് പ്രതീക്ഷിച്ച് കച്ചവട താൽപ്പര്യത്തോടെ യാതൊന്നും രാജാവ് ചെയ്യരുത്. നികുതി വരുമാനത്തിനു വേണ്ടി യാതൊന്നും രാജാവ് രാജഭരണത്തിലൂടെ ചെയ്യരുത്. പ്രജാക്ഷേമത്തിനുവേണ്ടി മാത്രമായിരിക്കണം ഭരണം. രാജാവ് അഥവാ ഭരണാധികാരി പ്രജകളുടെ ആശ്രയവും അഭയവുമാകുന്നു.” രാമൻ പ്രതിവചിച്ചു.

“എങ്കിൽ പ്രജകളോ?” ദശരഥന്റെ മറുചോദ്യം.

“പ്രജകൾ ധർമത്തിന്റെ പരിപാലകരായിരിക്കണം. രാജാവ് ധർമമാകുന്ന സൂര്യനും, പ്രജകൾ ആ സൂര്യന്റെ കിരണങ്ങളുമാകുന്നു. പ്രജകളുടെ നിതാന്ത ജാഗ്രതയും സ്വകർമ്മ പൂർത്തീകരണത്തിലുള്ള ദത്തശ്രദ്ധയും രാജനീതിപ്രകാരമുള്ള ജീവിത നിയമങ്ങളുടെ അനുസരണയും ആദർശ ധീരതയും കഠിനാദ്ധ്വാനവും ഭയരഹിതാവസ്ഥയുമാകുന്നു രാഷ്ട്രം സമൃദ്ധിയോടേയും സുരക്ഷിതത്തോടേയും നിലനിൽക്കുന്നതിനുള്ള അടിസ്ഥാനം. സ്വകർമ്മ പൂർത്തീകരണമാകുന്ന സ്വപ്രയത്നങ്ങൾ ജീവിതാവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കൂട്ടായ സംരംഭങ്ങളായി ഭരണാധികാരി നിലനിർത്തുമ്പോൾ അതിനെ രാഷ്ട്ര സേവനമായി പ്രജകൾ ഉൾക്കൊള്ളണം. തങ്ങൾ തന്നെയാകുന്നു രാഷ്ട്രമെന്ന വ്യക്തത പ്രജകൾക്ക് ഉണ്ടായിരിക്കണം. രാഷ്ട്രത്തെ നിലനിർത്തുന്നതും നശിപ്പിക്കുന്നതും തങ്ങൾ തന്നെയാണെന്ന് പ്രജകൾ തിരിച്ചറിഞ്ഞിരിക്കണം. അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവരാണ് തങ്ങളെന്ന അറിവില്ലായ്മയിൽ കാലം കഴിക്കുന്ന

വരായി പ്രജകൾ മാറിയാൽ ആ രാഷ്ട്രത്തെ നശിപ്പിയ്ക്കുന്നവരും അവർ തന്നെയായിരിയ്ക്കും. വിനയത്തോടെ അനുസരിയ്ക്കാനും വിവേകത്തോടെ ചോദ്യം ചെയ്യാനും തയ്യാറാകുന്ന പ്രജകൾക്ക് മാത്രമേ രാഷ്ട്രത്തെ കർമ്മശേഷിയോടെ നിലനിർത്തുവാൻ സാധിയ്ക്കൂ." ഔചിത്യത്തോടെ ശ്രീരാമൻ മറുപടി നൽകി.

"ഭരണം എപ്രകാരമായിരിക്കണം?" ദശരഥൻ ചോദ്യം തുടർന്നു.

"ഭരണം പ്രജകളുടെ ക്ഷേമത്തിനായിരിക്കണം. നീതിപൂർവ്വം ധാർമ്മികമായ ക്ഷേമാധിഷ്ഠിത ഭരണത്തിലൂടെ പ്രജാക്ഷേമം നടപ്പിലാക്കുന്നതിനായിരിക്കണം ഭരണം. അടിസ്ഥാന ജീവിതാവശ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ട് ജീവിതവിജയത്തിന് ആവശ്യമായതെല്ലാം രാജനൈതിക നിയമങ്ങൾപ്രകാരം നടപ്പാക്കണം. സാങ്കേതിക പുരോഗതിയും സായുധസേനയും അത്യന്താപേക്ഷിതം." ശ്രീരാമൻ തുടർന്നു.

"പ്രജകളുടെ ജീവിതാവശ്യങ്ങൾക്ക് നിർബന്ധമായ കൃഷി, വ്യവസായം മുതലായ എല്ലാത്തിന്റേയും ഉൽപാദനം, സംഭരണം, വിതരണം തുടങ്ങിയവ ഭരണാധികാരിയുടെ സ്ഥാനാധികാരത്തിലും തീരുമാനത്തിലും നിയന്ത്രണത്തിലും മേൽനോട്ടത്തിലും മാത്രമായിരിയ്ക്കണം. എങ്കിൽ മാത്രമേ, തൊഴിലാളികൾക്കുള്ള കൂലി ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് കിഴിച്ച് വളരെ ചെറിയ സംഖ്യ മാത്രം മിച്ചം വെച്ചുള്ള വിലയിൽ ലാഭേച്ഛയില്ലാതെ, ഇടനിലക്കാരുടെ ചൂഷണമില്ലാതെ, പ്രജകൾക്ക് തന്നെ നൽകുവാൻ കഴിയുകയുള്ളൂ. അമിത വിലയില്ലാതെ സാധനങ്ങളുടെ വിലനിയന്ത്രണം നടപ്പാക്കുന്നതോടൊപ്പം, രാജ്യത്തെ മൊത്തം പ്രജകളുടെയും എണ്ണത്തിന് അനുസരിച്ച് ഉൽപ്പാദന തോതിൽ വരുന്ന വൻവർദ്ധനവിലൂടെ കൂലിയും പ്രവർത്തന ചെലവും കിഴിച്ചുള്ള മൊത്തം മിച്ചസംഖ്യ വളരെയധികം വർദ്ധിച്ച് രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയെ പരിപോഷിപ്പിയ്ക്കുവാൻ സഹായകരമാകുന്ന ഇത്തരം സ്ഥാപനങ്ങളും സംരംഭങ്ങളും. പ്രസ്തുത സ്ഥാപനങ്ങളുടെ മിച്ചസംഖ്യ നേരിട്ട് രാജ്യത്തിന്റെ സ്വന്തമായതിനാലും രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നെടുംതൂണായി ഇത്തരം സ്ഥാപനങ്ങൾ നിലനിൽക്കുന്നതിനാലും വരുമാനത്തിനായി വീണ്ടും നികുതിപിരിവ് നടത്തേണ്ട ആവശ്യമില്ല. ഇടനിലക്കാരായ വ്യാപാരികളുടെ ചൂഷണത്തിൽ നിന്നും പ്രജകളെ രക്ഷിയ്ക്കുന്നതിന് ഇത് അനിവാര്യമാകുന്നു. പ്രജകളെ ചൂഷണം ചെയ്ത് ചിലർക്ക് ലാഭമുണ്ടാക്കുന്നതിനല്ല രാജ്യത്തെ വിഭവങ്ങളും ഭരണസംവി

ധാനവുമെന്ന് തെളിയിച്ചിരിയ്ക്കണം. അപ്പോൾ മാത്രമേ പ്രജകൾക്ക് സ്വകർമം രാഷ്ട്രസേവനമായി നിർവ്വഹിയ്ക്കുവാൻ കഴിയൂ.'' ദീർഘവീക്ഷണത്തോടെയുള്ള ശ്രീരാമന്റെ വാക്കുകൾക്ക് പ്രസക്തിയേറി.

''സാധന സാമഗ്രികളുടെ, പ്രത്യേകിച്ച് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിയ്ക്കുവാനും രാഷ്ട്രത്തിന്റെ പ്രവർത്തന ചെലവിനും കരുതൽ ധനത്തിനും സൈനീക സുരക്ഷാ ചെലവുകൾക്കും വിദേശനാണ്യ കരുതൽ ധനത്തിനും വേണ്ടി ഇത്തരം സ്ഥാപനങ്ങളും സംരംഭങ്ങളും ഭരണാധികാരി യുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും മാത്രം എന്ന നിബന്ധനയോടെ ഉണ്ടായിരിയ്ക്കണം. പ്രജകളിൽ നിന്നും നികുതി പിരിയ്ക്കാതെ രാഷ്ട്ര കാര്യങ്ങൾ സുഗമമായി പൂർത്തിയാക്കുവാനും പ്രജകൾക്ക് സുരക്ഷാബോധം നൽകുന്നതി നും പ്രജകളുടെ വരുമാനം അവരുടെ കാര്യങ്ങൾക്ക് തികയുന്നതിനും ഇത് നിർബന്ധമാണ്. പ്രജകൾക്ക് അവരുടെ യോഗ്യതയും വൈഭവവും കാര്യക്ഷ മതയും സ്വഭാവവും അനുസരിച്ച് യഥാവിധി തൊഴിലെടുക്കുന്നതിന് മതിയായ ഒഴിവുകളും അവസരങ്ങളും ഉണ്ടാകുന്നതിന് ഭരണാധികാരിയുടെ ഇത്തരം സം രംഭങ്ങൾ സാഹചര്യമൊരുക്കും. നൂതനാശയങ്ങൾ നടപ്പാക്കാൻ ആവശ്യമായ സാഹചര്യം ഭരണാധികാരി ഒരുക്കികൊടുക്കണം.'' ശ്രീരാമൻ തുടർന്നു.

''പ്രയത്നത്തിന്റെ അഥവാ അദ്ധ്വാനത്തിന്റെ മഹത്വം അറിഞ്ഞുകൊണ്ട് ജീ വിയ്ക്കുക എന്നതിന് വളരെ പ്രാധാന്യമുണ്ട്. രാജ്യത്തിന്റേയും പ്രജകളുടേയും ആവശ്യകതകൾ നിറവേറ്റുന്ന സംരംഭങ്ങളുടേയും സ്ഥാപനങ്ങളുടേയും വിജയ കരമായ നടത്തിപ്പിലൂടെ അദ്ധ്വാനത്തിന്റേയും പ്രയത്നത്തിന്റേയും മാഹാത്മ്യം അറിഞ്ഞുകൊണ്ട്, അതുവഴിയുള്ള സമ്പാദ്യത്തിലൂടെ രാഷ്ട്ര പുരോഗതി കൈവ രിയ്ക്കുന്ന ക്ഷേമരാഷ്ട്ര നിയമങ്ങൾ ലോകരാഷ്ട്രങ്ങൾക്കെല്ലാം സ്വീകരിയ്ക്കാവുന്ന മാതൃകയാകുന്നു.'' ശ്രീരാമൻ തുടർന്നു.

''ആരൊക്കെയോ ക്ലേശങ്ങൾ സഹിച്ച് നടത്തിക്കൊണ്ടിരിയ്ക്കുന്ന സ്ഥാപനങ്ങ ളിൽ നിന്നും യാതൊരു പ്രയത്നവുമില്ലാതെ നിശ്ചിത രീതിയിൽ നിർബന്ധിത വിഹിതം പറ്റുന്ന നികുതി പിരിവ് അക്ഷരാർത്ഥത്തിൽ കൊള്ള തന്നെയാ കുന്നു. പ്രജകൾ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനായി സാധനങ്ങൾ വാ ങ്ങുന്നതിൽ നിന്നും നികുതിയെന്ന പേരിൽ നിശ്ചിത വിഹിതം വേണമെന്ന നിയമമെന്ന പേരിലുള്ള ദുരുദ്ദേശ്യം യാതൊരു കാരണവശാലും യഥാർത്ഥ ഭര

ണാധികാരി നടപ്പാക്കുകയില്ല. പ്രജകളിൽ നിന്നും വ്യാപാരികളിൽ നിന്നും ഭീഷണിപ്പെടുത്തി കൊള്ളസംഘങ്ങൾ നടത്തുന്ന പിരിവിനും നിയമവിധേയമെന്ന പേരിൽ ഭരണാധികാരി നടത്തുന്ന നികുതി പിരിവിനും യഥാർത്ഥത്തിൽ വ്യത്യാസമില്ല. ക്ഷേമരാഷ്ട്രത്തിൽ യാതൊരുവിധത്തിലുള്ള നികുതി സമ്പ്രദായവും ഉണ്ടായിരിയ്ക്കുകയില്ല. " ശ്രീരാമൻ തുടർന്നു.

"കൃഷി, വ്യവസായം, സംരംഭങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, പ്രജകൾക്കുള്ള വാസസ്ഥലങ്ങൾ, വിനോദ കേന്ദ്രങ്ങൾ, വിദ്യാദ്ധ്യയന കേന്ദ്രങ്ങൾ, ചികിത്സാ കേന്ദ്രങ്ങൾ, കായികപരിശീലന കേന്ദ്രങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ, ഭരണ നിർവ്വഹണത്തിനുള്ള ഔദ്യോഗിക കേന്ദ്രങ്ങൾ, സൈനീക കേന്ദ്രങ്ങൾ, ജലാശയങ്ങൾ, ജലസ്രോതസ്സുകൾ, വനങ്ങൾ, പർവ്വതങ്ങൾ തുടങ്ങിയവയ്ക്കെല്ലാമുള്ള പ്രദേശങ്ങൾ അതാത് ആവശ്യങ്ങൾക്ക് അനുസരിച്ച് രാഷ്ട്രത്തിൽ പ്രത്യേകമായി വേർതിരിച്ചിരിയ്ക്കണം. ഭവന നിർമ്മാണ മേഖലയിൽ മാത്രം പ്രജകൾക്കുള്ള ഭവനങ്ങൾ അതാത് കാലത്ത് ലഭ്യമായ എല്ലാ സൗകര്യങ്ങളോടെയും ഭരണാധികാരി സൗജന്യമായി അനുവദിയ്ക്കണം. പ്രജകൾ സ്വയം അതിസമ്പന്നത പ്രദർശിപ്പിയ്ക്കാതിരിയ്ക്കുന്നതിനുള്ള നടപടികൾ കർശനമായി നടപ്പാക്കിയിരിയ്ക്കണം. ഭരണാധികാരിയും രാഷ്ട്രവും ഭരണനിർവ്വഹണവും പ്രജകൾക്ക് അവരുടെ ദൈനംദിന ജീവിത കാര്യങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് വേണ്ടിയാണെന്ന് ജീവിതാനുഭവങ്ങളാൽ വ്യക്തമാകണം." ദശരഥൻ ശ്രീരാമവാണികളെ ശ്രദ്ധയോടെ കേട്ടു.

"രാഷ്ട്രത്തിന്റെ ചെലവുകൾ കിഴിച്ചുള്ള മിച്ച സംഖ്യയിൽ നിന്നും എല്ലാത്തിന്റേയും ഉടമസ്ഥരായ പ്രജകൾക്കും വിഹിതം ലഭിച്ചുകൊണ്ടിരിയ്ക്കണം. പ്രസ്തുത വിഹിതത്തിൽനിന്നും പ്രജകൾക്ക് അവരുടെ ആവശ്യങ്ങൾക്ക് വേണ്ടതെല്ലാം സൗജന്യമായി നൽകുവാൻ കഴിയും. ദാരിദ്ര്യ നിർമ്മാർജ്ജനം ഭരണ നിർവ്വഹണത്തിന്റെ അടിസ്ഥാന നിയമമാകുന്നു. രാഷ്ട്ര സുരക്ഷയോടൊപ്പം, രാജ്യത്തിന്റെ നിശ്ചിത അതിർത്തിക്കുള്ളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും ജീവിതാവശ്യങ്ങൾക്കുള്ള വിഭവങ്ങൾ സമാഹരിച്ച് പ്രജകൾക്ക് തുല്യമായി അഭിരുചികൾക്ക് അനുസരിച്ച്  വിതരണം ചെയ്യുക എന്ന സുപ്രധാന കാര്യനിർവ്വഹണമാകുന്നു ഭാരണാധികാരി അഥവാ രാജാവ് എന്ന സ്ഥാനത്താൽ ഉദ്ദേശിക്കുന്നത്. അവശ്യഘട്ടത്തിൽ പ്രജകൾക്ക് ദീർഘ കാലാവധിയിൽ പലിശരഹിത വായ്പകൾ അനുവദിയ്ക്കണം. വർഷംതോറും പ്രജകൾക്ക് ലഭിച്ച

കൊണ്ടിരിയ്ക്കുന്ന വിഹിതത്തിൽ നിന്നും പ്രസ്തുത വായ്പയുടെ തവണ സംഖ്യ തിരിച്ചടവായി സ്വീകരിയ്ക്കണം. പ്രജകൾക്ക് സാമ്പത്തിക ബാധ്യത വന്ന് ചേരാതിരിക്കുക എന്നത് രാജനീതിപ്രകാരം സുപ്രധാനമാകുന്നു. വിദേശ നാണ്യശേഖരം വർദ്ധിപ്പിയ്ക്കുന്നതിന് വിദേശ രാജ്യങ്ങൾക്ക് ആവശ്യമായ സാധനങ്ങളും അസംസ്കൃത വസ്തുക്കളും ഭരണാധികാരിയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങൾ വഴി നിർമ്മിച്ച് കയറ്റുമതി ചെയ്യണം." ശ്രീരാമൻ തുടർന്നു.

"മുഖ്യ നഗരപാലകന്റെ നേതൃത്വത്തിൽ പ്രജകളുടെ സുരക്ഷയ്ക്കായി നൂറ് കുടുംബങ്ങൾക്ക് അമ്പത് അഥവാ ആവശ്യാനുസൃതം എന്ന തോതിൽ നിശ്ചിത എണ്ണം സുരക്ഷാ കാര്യനിർവ്വഹണ സംഘത്തെ നിയോഗിയ്ക്കണം. എല്ലാ ഭവനങ്ങളിലേയും നിത്യജീവിത കാര്യങ്ങളിൽ പ്രസ്തുത സുരക്ഷാ കാര്യനിർവ്വഹണ സംഘത്തിന്റെ സേവനങ്ങൾ നിയന്ത്രിത രീതിയിൽ സ്വകാര്യതയ്ക്ക് ഭംഗം വരാത്തവിധം ലഭിച്ചിരിയ്ക്കണം. വൃദ്ധരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകണം." ക്ഷേമരാഷ്ട്രം കേവല സങ്കൽപ്പമല്ലെന്നും, പ്രായോഗികമായി നടപ്പാക്കി യാഥാർത്ഥ്യമാക്കാൻ അറിയുന്നവർ ഉണ്ടെങ്കിൽ സാധിയ്ക്കുമെന്നും ശ്രീരാമൻ തെളിയിക്കുന്നു.

"ധനവിനിമയ ഉപാധിയായ നാണയ നിർമ്മാണവും സൈന്യവും സൈനീക സേവനവും ഭരണനിർവ്വഹണവും രാഷ്ട്രത്തിന്റെ ഭരണാധികാരിയുടെ നിയന്ത്രണത്തിൽ മാത്രം നിലനിർത്തുന്നത് പോലെ തന്നെ സുപ്രധാനമാണ് ദൈനംദിന ജീവിതകാര്യങ്ങൾക്കും പുരോഗതിയ്ക്കും അത്യാവശ്യമായ എല്ലാത്തിന്റേയും അഥവാ എല്ലാ വിഭവങ്ങളുടേയും അസംസ്കൃത വസ്തുക്കളുടേയും നിർമ്മാണവും സംഭരണവും വിതരണവുമെല്ലാം ഭരണാധികാരിയുടെ സ്ഥാനാധികാരത്തിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തിപ്പിലും തീരുമാനത്തിലും മാത്രമായിരിയ്ക്കണം എന്നത്. രാജ്യത്തിലെ വിഭവങ്ങളും അവയുടെ നിർമ്മാണ സംഭരണ വിതരണങ്ങൾ തുടങ്ങിയവയും ഏതാനും പേരുടെ സ്വകാര്യ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാകരുത്. ഇത് രാജനൈതിക നിയമത്തിന്റെ സുപ്രധാന ഭാഗമാകുന്നു. വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വേർതിരിവില്ലാതെ എല്ലാവർക്കും തുല്യനീതി ഉറപ്പ് വരുത്തണം. പ്രജകൾ എന്ന സ്ഥാനത്തുള്ള വ്യക്തികൾക്കാണ് ഭരണാധികാരി സംരക്ഷണം അനുവദിയ്ക്കുന്നത്." ഭരണം എങ്ങനെയായിരിയ്ക്കണമെന്ന അറിവ് ആദ്യമേ ഭരണാധികാരിയ്ക്കുണ്ടാ

യിരിയ്ക്കണമെന്ന് ശ്രീരാമൻ തെളിയിയ്ക്കുന്നു.

"രാജാവ് കടം വാങ്ങി പ്രജകളെ കടക്കെണിയിലാക്കരുത് എന്നതും പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാകുന്നു. ക്ഷേമാധിഷ്ഠിത ഭരണം പ്രാവർത്തികമല്ലെങ്കിൽ പ്രജകൾ പ്രത്യക്ഷത്തിൽ ഉടമസ്ഥരും ഫലത്തിൽ വാടകക്കാരും യഥാർത്ഥത്തിൽ അന്യരുമായിരിക്കും." രാജനൈതിക നിയമപ്രകാരം ഭരണത്തെക്കുറിച്ചുള്ള ശ്രീരാമന്റെ വിശദീകരണത്തിൽ എല്ലാവർക്കും സംതൃപ്തിയുണ്ടായി.

"ഒരു രാജ്യത്തെ ജനങ്ങളുടെ സുപ്രധാനമായ അവകാശമാണ് ഭരണാധികാരി എന്ന സ്ഥാനത്താൽ അനുവദിയ്ക്കുന്ന ക്ഷേമാധിഷ്ഠിത ഭരണം." രാമൻ തുടർന്നു.

"ശുദ്ധമായ വായു, വെള്ളം, ആഹാരം, വസ്ത്രം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം, വിളക്കുകൾ, ഊർജ്ജസ്രോതസ്സുകൾ, വാഹനം, സാങ്കേതിക സൗകര്യങ്ങൾ, തൊഴിൽ മുതലായവയെല്ലാം അവകാശമായി അതിനാൽ സൗജന്യമായി നികുതിരഹിത ഘടനയോടെ സ്വതന്ത്രമായി ജീവിയ്ക്കുവാനുള്ള സുരക്ഷിതത്തോടും സംരക്ഷണത്തോടുമൊപ്പം ഒരു രാജ്യത്തെ ഭരണാധികാരി അനുവദിയ്ക്കുമ്പോൾ മാത്രമേ യഥാർത്ഥ ക്ഷേമാധിഷ്ഠിത ഭരണം പ്രാവർത്തികമാകൂ; ക്ഷേമരാഷ്ട്രം സ്ഥാപിതമാകൂ." പൂർണ്ണമായും ഔദ്യോഗികമായിരുന്നു ശ്രീരാമന്റെ ഉത്തരം.

ദശരഥൻ ശ്രീരാമ വചനങ്ങളിൽ സംതൃപ്തനായി.

"ഭരണം പ്രതിസന്ധിയിലാകുമ്പോൾ രാജാവ് എപ്രകാരമായിരിക്കണം?" മഹാരാജാ ദശരഥൻ നിയുക്ത യുവരാജാവായ രാമനോട് ചോദിച്ചു.

"രാജാവ് പക്വതയോടെ ധാർമ്മികമായി പ്രജാക്ഷേമത്തിന് പ്രാധാന്യം കൊടുത്ത് നേരിട്ട് ഭരണകാര്യങ്ങൾ നിയന്ത്രിക്കണം. രാജനീതി പ്രജകൾക്ക് ലഭ്യമായിരിക്കണം. ഭരണകാര്യങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട സംവിധാനങ്ങളും സജ്ജീകരണങ്ങളും പ്രബലതയോടെ നടപ്പാക്കണം. രാജാവ് ആത്മബലത്തോടെ പ്രജകളെ അഭിസംബോധന ചെയ്യണം. പ്രതിസന്ധിയുടെ കാര്യകാരണങ്ങളെ മന്ത്രിപ്രമുഖർ മുതൽ ആവശ്യമായ എല്ലാവരുമായും ചർച്ച ചെയ്ത് വ്യക്തമായ തീരുമാനത്തിലെത്തണം. പ്രജകളുടെ അഭിപ്രായങ്ങളെ യഥാ അറിയണം. പരിഹാരങ്ങൾക്കായി വിദഗ്ധരെ രാജാവ് നേരിട്ട് ചുമതലപ്പെടുത്തണം. വിശദമായ ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം ശീഘ്രം വ്യക്തമായ തീരുമാനത്തിലെത്തണം. അവയെല്ലാം യഥാ പ്രജകളെ അറിയി

ച്ച് അവരുടെ തീരുമാനങ്ങളും അറിയണം. സൈന്യത്തെ ശക്തമാക്കണം. ചാരപ്രവർത്തനം വ്യാപിപ്പിച്ച് വിവരങ്ങൾ ശേഖരിക്കണം. തുടർന്ന് പ്രായോഗികവും പ്രതിസന്ധി പരിഹരിക്കുവാൻ ഉതകുന്നതുമായ ക്രിയാത്മക നടപടികൾ യുക്തിപൂർവ്വം കൈക്കൊണ്ട് വിഷമാവസ്ഥകൾ പരിഹരിക്കണം. പക്ഷേ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പ്രതിസന്ധി ഭരണത്തിനു മാത്രമേ പാടുള്ളൂ; രാജാവിന്റെ ധർമബോധത്തിനാവരുത്."

ശ്രീരാമന്റെ മറുപടി സഭാവാസികളെയെല്ലാം ആവേശഭരിതരാക്കി. ദശരഥനും ഉത്സാഹമേറി. എന്നാൽ കൈകേയിമാത്രം അസ്വസ്ഥയായി കാണപ്പെട്ടു.

"രാജാവു തന്നെ പതിയും പിതാവും മുതൽ മറ്റെല്ലാമാകുമ്പോൾ, എങ്ങനെയായിരിക്കണം ഓരോ സ്ഥാനപ്രകാരവും വാക്ക് പാലിക്കേണ്ടതും കർത്തവ്യം പൂർത്തീകരിക്കേണ്ടതും?" ദശരഥൻ രാമനോട് ചോദിച്ചു.

"വാഗ്ദാനപാലനവും കർത്തവ്യപൂർത്തീകരണവും അതാത് സ്ഥാനപ്രകാരം സദുദ്ദേശ്യത്തോടെ നീതിപൂർവ്വം ധാർമ്മികമായിരിക്കണം. വാക്ക് പാലിക്കുന്നതിന് രാജാവെന്നും പിതാവെന്നും വകഭേദമില്ല. വ്യക്തി തന്നെയാണ് രാജാവ്, പിതാവ് മുതലായ എല്ലാ സ്ഥാനങ്ങളിലും നിലകൊള്ളുന്നത്. അതാത് സ്ഥാനപ്രകാരം വാക്ക് പാലിയ്ക്കണമെങ്കിലും രാജാവെന്ന സ്ഥാനാധികാരത്തിനാകുന്നു സുപ്രധാനമെന്നത് സ്വയം അനുസരിക്കുക എന്നതാകുന്നു വാക്ക് പാലിക്കുന്നതിന് അടിസ്ഥാനം. രാഷ്ട്രത്തിന് പ്രാധാന്യം നൽകി അതാത് സ്ഥാനപ്രകാരം സ്വയം അർഹതയോടെയുള്ള വാക്ക് പാലിക്കുക എന്നത് കർത്തവ്യപൂർത്തീകരണമാകുന്നു." ശ്രീരാമൻ തുടർന്നു.

"രാജാവിന് രാജ്യവും അഥവാ പ്രജകളും വിവിധ സ്ഥാനങ്ങൾപ്രകാരമുള്ള കർത്തവ്യപൂർത്തീകരണവും, പിതാവിന് പത്നിയും സന്താനങ്ങളും അഥവാ കുടുംബവും വിവിധ സ്ഥാനങ്ങൾപ്രകാരമുള്ള ഉത്തരവാദിത്ത പൂർത്തീകരണവുമാകുന്നു. രാജാവ് രാജ്യത്തിലോ പ്രജകളിലോ, പിതാവ് പത്നിയിലോ സന്താനങ്ങളിലോ മമതാഭാവത്തിൽ ബന്ധിതനാകരുത്. മമതാ ബന്ധങ്ങളിൽ കീഴ്പ്പെടാതെ രാജനീതിപ്രകാരം ധാർമ്മികമായി സദുദ്ദേശ്യമുണ്ടെങ്കിൽ മാത്രമേ കർത്തവ്യപൂർത്തീകരണമാകുന്ന വാക്ക് പാലിക്കുവാൻ കഴിയൂ. മമതയ്ക്ക് കീഴ്പ്പെട്ടാൽ വിധേയത്വം സംഭവിച്ച് വിനാശത്തിന് ഇടയാകുന്നു. തന്മൂലം ആത്മബോധം പ്രകാശിക്കുകയില്ല അഥവാ വിവേകത്തോടെയുള്ള തീരുമാനം നടപ്പാ

ക്കുവാൻ കഴിയില്ല.” സ്വതസിദ്ധമായ മധുരഭാഷണത്തോടെ രാമൻ തുടർന്നു.

“വാക്ക്പാലിയ്ക്കുമ്പോൾ രാജാവ് രാജനീതിപ്രകാരം രാജധർമവും പിതാവ് പിതൃധർമവും പാലിയ്ക്കണം.” ഗാംഭീര്യം കലർന്നതും എന്നാൽ മൃദുലവുമായ രാമന്റെ ഭാഷണം സഭാംഗങ്ങൾക്ക് അത്യുത്സാഹമേകി.

“രാജമഹിഷി എപ്രകാരമായിരിയ്ക്കണം?” അയോദ്ധ്യയുടെ രാജാവായ ദശരഥന്റെ അടുത്ത ചോദ്യം.

“രാജമഹിഷി രാജ്യത്തിന്റേതാകുന്നു. പത്നി കുടുംബത്തിന്റേയും. രാജനീതിപ്രകാരമുള്ള രാഷ്ട്രസുരക്ഷയും പ്രജാക്ഷേമവുമാകുന്നു രാജമഹിഷിയുടെ ഏറ്റവും പ്രധാന ഉദ്ദേശ്യം. രാജ്യസുരക്ഷക്കും പ്രജാപരിപാലനത്തിനും ആവശ്യമായതെല്ലാം നടപ്പിലാക്കുന്നതിന് രാജാവിനെ സഹായിക്കേണ്ടത് രാജമഹിഷിയാണ്. കുടുംബത്തിന്റെ വലയിൽ കുടുങ്ങാതെ രാജ്യകാര്യങ്ങളിൽ വ്യാപൃതനാകുവാൻ രാജാവിന് സാധിക്കുന്നതിന് ആവശ്യമായ വൈകാരിക മേഖലകളിലെ പിന്തുണയും വിവേകപൂർവ്വം നൽകേണ്ടത് രാജമഹിഷിയാണ്. സധൈര്യം ഏതൊരു പ്രതിസന്ധിയിലും രാജാവിന് തുണയായിരിക്കേണ്ടതും രാജമഹിഷിയാണ്. രാജനീതിക്കും രാജഹിതത്തിനും പ്രജാക്ഷേമത്തിനും എതിരായ യാതൊന്നും രാജമഹിഷിയിൽനിന്നും ഉണ്ടാകരുത്.” രാമൻ തുടർന്നു.

“ഏവരുടേയും പത്നി ധാർമ്മികതയിൽ മാത്രമായിരിക്കണം. സ്ത്രീ സഹചാരിണിയാകുന്നു. ധർമത്തിൽ നിലകൊള്ളുന്നതിനുള്ള സഹചാരിണി. അതിനാൽ രാജമഹിഷിയും ധാർമ്മികതയിൽ മാത്രമായിരിക്കണം.” രാമന്റെ ഉത്തരം വസിഷ്ഠനെ കൂടുതൽ സന്തോഷവാനാക്കി.

“ഏതാനും രാജമഹിഷിമാരും അവരിൽ ഒട്ടേറെ പുത്രന്മാരുമുണ്ടെങ്കിൽ, അതിൽ ആരേയായിരിക്കണം യുവരാജാവായി രാജാവ് തിരഞ്ഞെടുക്കേണ്ടത്?” അത്യന്തം സൂക്ഷ്മതയോടെ സഭയെ വീക്ഷിച്ചശേഷം ദശരഥൻ ചോദ്യം തുടർന്നു.

സഭാവാസികളെല്ലാം പരിഭ്രമത്തോടെ പരസ്പരം നോക്കി. കൗസല്യയും സുമിത്രയും കാര്യമറിയാതെ ഏറെ ഉൽക്കണ്ഠാകുലരാകുമ്പോൾ കൈകേയിയിൽ മാത്രം ഭയവും പരിഭ്രമവും മാറിമാറി നിഴലിച്ചു.

“കർത്തവ്യപൂർത്തീകരണത്തിനായി പ്രജകൾക്കെന്നും മാതൃകയാകേണ്ടതായ

രാജാവിന്റെ ചെയ്തികളോരോന്നും രാജനീതിപ്രകാരം ധർമത്തിൽ അധിഷ്ഠിതമായിരിക്കണം. പ്രജകളെ നയിക്കേണ്ട രാജാവിന് തന്നെ അനവധി പത്നിമാരുണ്ടെങ്കിൽ, അവരിൽ ഒട്ടനവധി സന്താനങ്ങളുണ്ടെങ്കിൽ, തീർച്ചയായും അവയൊന്നും ധാർമ്മികതയ്ക്കും സദാചാരത്തിനും രാജനീതിക്കും നിരക്കുന്നതല്ല. കാരണം, ഒരേ സമയം പുരുഷന് ഒരു പത്നിയും സ്ത്രീയ്ക്ക് ഒരു പതിയും മാത്രമേ പാടുള്ളൂ എന്നത് സന്താനങ്ങളുടെ സുരക്ഷയ്ക്കും പ്രകൃതിദത്തമായ കരുതലിനും നിർബന്ധമാകുന്നു. മരണമോ യുക്തമായ കാരണങ്ങളോടെ നിയമാനുസൃതം വേർപിരിയലോ സംഭവിയ്ക്കുമ്പോൾ സ്ത്രീകൾക്കും പുരുഷന്മാർക്കും പുനർവിവാഹം അനുവദനീയമാകുന്നു." ശ്രീരാമൻ തുടർന്നു.

"ജീവിതത്തിന് കരുതലും സുരക്ഷയും ലഭിയ്ക്കുന്നതിന് ജീവിത പങ്കാളി അനിവാര്യമാണെന്നുള്ളവർക്ക് വിവാഹിതരായി ജീവിയ്ക്കുന്നതിനും ഏതെങ്കിലും സന്ദർഭത്തിൽ വേർപിരിയണമെന്ന് ഏകപക്ഷീയമായോ ഉഭയസമ്മതപ്രകാരമോ ദമ്പതികളിൽ തീരുമാനമുണ്ടായാൽ, സന്താനങ്ങളുണ്ടെങ്കിൽ അവരുടെ സുരക്ഷയ്ക്കും ജീവിതത്തിനും ആവശ്യമായ കാര്യങ്ങൾ നടപ്പാക്കി കാലതാമസം കൂടാതെ വിവാഹ മോചനം അനുവദിക്കേണ്ടതാകുന്നു. പുരുഷന്റെ അപാകതയാൽ സംഭവിയ്ക്കുന്ന വിവാഹ മോചനത്തിന് പ്രസ്തുത പുരുഷൻ സ്ത്രീയ്ക്ക് ആവശ്യമായ നഷ്ടപരിഹാരവും പുനർവിവാഹിതയാകുന്ന സമയംവരേയ്ക്കും അല്ലെങ്കിൽ ആജീവനാന്തംവരേയ്ക്കും മതിയായ നിശ്ചിത സംഖ്യ മാസംതോറും നൽകുകയും വേണം. വിവാഹ മോചനം തീർത്തും ആവശ്യമായ സന്ദർഭത്തിൽ മാത്രം അഥവാ യാതൊരു കാരണവശാലും തുടർന്ന് ഒരുമിച്ച് ജീവിയ്ക്കുവാൻ സാധ്യമല്ലെന്ന് ജീവിത സാഹചര്യങ്ങളാൽ സ്വയം വ്യക്തമായാൽ മാത്രമേ ഉഭയകക്ഷി സമ്മതപ്രകാരമുള്ള വിവാഹ മോചനം അനുവദിയ്ക്കുവാൻ പാടുള്ളൂ. വിവാഹമോചനം എളുപ്പത്തിൽ പിന്തുടരാവുന്ന ഒരു പ്രവണതയായി കണക്കാക്കുന്ന സാഹചര്യം ഉണ്ടാവരുത്. കുടുംബബന്ധങ്ങളെ അത് ബാധിയ്ക്കും. എന്നാൽ, പുരുഷനിൽ നിന്നും മറ്റും പീഡനവും ഉപദ്രവവുമേൽക്കുന്ന സാഹചര്യത്തിൽ എത്രയും പെട്ടന്ന് സ്ത്രീയ്ക്ക് ആവശ്യമായ സംരക്ഷണം നൽകി വിവാഹ മോചനം നൽകേണ്ടതും പ്രസ്തുത പുരുഷനെ കഠിനമായി ശിക്ഷിയ്ക്കേണ്ടതുമാകുന്നു. വിവാഹത്തിനും വിവാഹ വേർപിരിയലിനും പുനർവിവാഹത്തിനും എന്നതുപോലെ തന്നെ ജനനത്തിനും മരണത്തിനും കൃത്യമായ രേഖകൾ രാജ്യത്ത് സൂക്ഷിയ്ക്കണം. എങ്കിൽ മാത്രമേ രാജ്യത്തെ പ്രജകളുടെ ആകെ എണ്ണം കണക്കാക്കാൻ

സാധിയ്ക്കുകയുള്ളൂ.” ശ്രീരാമൻ തുടർന്നു.

“ഒരു വ്യക്തിക്ക് ഒരു പിതാവും ഒരു മാതാവും മാത്രമേയുള്ളൂ. പ്രകൃതിയുടെ അലംഘനീയമായ നിയമമാണത്. എങ്കിൽ മാത്രമേ സദാചാരത്തിൽ അധിഷ്ഠിതമായ സാന്മാർഗ്ഗിക ജീവിതമുണ്ടാവുകയുള്ളൂ. ഒരു രാജ്യത്ത് നിർബന്ധമായും പാലിക്കേണ്ട നിയമമാണിത്. തെറ്റായ പ്രവണതകൾ മുൻഗാമികൾ ചെയ്തേക്കാം. പക്ഷേ അറിവുള്ളവർ അത് പിന്തുടർന്ന് അനാചാരങ്ങൾക്ക് ഇടവരുത്തരുത്. പ്രജകൾ സംസ്കാരത്തിൽ നിലകൊണ്ടില്ലെങ്കിൽ രാജ്യം അധർമ്മികളുടെ കുത്തരങ്ങാകും. അത്തൊരമൊരു സ്ഥിതി സംജാതമാകാതിരിക്കുവാൻ രാജാവ് സ്വയം ധാർമ്മികമൂല്യങ്ങളെ സ്വന്തം ജീവിതത്തിൽ അനുസരിച്ച് പ്രജകൾക്ക് മാതൃകയാവണം. അതാണ് ആർഷഭാരത സംസ്കാരം എന്ന സനാതനധർമ ജീവിതരീതി. മഹാരാജാവ് ക്ഷമിച്ചാലും!” ശ്രീരാമന്റെ മറുപടി എല്ലാവരിലും ഭാവഭേദമുളവാക്കി. ഒപ്പം സംഭ്രമവും ഭയവും. തെല്ലിട നിർത്തിയ രാമൻ ദശരഥനെ ഒന്നുനോക്കി.

“ധൈര്യമായി തുടർന്നോളൂ. ധർമസംസ്ഥാപനാർത്ഥമുള്ള ഉണ്ണിയുടെ വാണികൾ നമ്മെ ബോധാനന്ദത്തിലേക്ക് നയിക്കുന്നു. വേഗം തുടരുക. ഒട്ടും ഭയക്കേണ്ടതില്ല. ധർമമല്ലാത്തതായ നമ്മുടെ ചെയ്തികളേയും കുമാരന് വിമർശിക്കാം! വിചാരണ ചെയ്യാം!! ശിക്ഷ വിധിക്കാം!!!” രാമനിലെ ധർമനിഷ്ഠയെ വ്യക്തമായി അറിഞ്ഞ ദശരഥൻ തന്റെ വത്സലപുത്രനെ പ്രോത്സാഹിപ്പിച്ചു.

വസിഷ്ഠന്റെ കണ്ണുകൾ സംതൃപ്തിയാൽ നിറഞ്ഞൊഴുകി. ധർമത്തിൽ നിലകൊള്ളുന്നതിനുള്ള മഹാരാജാ ദശരഥന്റേയും ശ്രീരാമന്റേയും നിഷ്ഠയെ സഭയ്ക്കും ഏറെ സ്വീകാര്യമായി, ഒപ്പം മാതൃകയും.

ശ്രീരാമൻ തുടർന്നു -

“ക്ഷേമരാഷ്ട്രം നടപ്പാക്കേണ്ടത് ഏപ്രകാരമെന്ന സ്വയം വ്യക്തതയിൽ നിലകൊണ്ട്, രാജനീതിയെ നിയമമായും, പ്രജാക്ഷേമത്തെ സദുദ്ദേശ്യമായും, കർത്തവ്യത്തെ പിതാവായും, സംരക്ഷണത്തെ മാതാവായും, ചുമതലയേയും ഉത്തരവാദിത്തത്തേയും സന്താനങ്ങളായും, ധർമത്തെ ധനമായും, സദുദ്ദേശ്യത്തെ പരമാർത്ഥമായും, പരിണാമത്തെ സൃഷ്ടിയുടെ സ്വഭാവമായും, പ്രജകളെ രാഷ്ട്രമായും, ആദർശത്തെ പന്ഥാവായും, നീതിയിലും സംശുദ്ധതയിലും അധിഷ്ഠിതമായ

വിവേകത്തെ വഴികാട്ടിയായും, അഹിംസയെ കൂടെപിറപ്പായും, അധർമത്തേയും അഴിമതിയേയും പ്രതിയോഗിയായും, പ്രായോഗികതയെ അടിസ്ഥാനമായും, സദാചാരത്തേയും വിനയത്തേയും നിസ്വാർത്ഥതയേയും സ്വഭാവമായും, മമതയ്ക്ക് കീഴ്പ്പെടാതെ സദാ സ്വയം നിരീക്ഷണത്തിൽ നിലകൊണ്ടും, സംതൃപ്തിയേയും ദിവ്യപ്രേമത്തേയും പ്രതിഫലമായും, സർവ്വോപരി സ്വയംഭൂചൈതന്യവും (പഞ്ചഭൂതാത്മക ദേഹഘടനയല്ലാത്തതും) പ്രകാശസ്വരൂപവും ദേവാധിദേവന്മാരും യഥാക്രമം ജ്യോതിർമണ്ഡലമായ ബ്രഹ്മലോക-ശിവലോക-വിഷ്ണുലോക വാസികളുമായ ജനിതകാധികാരിയും സരസ്വതീസമേതനുമായ ബ്രഹ്മദേവനോടും പാർവ്വതിസമേതനും സർവ്വാധികാരിയും പരമഗുരുവുമായ ശിവദേവനോടും ലക്ഷ്മീസമേതനും സംരക്ഷണാധികാരിയുമായ വിഷ്ണുദേവനോടും സംശുദ്ധ ഭക്തി സ്വയം നിലനിർത്തുന്നവരായോ, സ്വന്തം ധാർമ്മിക ഭക്തിയിലും വിശ്വാസത്തിലും സ്വയം നിലകൊള്ളുന്നവരായോ, സത്യസന്ധതയും ധാർമ്മികമൂല്യങ്ങളും യുക്തിയും അടിസ്ഥാനമാക്കിയുള്ള ജീവിതക്രമത്തിൽ സ്വയം നിലകൊള്ളുന്നവരായോ, പ്രകൃതിയെ ശക്തിയായി സ്വയം ഉൾക്കൊള്ളുന്നവരായോ, പ്രാപഞ്ചികതയെ ജ്ഞാനമായി അംഗീകരിക്കുന്നവരായോ, സ്വയം വിദ്യാർത്ഥിയായി സ്വയം അറിയലും സാക്ഷാത്ക്കരിക്കലുമാകുന്ന ജ്ഞാനമാർഗ്ഗമെന്ന് വിശേഷിപ്പിക്കുന്നവരായോ, സംശുദ്ധ നീതിനിർവ്വഹണത്തെ ആത്യന്തിക പരമാർത്ഥമെന്ന് സ്വയം അനുസരിക്കുന്നവരായോ രാജാവിന്റെ സന്താനങ്ങളിൽ ആരെങ്കിലുമുണ്ടെങ്കിൽ പ്രസ്തുത വ്യക്തിയെ മാത്രം യുവരാജാവായി തെരഞ്ഞെടുക്കാം."

"രാജാവെന്നത് പിന്തുടർച്ചയായി ലഭിക്കേണ്ടതല്ല. യഥാർത്ഥത്തിൽ, പ്രജകൾ യോഗ്യതയുള്ള വ്യക്തിയെ ഭരണാധികാരിയായി തെരഞ്ഞെടുക്കുകയാണ് അനുയോജ്യം. അതിനുള്ള അവകാശം പ്രജകൾക്ക് ലഭിയ്ക്കുന്നുവെങ്കിൽ മാത്രമേ അവർ സ്വതന്ത്രരാകുന്നുള്ളൂ." ശ്രീരാമൻ തുടർന്നു.

"കൃത്യതയോടെ ക്ഷേമരാഷ്ട്രം നടപ്പാക്കേണ്ടത് എപ്രകാരമെന്ന സ്വയം വ്യക്തതയും, പക്വതയും, വിട്ടുവീഴ്ചയില്ലാത്ത നീതിനിർവ്വഹണവും, നിസ്വാർത്ഥതയും, കാര്യപ്രാപ്തിയും, യുക്തിയും, സദാചാര ജീവിതവും, പ്രായോഗികമായ ഉൾക്കാഴ്ചയും, ധൈര്യവും, സൽസ്വഭാവവും, അദ്ധ്വാനശേഷിയും, സദുദ്ദേശ്യവും സംശുദ്ധ ഭക്തിയും, സദാ വിദ്യാർത്ഥിയായിരിക്കുവാനുള്ള ശ്രദ്ധയും, കാര്യനിർവ്വഹണത്തിൽ സൂക്ഷ്മതയോടെ പെട്ടെന്ന് പ്രജാക്ഷേമത്തിന് അനുയോജ്യ

മായ തീരുമാനങ്ങൾ നടപ്പാക്കുന്നതിലുള്ള പ്രാവീണ്യതയും, അറിവ് ആർജ്ജിക്കുവാനുള്ള ജിജ്ഞാസയും, നൂതനാശയങ്ങളിലുള്ള ഗവേഷണ തൽപ്പരതയും, സാങ്കേതിക പരിജ്ഞാനവും, പ്രജാക്ഷേമം സ്വന്തം കാര്യമാകുന്നുവെന്ന ദൃഢനിശ്ചയവും, അഹംഭാവമില്ലായ്മയും, നിതാന്ത ജാഗ്രതയും, ധർമനിഷ്ഠയുമാകുന്ന സാമാന്യേന ഭരണാധികാരി അഥവാ രാജാവാകുന്നതിനുള്ള യോഗ്യത." ശ്രീരാമൻ തുടർന്നു.

"സ്വതന്ത്രവും നിഷ്പക്ഷവും സന്തുലിതവുമായ നീതിനിഷ്ഠയാകുന്ന രാഷ്ട്രത്തിന്റെ നിയന്താവ്. രാജനീതിപ്രകാരം പ്രജാക്ഷേമത്തിനായുള്ള ധാർമ്മികമായ നിയമസംവിധാനമാണ് രാഷ്ട്രത്തെ നിയന്ത്രിക്കേണ്ടത്. യാതൊരു വിശ്വാസ സംഹിതകളും രാഷ്ട്രത്തെ നിയന്ത്രിക്കരുത്. ഭക്തി-വിശ്വാസ കാര്യങ്ങൾ വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും മാത്രം ഉൾപ്പെടുന്നു. രാഷ്ട്രം വ്യക്തിയുടെ നിയമാനുസൃതവും ധാർമ്മികവും സദുദ്ദേശ്യപരവുമായ ഭക്തി-വിശ്വാസങ്ങൾക്ക് സംരക്ഷണം നൽകുമെന്ന് മാത്രം. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം എന്നിവ ലോകത്തിലെ സുപ്രധാന ഘടനയാകുന്നു."

നിഷ്പക്ഷതയോടെ ശ്രീരാമൻ തുടർന്നു.

സപ്തമാവതാര ഭഗവാൻ ശ്രീരാമൻ നീതിനിർവ്വഹണ ചരിത്രത്തിലെ സുപ്രധാന അദ്ധ്യായം രചിക്കുകയാണ്.

മഹാരാജാവിലും കൈകേയി ഒഴികെയുള്ള രാജമഹിഷിമാരിലും, രാജനൈതിക ഉപദേഷ്ടാവായ വസിഷ്ഠനിലും മന്ത്രിമുഖ്യരിലും, മറ്റ് പ്രമുഖരിലും, സഭാവാസികളിലും, പ്രജകളിലും, സർവ്വോപരി ലക്ഷ്മണനിലും സീതയിലും ഒരുപോലെ ജിജ്ഞാസയും പരിഭ്രാന്തിയും വളർത്തി. എന്താണ് സംഭവിക്കുന്നതെന്ന് ആർക്കും കൃത്യമായി ഉൾക്കൊള്ളാനാവാതെ എല്ലാവരും ആകാംക്ഷയോടെ വീക്ഷിച്ചുകൊണ്ടിരുന്നു.

"ഉത്തരം ശ്രേഷ്ഠം!!" സംപ്രീതനായ ദശരഥൻ ശ്രീരാമന്റെ വാക്കുകളെ സർവ്വാത്മനാ സ്വീകരിച്ചു.

"കുമാരാ! നമ്മുടെ അടുത്ത ചോദ്യത്തിനും വ്യക്തമായ ഉത്തരം നൽകുക." ദശരഥൻ തുടർന്നു.

"അല്പംമുമ്പ് കുമാരൻ വ്യക്തമാക്കിയ ഗുണങ്ങളെല്ലാം തികഞ്ഞ പുത്രനെ മഹാ

രാജാവ് യുവരാജാവാക്കുന്നതിനായി തീരുമാനിച്ചുവെന്ന് കരുതുക. അഭിഷേക ദിനവും സമയവും പ്രജകളോട് പ്രഖ്യാപിച്ചു. അതിനിടെ, മുമ്പൊരിക്കൽ നടന്ന യുദ്ധത്തിൽ സഹായിച്ചതിനുള്ള പ്രത്യുപകാരമായി അനുയോജ്യമായ അഭീഷ്ടം നിറവേറ്റാമെന്ന് രാജാവ് നൽകിയ വാക്കാകുന്ന രണ്ട് വരദാനങ്ങളെ ലഭിക്കുവാനായി യുവരാജാഭിഷേകം പ്രഖ്യാപിച്ചതായ ഈ അവസരത്തിൽ രാജമഹിഷി ഒരു പ്രത്യേക ആവശ്യത്തെ, സ്വാർത്ഥതയാൽ അസാധാരണമായ ആവശ്യത്തെ ഉന്നയിച്ചുവെന്നും കരുതുക!!" സഭയുടെ ജിജ്ഞാസയെ വർദ്ധിപ്പിക്കുവാനെന്നപോൽ ദശരഥൻ തെല്ലിട നിർത്തി തുടർന്നു.

"ശ്രേഷ്ഠനും സർവ്വഗുണസമ്പന്നനുമായ പ്രഖ്യാപിത യുവരാജാവിനെ നിശ്ചിത കാലത്തേക്ക് വനവാസത്തിനയച്ച് പകരം തന്റെ മകനെ രാജാവാക്കുക!!! അതാകുന്നു രാജമഹിഷിയുടെ അസാധാരണമായ ആവശ്യം!!!" ദശരഥന്റെ വാണികൾ സഭയെ നിശബ്ദമാക്കി.

അപ്രതീക്ഷിതമായ സംഭവങ്ങൾക്ക് സാക്ഷ്യംവഹിക്കുന്ന അവസ്ഥ. അയോദ്ധ്യ ഇതുവരേയും അഭിമുഖീകരിച്ചിട്ടില്ല ഇത്തരമൊരു രംഗം.

അതിനിടയിൽ ദശരഥന്റെ വാക്കുകൾ സഭയാകെ പ്രകമ്പനംകൊണ്ടു.

"അല്ലയോ രാമാ! രാജനൈതിക ധർമാചരണങ്ങൾ അനുസരിച്ച് തത്സമയങ്ങളിൽ എന്തായിരിക്കണം രാജാവിന്റെ തീരുമാനം?"

എല്ലാവരുടേയും ശ്രദ്ധ പൊടുന്നനെ കൈകേയിയിലേക്ക് തിരിഞ്ഞു. അവരുടെ അസ്വസ്ഥതയും ഭയവും നിറഞ്ഞ മുഖവും പരിഭ്രമത്താലുള്ള അംഗചലനങ്ങളും ഗൗരവമായ പ്രശ്നങ്ങൾ ഉള്ളതായി എല്ലാവരേയും സംശയിപ്പിക്കുവാൻ കാരണമാക്കി.

വളരെ അർത്ഥവത്തും എന്നാൽ ഗുപ്തമായും വിഷയാവതരണം നടത്തുന്ന രാജാവിന്റെ രീതിയെ വസിഷ്ഠന് ഏറെ ഇഷ്ടമായി. അദ്ദേഹം മാത്രം എല്ലാം അറിഞ്ഞിട്ടുണ്ടായിരുന്നു. വസിഷ്ഠൻ രാജനൈതിക നിയമങ്ങളിൽ രാജാവിന്റെ ധാർമ്മിക ഉപദേഷ്ടാവാണ്. അതുകൊണ്ട് ധർമപരിപാലനത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിനും പ്രാധാന്യമുണ്ട്.

ലക്ഷ്മണനും ചിന്താകുലനായി കാണപ്പെട്ടു. സീത രാമനെ ഉറ്റുനോക്കി. പ്രജകൾ ആകാംക്ഷയോടെ ഓരോ വാക്കുകളും ശ്രദ്ധിച്ചുകൊണ്ടിരുന്നു. സന്തോഷവും

എന്നാൽ ഭയാശങ്കയും മുറ്റിനിൽക്കുന്ന അന്തരീക്ഷത്തിൽ രാമൻ തുടർന്നു.

“അഭിപ്രായം മാറ്റാവുന്നതും എന്നാൽ തീരുമാനം നടപ്പാക്കി സ്വയം അനുസരിക്കേണ്ടതുമാകുന്നു. ഇവിടെ യോഗ്യനായ പുത്രനെ യുവരാജാവായി തീരുമാനിച്ച് രാജാഭിഷേകദിനംപോലും പ്രഖ്യാപിച്ചുവെങ്കിൽ, നിശ്ചയം, കാലവിളംബംകൂടാതെ പ്രജകളോടുള്ള വാക്ക് പൂർത്തീകരിക്കുവാനായി രാജാവ് യുവരാജാഭിഷേകം നടത്തണം. പ്രാപ്തനായ ഭരണാധികാരിയെയായിരിക്കണം തന്റെ പിൻഗാമിയായി രാജാവ് നിശ്ചയിക്കേണ്ടത്. പ്രജകളുടെ അവകാശമാണത്. പ്രജകളുടെ അവകാശത്തെ നിലനിർത്തുകയും സംരക്ഷിക്കുകയും രാജാവിന്റെ മുഖ്യകർത്തവ്യമാകുന്നു.”

അക്ഷോഭ്യനായി സഭയെ നിരീക്ഷിച്ചുകൊണ്ട് ശ്രീരാമൻ തുടർന്നു.

“പ്രജനനത്തിനും, ധർമാചരണത്തിൽ സഹചാരിണിയാകുന്നതിനുമാണ് പുരുഷൻ സ്ത്രീയെ വധുവായി വേൾക്കുന്നതും പതിയായി സ്വീകരിച്ച് സംരക്ഷിക്കുന്നതും. അതിനാൽ ധർമാചരണത്തിന് വിരുദ്ധമായ യാതൊന്നും പതിയും പതിയും പരസ്പരം ആവശ്യപ്പെടുവാനും നിർവ്വഹിക്കുവാനും പാടില്ല.” ശ്രീരാമന്റെ വിധിപ്രസ്താവം ഭാരത ചരിത്രത്തിൽ സുന്ദരമുഹൂർത്തമായി മാറി.

അതുവരേയും വെച്ചുപുലർത്തിയിരുന്ന അറിവില്ലായ്മയെ തിരിച്ചറിഞ്ഞ് വിവേകത്തോടെ ജീവിതവിജയം നേടുന്നതിനുള്ള ഉത്തമമാർഗ്ഗദർശിയായി സപ്തമാവതാര ഭഗവാൻ ശ്രീരാമൻ സഭയാകെ, ഭാരതമാകെ നിറഞ്ഞുനിന്നു.

നിഷ്പക്ഷവും ഭയരഹിതവുമായ ശ്രീരാമന്റെ നീതിനിർവ്വഹണം സഭയിലുള്ളവർക്കെല്ലാം അഭിമാനവും മാതൃകയുമായി.

ശ്രീരാമൻ തുടർന്നു -

“യഥാർത്ഥത്തിൽ രാജാവും രാജമഹിഷിയും പ്രജ തന്നെയാകുന്നു. പ്രജകൾ തങ്ങളുടെ പ്രതിനിധിയായി രാജാവിനേയും രാജമഹിഷിയേയും അവരോധിക്കുന്നുവെന്ന് മാത്രം. രാജമഹിഷിയുടെ അവസരോചിതമായ സഹായം രാജാവിന്റെ പ്രാണരക്ഷക്കും തന്മൂലമുള്ള യുദ്ധവിജയത്തിനും കാരണമായെങ്കിലും, അതിന്റെപേരിൽ രാജാവ് ഒരിക്കലും രാജമഹിഷിക്ക് അഭീഷ്ടം നിറവേറ്റാമെന്ന വരദാനം നൽകാൻ പാടില്ല. കാരണം രാജാവിനെ രക്ഷിച്ച് യുദ്ധത്തിൽ വി

ജയിക്കുവാൻ അവസരമൊരുക്കിയെന്നത്, ഫലത്തിൽ, പ്രതിയോഗിയിൽനിന്നും സ്വന്തം രാജ്യത്തെ രക്ഷിക്കൽകൂടിയാകുന്നു. അവ ഏതൊരു പ്രജയുടേയും കർത്തവ്യമാകുന്നു. അതിനായി രാജാവൊരിക്കലും വരദാനം നൽകേണ്ടതില്ല. പകരം രാജമഹിഷിയുടെ അവസരോചിതമായ പ്രവൃത്തിയെ അംഗീകരിക്കണം. കൂടാതെ ധീരതയ്ക്കായി അർഹമായ സ്ഥാനാധികാരങ്ങൾ നൽകുകയും വേണം."

"കാരണം അപ്രകാരമുള്ള പ്രോത്സാഹനം രാജ്യത്തിന്റെ സുരക്ഷയിൽ ഏതൊരു പ്രജയ്ക്കും തുല്യമായ സ്ഥാനമാണുള്ളതെന്ന് വ്യക്തമാകുവാൻ സന്ദർഭമൊരുക്കുന്നു. മാത്രമല്ല പതിയുടെ പ്രാണരക്ഷയ്ക്കായുള്ള ഏതൊരു ശ്രമവും പത്നിയുടെ ഉത്തരവാദിത്തവും ധർമവുമാകുന്നു. ധർമത്തെ അനുഷ്ഠിക്കുമ്പോൾ വരദാനം നൽകേണ്ടതില്ല. ഏതൊരു അഭീഷ്ടവും നിറവേറ്റാമെന്ന വരദാനം നൽകുവാൻ സാധാരണ മനുഷ്യർക്ക് അധികാരമില്ല എന്ന പരമപ്രാധാന്യമർഹിക്കുന്ന കാര്യം രാജാവ് വിസ്മരിച്ചു. അൽപജ്ഞാനവും പരിമിത സ്ഥാനാധികാരങ്ങളുമുള്ള മനുഷ്യൻ ഏതൊരു അഭീഷ്ടവും നിറവേറ്റാമെന്ന വരദാനം നൽകുവാൻ പാടില്ല. സാധാരണ പ്രജകൾക്ക് മാതൃകയാകേണ്ടതായ രാജാവിൽനിന്നും യാതൊരുപ്രകാരത്തിലും സ്വജനപക്ഷപാതത്തിനും അഹംഭാവത്തിനും അജ്ഞതയ്ക്കും വിധേയമായി രാജനീതിയ്ക്ക് വിരുദ്ധമായി യാതൊന്നും സംഭവിച്ചുകൂടാ."

തെല്ലുനേരം സഭയെ – പ്രത്യേകിച്ച് ദശരഥനേയും രാജമഹിഷി കൈകേയിയേയും – ശ്രദ്ധിച്ചുകൊണ്ട് ശ്രീരാമൻ തുടർന്നു.

"സ്വന്തം ജീവൻ രക്ഷിച്ചു എന്ന കാരണത്താൽ വ്യക്തിപരമായി രാജാവ് തന്നെ ഏതൊരു അഭീഷ്ടവും നിറവേറ്റാമെന്ന രണ്ട് വരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ, തീർച്ചയായും വ്യക്തി എന്ന നിലയ്ക്ക് മാത്രം രാജാവ് അത് നിർവ്വഹിക്കേണ്ടതാകുന്നു. പക്ഷേ വ്യക്തിക്ക് രാജാധികാരങ്ങളില്ല. രാജാവ് എന്ന സ്ഥാനത്തിനുമാത്രമേ അധികാരങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ." ശ്രീരാമൻ തുടർന്നു.

"തെരുവിലെ യാചകനായ ഭിക്ഷക്കാരനും ധാർമ്മികമായ അവകാശങ്ങൾ മാത്രമേയുള്ളൂവെങ്കിലും, ആ ഭിക്ഷുതന്നെ രാജാവാകുമ്പോൾ അധികാരാവകാശങ്ങൾക്ക് വ്യത്യാസമുണ്ടാകുന്നു. അതിനാൽ സ്ഥാനങ്ങൾക്കാകുന്ന അധികാരങ്ങളുള്ളത്. തൽസ്ഥാനത്ത് അവരോധിയ്ക്കപ്പെട്ട വ്യക്തിയ്ക്ക് പ്രസ്തുത അധികാരാവകാശങ്ങളുണ്ടെങ്കിലും അത് ആ വ്യക്തിയ്ക്കുവേണ്ടിയാണെന്നോ

വ്യക്തിയുടേതാണെന്നോ സങ്കൽപ്പിക്കുവാനോ സ്വന്തമാക്കുവാനോ പാടില്ല. അതുപോലെ വ്യക്തിപരമായി തികച്ചും പരിമിതമായ അധികാരാവകാശങ്ങൾ മാത്രമേ രാജാവിനും ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ രാജാവെന്ന സ്ഥാനപ്രകാരം ആ രാജ്യത്തെ സർവ്വാധികാരിയുമാകുന്നു." രാജനീതിയെ അവലംബമാക്കി സ്ഥാനാധികാരത്തിന്റെ കൃത്യതയെക്കുറിച്ച് ദശരഥനന്ദനായ ശ്രീരാമൻ വിശദീകരിച്ചു.

"സർവ്വഗുണസമ്പന്നനായ യുവരാജാവിനെ വനത്തിലേക്കയച്ച് പകരം തന്റെ മകനെ രാജാവാക്കണമെന്ന് വ്യക്തിപരമായി രാജാവ് നൽകിയ വരദാനത്തിന്റെ പേരിൽ രാജമഹിഷി ആവശ്യപ്പെടുന്നതിനെ നടപ്പാക്കുവാൻ രാജധർമ്മമനുസരിച്ച് രാജാവിന് അധികാരമില്ല. വ്യക്തിയ്ക്ക് ഭാര്യയുണ്ടാകാം, സന്താനങ്ങളുണ്ടാകാം. രാജാവ് എന്ന സ്ഥാനത്തിന് പ്രജകൾ മാത്രമേയുള്ളൂ. പത്നിയും സന്താനങ്ങളുമില്ല. പ്രജാപരിപാലനം ക്ഷേമാധിഷ്ഠിത ഭരണത്താൽ മാത്രമേ സാധ്യമാകൂ. യുവരാജാവാകുന്നു ഭാവിരാജാവ്. സർവ്വഗുണസമ്പന്നനായ യുവരാജാവിനെ ലഭിക്കേണ്ടത് പ്രജകളുടെ അവകാശവുമാകുന്നു. അതിനാൽ രാജമഹിഷിയുടെ ആവശ്യപ്രകാരം പ്രസ്തുത യുവരാജാവിനെ വനവാസത്തിനയച്ച് അയോഗ്യനായ വ്യക്തിയെ കുത്സിത മാർഗ്ഗത്തിലൂടെ തൽസ്ഥാനത്ത് അവരോധിക്കുന്നത്, യഥാർത്ഥത്തിൽ, പ്രജകളുടെ അവകാശത്തെ നിഷേധിക്കലായിത്തീരുന്നു." ശ്രീരാമൻ തുടർന്നു.

"രാജമഹിഷി നിയുക്ത യുവരാജാവിനെ ദീർഘകാലം വനവാസത്തിന് അയയ്ക്കണമെന്ന് ആവശ്യപ്പെടുന്നുവെങ്കിൽ, സുനിശ്ചിതം, അവർ രാജ്യദ്രോഹക്കുറ്റത്തിന് വിചാരണ ചെയ്യപ്പെടുകയാണ് വേണ്ടത്. കാരണം തന്റെ മകനെ രാജാവാക്കണമെന്ന് രാജനീതിയ്ക്ക് വിരുദ്ധമായി ആവശ്യപ്പെടുമ്പോൾ, തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കപ്പെടുവാനിടയായി സുശക്തനായ ഒരു ഭരണാധികാരിയെ നഷ്ടപ്പെടുന്നതിനാൽ രാജ്യത്ത് അന്തഃച്ഛിദ്രവും അരക്ഷിതാവസ്ഥയും രൂപംകൊള്ളും; പ്രജാക്ഷേമം നിലയ്ക്കപ്പെടും; പ്രതിയോഗികൾ രാജ്യം കീഴടക്കും. അങ്ങനെ ഫലത്തിൽ രാജമഹിഷിയുടെ ആവശ്യം ആ രാജ്യത്തെ നശിപ്പിയ്ക്കുവാനിടയാക്കും. അതിനാൽ അവയ്ക്ക് കൂട്ടുനിൽക്കാതെ രാജമഹിഷി മുതൽ ഗൂഢാലോചനയിൽ ഉൾപ്പെട്ടവരെയെല്ലാം മാതൃകാപരമായി ശിക്ഷിക്കുകയാണ് വേണ്ടത്. അപ്പോൾ അവശേഷിക്കുന്ന ഒരു ചോദ്യമുണ്ട്! രാജമഹിഷിയോടുള്ള വാക്ക് എങ്ങനെ പാലിയ്ക്കാമെന്ന്?" സ്വല്പനേരം നിർത്തി രാമൻ കൈകേയിയെ

ശ്രദ്ധിച്ചു. ഏറെ ഭയവിഹ്വലയായിരിക്കുന്നു അവർ.

"പിതാവിന് പുത്രനോട് ഒരിക്കലും വനവാസിയാകുന്നതിന് ആവശ്യപ്പെടുവാനുള്ള അധികാരമില്ല. പിതാവും മാതാവും പുത്രനെ സൃഷ്ടിക്കുന്നില്ല. സൃഷ്ടിയ്ക്കപ്പെടുന്നതിന് അവസരം ഒരുക്കുന്നുവെന്ന് മാത്രം. കൂടാതെ ജീവിയ്ക്കുവാനുള്ള സ്വാതന്ത്ര്യം മാനുഷികമായ അവകാശവുമാകുന്നു. പിതാവിന് പുത്രന്റേയും പുത്രന് പിതാവിന്റേയും ജീവിക്കുക എന്ന ധാർമ്മികമായ സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ അധികാരമില്ല. പകരം ജീവിക്കുന്നതിനുള്ള അവസരം ഒരുക്കുവാൻ മാത്രമേ അനുവാദമുള്ളൂ. അപ്പോഴേ അവ ധർമമാവുകയുള്ളൂ."

ശ്രീരാമന്റെ മറുപടി ഏറെപ്പേരെ ചിന്തിപ്പിച്ചു. മറ്റുള്ളവർ രാമന്റെ ജ്ഞാനത്തിൽ തൃപ്തി രേഖപ്പെടുത്തി. വേറെ ചിലർക്ക് ജിജ്ഞാസയും കൗതുകവും. ലക്ഷ്മണൻ ഉൾപ്പെടെയുള്ളവർക്ക് ഏതോ ദുഃസ്സൂചനയുടെ ലക്ഷണമായി തോന്നി.

"വാക്കുപാലിക്കുകയെന്നാൽ ധർമമായിരിക്കുന്നു എന്ന് സാരം. പക്ഷേ ധർമത്തിന് അനുയോജ്യമായി മാത്രമേ വാക്ക് ലഭിയ്ക്കപ്പെട്ടവർ ആവശ്യപ്പെടുവാനും, വാക്ക് നൽകിയവർ പാലിയ്ക്കുവാനും പാടുള്ളൂ. ഇവ രണ്ടും ഫലത്തിൽ, തീർച്ചയായും അതാത് സ്ഥാനപ്രകാരം നീതിപൂർവ്വം ധാർമികമെങ്കിൽമാത്രമേ പാലിക്കേണ്ടതുള്ളൂ. സ്വയം അർഹതയില്ലെങ്കിലും രണ്ട് വരങ്ങൾ ലഭിച്ചുവെന്ന കാരണം പറഞ്ഞ് ആവശ്യപ്പെട്ടത് ധർമവിരുദ്ധമായിട്ടാകുന്നു എന്നതിനാലും വ്യക്തിപരമായും, പതി-പിതാവ്-രാജാവ് എന്നീ സ്ഥാനങ്ങൾപ്രകാരവും നിറവേറ്റേണ്ടതില്ല. ധർമവിരുദ്ധമായി നൽകിയ സ്വന്തം വാക്ക് പാലിയ്ക്കുവാനായി പിതാവ് പുത്രനോട് വനവാസത്തിന് ആവശ്യപ്പെടുന്നത് തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കപ്പെടുന്നതിനോടൊപ്പം, യഥാർത്ഥത്തിൽ, പുത്രന്റെ ജീവിയ്ക്കുവാനുള്ള അവകാശത്തെ നിഷേധിയ്ക്കലുമായിത്തീരുന്നു. രാജാവും പിതാവും ഒരു വ്യക്തി തന്നെയാകുമ്പോൾ പിതാവ് എന്ന സ്ഥാനപ്രകാരം രാജാവിന് അതിനും അർഹതയില്ല."

"ഉത്തമം! അത്യുത്തമം!! കുമാരന്റെ മറുപടി." രാജാ ദശരഥൻ അതീവ സംതൃപ്തനായി ഉച്ചത്തിൽ ഘോഷിച്ചു.

"ശ്രേഷ്ഠം!" വസിഷ്ഠനും ആശിർവദിച്ചു.

"സഭയുടെ തീരുമാനം അറിയുവാൻ നാം താൽപ്പര്യപ്പെടുന്നു." ദശരഥൻ സന്നി

ഹിതരായവർക്കെല്ലാം അവസരമൊരുക്കി.

“ഞങ്ങളെല്ലാം കുമാരന്റെ വിധിന്യായത്തോട് പൂർണ്ണമായും യോജിക്കുന്നു.” എല്ലാവരും ഏകസ്വരത്തിൽ മറുപടി നൽകി.

“എങ്കിൽ നാം ഇതാ സുപ്രധാനമായൊരു തീരുമാനത്തെ അറിയിക്കുന്നു!!” ദശരഥൻ തുടർന്നു.

“രാജമഹിഷി കൈകേയിയേയും വിദുഷി മന്ഥരയേയും ഈ നിമിഷം മുതൽ കൽത്തുറുങ്കിൽ അടയ്ക്കുക. സേനാപതേ നമ്മുടെ ആജ്ഞയെ ക്ഷണത്തിൽ നിറവേറ്റുക.”

മഹാരാജാ ദശരഥന്റെ ആജ്ഞ എല്ലാവരേയും സ്തബ്ധരാക്കി.

ഒരുനിമിഷംകൊണ്ട് സഭയാകെ ശോകത്താൽ മൂകമായി. ആർക്കും ഒന്നും ഉൾക്കൊള്ളാനാവാതെ എല്ലാവരും പരസ്പരം മിഴിച്ചുനോക്കി. വസിഷ്ഠൻ മാത്രം നിസ്സംഗനായി.

രാമൻ തികഞ്ഞ ജാഗ്രതയോടെ വീക്ഷിച്ചു. കൗസല്യയും സുമിത്രയും ഭയചകിതരായി. കൈകേയി നിശബ്ദയായി താഴോട്ടു നോക്കിയിരുന്നു.

സേനാപതി ഭടന്മാരോടൊത്ത് രാജാജ്ഞയെ നിറവേറ്റുവാനായി തൽക്ഷണം ചങ്ങലകളുമായി കൈകേയിയുടെ സമീപമെത്തിയപ്പോൾ -

“മഹാരാജാ! അവിടുന്ന് ദയവായി വെളിപ്പെടുത്തിയാലും! എന്താകുന്നു മാതാ കൈകെയിയ്ക്ക് ഇപ്രകാരമൊരു ശിക്ഷ വിധിക്കുവാനുള്ള കാരണം?” ശ്രീരാമൻ ഭവ്യതയോടെ മഹാരാജാ ദശരഥനോട് അപേക്ഷിച്ചു.

“പ്രിയ രാമാ! സത്യമായൊരു കാര്യത്തെ വ്യംഗ്യമായി അവതരിപ്പിയ്ക്കുകയായിരുന്നു നാം ഇതുവരെ. രാജമഹിഷി വരദാനപൂർത്തീകരണത്തിന് ആവശ്യപ്പെട്ടതായ കാര്യം, യഥാർത്ഥത്തിൽ കൈകേയി നമ്മോട് നേരിട്ട് ആവശ്യപ്പെട്ടതാകുന്നു. രാജധർമ്മമനുസരിച്ച് വസിഷ്ഠൻ ഒഴികെ മറ്റാരോടും നാമത് വെളിപ്പെടുത്തിയിട്ടില്ല. കൈകേയിയേയും മന്ഥരയേയും രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു.” മഹാരാജാ ദശരഥൻ വ്യക്തമായി വിശദീകരിച്ചു.

“എത്രയോ വർഷങ്ങൾക്കുമുമ്പ് നടന്ന യുദ്ധത്തിൽ സഹായിച്ചതിന്റെ പേരിൽ

ഏതൊരു അഭീഷ്ടവും നിറവേറ്റാനായി വാക്കാൽ രണ്ട് വരങ്ങൾ നാം കൈകേയിയ്ക്ക് നൽകിയിരുന്നു. അതനുസരിച്ച് ഇത്തരുണത്തിൽ ആ രണ്ട് വരദാനങ്ങളേയും അവർ നമ്മോട് ആവശ്യപ്പെട്ടു. ഒന്ന്, ഭരതനെ രാജാവാക്കുക. രണ്ട്, രാമൻ പതിന്നാല് വർഷം വനവാസം നയിയ്ക്കുക."

അസ്ത്രമേറ്റ് പിടയുന്ന പക്ഷിയ്ക്ക് തുല്യം കൗസല്യയും സീതയും ലക്ഷ്മണനും ഉൾപ്പെടെ എല്ലാവരും ദശരഥ വചനങ്ങൾകേട്ട് ദുഃഖാർത്തരായി. രാജസഭയായതിനാൽ എല്ലാവരും സംയമനം പാലിച്ചു. ദശരഥൻ തുടർന്നു.

"നമുക്കും പ്രജകൾക്കും പ്രിയപ്പെട്ട ഗുണസമ്പന്നനും ഉത്തമനുമായ രാമനെ വനവാസത്തിനയയ്ക്കണമെന്ന ദുർബുദ്ധി രാജമഹിഷിയായിട്ടും കൈകേയിയ്ക്കുണ്ടായെങ്കിൽ, തീർച്ചയായും അവരെ മാതൃകാപൂർവ്വം ശിക്ഷിക്കേണ്ടത് നിർബന്ധമാകുന്നു. മാത്രമല്ല, അമ്മയ്ക്ക് തുല്യം സ്ഥാനം നൽകി സ്നേഹിച്ച, യാതൊരു തെറ്റുംചെയ്യാത്ത രാമനെ നിഷ്ഠൂരമായി പതിന്നാല് വർഷം വനവാസത്തിന് അയയ്ക്കണമെന്ന് ആവശ്യപ്പെട്ട കൈകേയി മാതൃസ്നേഹത്തിന് തീരാകളങ്കമാണ്. സംസ്കാരത്താൽ സമ്പന്നമായ സനാതന ധർമമെന്ന ഈ ജീവിതരീതിയെ തെറ്റിദ്ധരിക്കുന്നതിന് ഇടയാകുന്നവിധത്തിൽ അപരാധം ചെയ്തുവെന്ന കുറ്റം എല്ലാത്തിലുമുപരി ശിക്ഷയർഹിയ്ക്കുവാൻ കാരണമാകുന്നു." വിധികർത്താവായ മഹാരാജാ ദശരഥൻ പ്രഖ്യാപിച്ചു.

സഭാവാസികളെല്ലാം നിശബ്ദരാണെങ്കിലും, കൈകേയിയെ ശിക്ഷിയ്ക്കുവാൻ വിധിച്ചതിലൂടെ നീതിനിഷ്ഠയിലും ധർമാചരണത്തിലുമുള്ള ആർഷഭാരത സംസ്കാരത്തിന്റെ മാഹാത്മ്യത്തിൽ അവരെല്ലാം ആവേശഭരിതരായി.

അതിനിടെ -

"മഹാരാജൻ! അവിടുത്തെ കൃപയാൽ ചിലത് ഉണർത്തിയ്ക്കുവാൻ ദയവായി അനുവാദമേകണം." ശ്രീരാമൻ വിനീതനായി ആവശ്യപ്പെട്ടു.

"പറയൂ!" ദശരഥൻ അനുവദിച്ചു.

"ഇപ്പോൾ ഈ സാഹചര്യത്തിൽ മാതാ കൈകേയിയെ ശിക്ഷിയ്ക്കുവാൻ പാടില്ല. പുത്രൻ ഭരതൻ ഈ സമയത്ത് ഇവിടെ ഇല്ലാത്തതിനാൽ, നിർബന്ധമായും ഭരതനെ വിളിച്ചുവരുത്തി കാര്യങ്ങളെല്ലാം യഥാ ധരിപ്പിച്ചതിനുശേഷം

മാത്രമേ യാതൊന്നും നിർവ്വഹിയ്ക്കാവൂ. അല്ലെങ്കിൽ രാജഭരണം തട്ടിയെടുക്കുവാനായി ചമച്ചുണ്ടാക്കിയ കഥയാണിതെന്ന് ഒരുപക്ഷേ, ഭരതന് തോന്നിയാലും തെറ്റുപറയാനാവില്ല. കാരണം ഇത്രയും ഗൗരവമേറിയ വിഷയങ്ങളുണ്ടായിട്ടും എന്തുകൊണ്ട് തന്നെയൊന്ന് വിവരമറിയിച്ചില്ല എന്ന ഭരതന്റെ ചോദ്യത്തിന് ഉത്തരം കൊടുക്കുവാൻ അയോദ്ധ്യാവാസികളിൽ ആർക്കും കഴിയില്ല. അതുകൊണ്ട് ക്ഷണമാത്രേണ ഭരതനെ വരുത്തുകയാണ് രാജനീതിയും ധർമവും. അതുവരെ മാതാ കൈകേയിയേയും വിദുഷി മന്ഥരയേയും കൽത്തുറുങ്കിൽ അടയ്ക്കുന്നതിനു പകരം അന്തഃപുരത്തിൽ തന്നെ കരുതൽ തടങ്കലിലാക്കാം. മാത്രമല്ല, അവരെ മാത്രം ശിക്ഷിയ്ക്കുന്നതും അനീതിയാണ്." ശ്രീരാമൻ തുടർന്നു.

"ശരിയാണ്! കുമാരൻ പറയുന്നതാണ് ധർമം." വസിഷ്ഠൻ രാമന്റെ നീതിവാക്യത്തെ പിന്താങ്ങി. മന്ത്രിമുഖ്യരും സഭാവാസികളും രാമന്റെ തീരുമാനത്തോട് യോജിച്ചു.

രാജമഹിഷിമാരും സീത ഉൾപ്പെടെയുള്ളവരും ലക്ഷ്മണനും രാമവചനങ്ങളെ ശരിവെച്ചു.

"കുമാരൻ ഭരതനെ ഉടൻ തന്നെ വരുത്തുവാൻ ഏർപ്പാട് ചെയ്യുക." ദശരഥൻ മന്ത്രിമുഖ്യരിൽ പ്രമുഖനായ സുമന്ത്രനോടായി ആജ്ഞാപിച്ചു.

"മഹാരാജൻ! ഈ വിഷയത്തിൽ വളരെ പ്രാധാന്യമർഹിയ്ക്കുന്ന ഒരു കാര്യമുണ്ട്. അവിടുന്ന് ദയവായി അനുവദിച്ചാലും." ശ്രീരാമൻ വീണ്ടും രാജാവിനോട് അപേക്ഷിച്ചു.

"വിധിനിർണ്ണയത്തിലും രാമൻ ധർമപുരുഷൻ ! വേഗം തുടർന്നാലും!" ദശരഥൻ അനുമതി നൽകി.

"വിധിയ്ക്കുന്നത് വ്യക്തിയെയല്ല, പകരം ചെയ്തികളെയാകുന്നു. അവ നിർവ്വഹിയ്ക്കപ്പെട്ട ശരീരം ശിക്ഷ അനുഭവിയ്ക്കുവാൻ ബാധ്യസ്ഥമാകുന്നുവെന്നുമാത്രം." രാമൻ തുടർന്നു.

"ശിക്ഷ വിധിയ്ക്കുമ്പോൾ കുറ്റക്കാരെ മാത്രമല്ല, കുറ്റം നിർവ്വഹിയ്ക്കുന്നതിന് കാരണവും പ്രചോദനവും അവസരവും നൽകിയവരേയുംകൂടി ഉൾപ്പെടുത്തണം."

“ഒരുപക്ഷേ കുറ്റം നിർവ്വഹിയ്ക്കപ്പെട്ടവരല്ല, പകരം അവസരമൊരുക്കിയവരായിരിയ്ക്കാം യഥാർത്ഥ കുറ്റവാളികൾ. അങ്ങനെയെങ്കിൽ കുറ്റം ചെയ്യുന്നതിന് അവസരമൊരുക്കിയവർക്കാണ് ശിക്ഷ അനുഭവിയ്ക്കേണ്ടതിൽ പ്രാമുഖ്യം നൽകേണ്ടത്.” ശ്രീരാമൻ വ്യക്തമാക്കി.

“ധർമത്തെമാത്രം അവലംബമാക്കി, രാജനീതിയെമാത്രം അടിസ്ഥാനമാക്കി, അയോദ്ധ്യാരാജൻ ദശരഥന്റെ പുത്രനും, ആർഷഭാരതത്തിന്റെ പ്രതിനിധിയും, സംരക്ഷണാധികാരി വിഷ്ണുദേവന്റെ സപ്തമാവതാരവുമായ നാമിതാ വെളിപ്പെടുത്തുന്നു: യഥാർത്ഥ കുറ്റക്കാരൻ മഹാരാജ ദശരഥനാകുന്നു. അതിനാൽ ശിക്ഷ വിധിയ്ക്കുവാൻ രാജാവ് എന്ന സ്ഥാനത്ത് നിലകൊണ്ട് നമ്മുടെ പിതാവുകൂടിയായ ദശരഥന് ഒരിയ്ക്കലും അർഹതയും അധികാരവുമില്ല. കാരണം കുറ്റക്കാരനും ഒന്നാംപ്രതിയുമായ രാജാവ് തന്നെ താനുൾപ്പെട്ട വ്യവഹാരത്തിന്റെ വിധി നിശ്ചയിയ്ക്കുമ്പോൾ, രാജനീതിപ്രകാരം ധാർമ്മികമായിരിയ്ക്കുമെന്ന് പ്രജകൾക്ക് എങ്ങനെ വിശ്വസിയ്ക്കുവാൻ കഴിയും? **കർത്തവ്യനിർവ്വഹണത്തിന് വരദാനം നൽകുവാൻ പാടില്ല. യുദ്ധത്തിൽ സഹായിച്ചു എന്നതിന് ഒരിക്കലും രാജമഹിഷിയ്ക്ക് വരദാനം നൽകുവാൻ മഹാരാജാവിന് അധികാരമില്ല. പതിയുടെ പ്രാണൻ രക്ഷിച്ചതിന് പത്നിയ്ക്കും വരം നൽകേണ്ടതില്ല. കാരണം രണ്ടും കർത്തവ്യമാകുന്നു.** കൈകേയി പ്രജയും പത്നിയുമാകുന്നു. എന്നാൽ അംഗീകാരവും അധികാരസ്ഥാനങ്ങളും നൽകി ആദരിയ്ക്കാം, ബഹുമാനിയ്ക്കാം. പക്ഷേ ഒരിയ്ക്കലും അത്തരം സഹായത്തിന് ഏതൊരു അഭീഷ്ടവും നിറവേറ്റാമെന്ന കരാറിൽ, വാക്കാകുന്ന വരദാനം നൽകുവാൻ രാജാവിനും പതിയ്ക്കും അധികാരമില്ല. അങ്ങനെ ചെയ്യുന്നത് അധികാര ദുർവ്വിനിയോഗവും ധർമത്തിന് വിരുദ്ധവുമാകുന്നു. സ്ഥാനാധികാരപ്രകാരം അനുവാദമുണ്ടെങ്കിൽ മാത്രമേ അർഹതയുള്ളവർക്ക് രാജനീതിപ്രകാരം ധാർമ്മികമായി അനുയോജ്യവും തികച്ചും ആവശ്യവുമായത് നൽകുവാൻ പാടുള്ളൂ. പക്ഷേ ഒരിയ്ക്കലും വരദാനം പാടില്ല. അല്ലെങ്കിൽ വാക്കിന്റെ മാഹാത്മ്യം തന്നെ നഷ്ടപ്പെടും. തന്മൂലം പ്രജകൾ അപഥസഞ്ചാരത്തിന് ഉടമസ്ഥരാകും. ഏതൊരു അഭീഷ്ടവും നിറവേറ്റുവാനുള്ള വരം നൽകുന്നതിന് ഈ ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെയുള്ള ജീവിവർഗ്ഗങ്ങൾക്ക് അധികാരമില്ല.”

കുടുംബ ബന്ധങ്ങൾക്കും രാജാവ് അഥവാ ഭരണാധികാരി എന്ന സ്ഥാനത്തിനും പ്രാധാന്യം കൈവരുന്നത് രാജനീതിപ്രകാരം ധാർമ്മികമായി ക്ഷേമാധിഷ്ഠിത ഭരണത്തിലൂടെ പ്രജാക്ഷേമം നടപ്പാക്കുമ്പോൾ മാത്രമാണ്. ശ്രീരാമൻ

പ്രായോഗികമായി തെളിയിക്കുന്നതും അതുതന്നെ.

അമ്പരപ്പും ഭയവും ആശങ്കയും മുറ്റിനിൽക്കുന്ന അന്തരീക്ഷത്തിന് തികഞ്ഞ നിശബ്ദത മാറ്റുകൂട്ടി. സഭാവാസികൾ ഒന്നടങ്കം അത്ഭുതത്തോടെ ശ്രീരാമനെ വീക്ഷിച്ചു. സ്വയം വിശ്വസിക്കുവാനാകാതെ അവർ വീർപ്പുമുട്ടി.

നീതിപൂർവ്വവും ധാർമ്മികവുമായ വിധിപ്രസ്താവം ശ്രീരാമൻ തുടർന്നു.

"ഇവിടെ തനിക്കർഹതയില്ലാത്ത വരദാനം കൊടുത്ത ദശരഥനാണ് ഒന്നാം പ്രതി. രാജഭരണം ശിഥിലമാകുവാനും പ്രജകൾ അനാഥാവസ്ഥയെ പ്രാപിക്കുവാനും ധർമം എപ്രകാരമെന്ന് ഉൾക്കൊള്ളുവാൻ സാധിക്കാത്ത തരത്തിൽ ധാരണയിൽ അപാകതയുണ്ടാകുന്നതിനും കാരണമാംവിധം തനിക്ക് ലഭിച്ച വരദാനത്തെ ദുരുപയോഗം ചെയ്ത മാതാ കൈകേയിയാണ് രണ്ടാംപ്രതി. അതിനെല്ലാം പ്രോത്സാഹനം നൽകി ചെയ്യിച്ചതിന് കാരണക്കാരിയായ മന്ഥരയാണ് യഥാക്രമം മൂന്നാം പ്രതി. രാജനീതിയിൽ ധർമം ഇപ്രകാരമാകുന്നു. മഹാരാജാവ് ക്ഷമിച്ചാലും." ശ്രീരാമന്റെ നീതിപൂർവ്വവും യുക്തിഭദ്രവുമായ വിധി സഭയെ അമ്പരപ്പിച്ചു.

"ബലേ ഭേഷ്! രാമൻ! നീ തന്നെ യഥാർത്ഥ രാജാവ്! നീ തന്നെ ഉത്തമൻ!!" ഓടിവന്ന് ശ്രീരാമനെ മാറോടണച്ചു, ധർമത്തിൽ നിലകൊള്ളുവാൻ വെമ്പുന്ന വൃദ്ധനായ ദശരഥൻ.

"നമുക്ക് സന്തോഷമായി! അയോദ്ധ്യാവാസികൾ ഭാഗ്യശാലികൾ തന്നെ!! ധർമപുരുഷനായ രാമനെ ലഭിച്ചതിൽ ഭാഗ്യശാലികൾ തന്നെ!!!" ദശരഥൻ ആഹ്ലാദചിത്തനായി ഉച്ചൈസ്തരം ഘോഷിച്ചുകൊണ്ടിരുന്നു.

"ശ്ലാഘനീയം! കുമാരന്റെ വിധി തികച്ചും ധർമാനുസൃതം!! രാജനൈതിക ഉപദേഷ്ടാവായ നാം പരിപൂർണ്ണമായും അംഗീകരിക്കുന്നു." വസിഷ്ഠൻ അനുമോദിച്ചുകൊണ്ട് മഹാരാജാവിനോട് ഉണർത്തിച്ചു.

"അയോദ്ധ്യാരാജൻ ദശരഥൻ ധർമത്തെ സാക്ഷിയാക്കി പ്രഖ്യാപിക്കുന്നു: കുറ്റവാളിയായ, അയോദ്ധ്യാരാജനുമായ നാം മഹാരാജാവ് എന്ന നമ്മുടെ സ്ഥാനം ഈ നിമിഷം തന്നെ സർവ്വഗുണസമ്പന്നനും ധർമോത്തമനുമായ ശ്രീരാമനെ, പ്രജകളെ സാക്ഷിയാക്കി ഇതാ ഏൽപ്പിക്കുന്നു. രാജ്യാഭിഷേകദിനത്തിൽ വി

ധികളനുസരിച്ച് എല്ലാം നടത്താം. ജയഭേരി മുഴക്കുക! അയോദ്ധ്യാ രാജൻ ശ്രീ രാമന് ജയഭേരി മുഴക്കുക!!"

ആദർശത്താൽ ആവേശഭരിതനായ ദശരഥൻ തുടർന്നു.

"മഹാരാജാ രാമൻ വിധിക്കുക. കുറ്റവാളിയായ നമുക്ക് ശിക്ഷ വിധിക്കുക. അങ്ങനെ ഈ സംസ്ക്കാരം ധർമത്തിന്റേയും നീതിയുടേയും വിളനിലമാകട്ടെ. ധർമസംസ്ഥാപനമെന്ന അങ്ങയുടെ സപ്തമാവതാരോദ്ദേശ്യം പൂർത്തീകരിക്കപ്പെടട്ടെ." യുദ്ധത്തിൽ വിജയശ്രീലാളിതനായ രാജാവിനെപ്പോലെ ദശരഥൻ ആവേശഭരിതനായി പ്രഖ്യാപിച്ചു.

"മഹാരാജാ രാമൻ വിജയിക്കട്ടെ! അയോദ്ധ്യാപതി രാമൻ വിജയിക്കട്ടെ!" സഭയാകെ ജയഭേരി മുഴക്കിക്കൊണ്ടിരുന്നു.

"നിർത്തൂ..." പൊടുന്നനെയുള്ള രാമന്റെ ആജ്ഞ സഭയെ നിശ്ചലമാക്കി.

"അധികാരത്തിനുവേണ്ടിയല്ല, ധർമത്തെ പുന:സ്ഥാപിക്കുകയെന്ന നമ്മുടെ അവതാരദൗത്യം നിറവേറ്റിയെന്നുമാത്രം. സ്വതന്ത്രമായി രാജനീതിപ്രകാരം ധാർമ്മികമായി എങ്ങനെയായിരിക്കണമെന്ന് വിശദീകരിച്ചുവെന്നുമാത്രം."

ശ്രീരാമൻ തുടർന്നു -

**"ധാരണയിലെ അപാകതയാൽ ധർമം എപ്രകാരമെന്ന് വെളിപ്പെടാതിരിക്കുമ്പോൾ ധർമത്തെക്കുറിച്ച് വ്യക്തമാക്കി പുന:സ്ഥാപിക്കുകയാകുന്നു ധർമസംസ്ഥാപനം. അതിനാകുന്നു അവതരിക്കുന്നത്. ശത്രുക്കളായ ഏതെങ്കിലും പ്രത്യേക വ്യക്തികളെ വധിക്കുവാനല്ല അവതരിക്കുന്നത്."**

"ഭരിക്കുവാൻ നാമാര്? ഭരിക്കുന്നത് സർവ്വാധികാരിയും പരമഗുരുവുമായ ശിവദേവൻ മാത്രം. അതിൽ നാമാര്? കർതൃത്ത്വം ഏറ്റെടുക്കുവാൻ ഈ ശരീരത്തിനും ജീവനും എന്തധികാരം? സകലതും പാർവ്വതി സമേതനായ സർവ്വാധികാരി പരമഗുരു ശിവദേവന്റെ ഇച്ഛ. നാം കേവലം ഉപാധി മാത്രം. സകലതും സർവ്വാധികാരി പരമഗുരു ശിവദേവന്റെ അന്തിമതീരുമാനമാകുന്നു. ഓരോ വ്യക്തിയുടേയും ശരീരത്തിന്റെ പോരായ്മയും സ്വാർത്ഥതയും അഹങ്കാരവും അവയിൽ കലരാതിരിക്കുവാനായി സദാ പ്രാർത്ഥിക്കുക; സംശുദ്ധ ഭക്തിയ്ക്കും സദുദ്ദേശ്യ

ത്തിനും.''

"സ്തുതിക്കേണ്ടത് നമ്മെയല്ല. മനുഷ്യരെ അതാത് സ്ഥാനപ്രകാരം അനുസരിയ്ക്കാം, ആദരിയ്ക്കാം ബഹുമാനിയ്ക്കാം; പക്ഷെ, ആരാധിയ്ക്കരുത്, സ്തുതിച്ച് അഹങ്കാരികളാക്കി വഴിതെറ്റിക്കരുത്. എപ്പോഴും പ്രാർത്ഥിയ്ക്കേണ്ടത് സ്വയംഭൂ ചൈതന്യവും പ്രകാശസ്വരൂപവും ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോക-ശിവലോക-വിഷ്ണുലോക വാസികളുമായ ബ്രഹ്മദേവനോടും സർവ്വാധികാരി പരമഗുരു ശിവദേവനോടും സംരക്ഷണാധികാരി വിഷ്ണുദേവനോടുമാകുന്നു. ജയഭേരി മുഴക്കേണ്ടത് നമുക്കല്ല!! നേരിട്ട് സ്വയം പ്രാർത്ഥന എന്ന യഥാർത്ഥമായ ആരാധന ദേവവർഗ്ഗത്തോട് മാത്രമേ പാടുള്ളൂ; പ്രകാശ സ്വരൂപ ജ്യോതിർമണ്ഡല സമുന്നത സ്ഥാനധികാര ബ്രഹ്മദേവ-ശിവദേവ-വിഷ്ണുദേവ ദേവവർഗ്ഗത്തോട് മാത്രം.'' അമാനുഷിക ഭാവത്തോടെ ശ്രീരാമൻ അവതാര പ്രഖ്യാപനം തുടർന്നു.

"പിതാവ്, പുത്രൻ, സഹോദരൻ, രാജാവ് മുതലായ സ്ഥാനങ്ങൾപ്രകാരം സർവ്വദാ സ്വയം നിർവ്വഹിക്കേണ്ടതായ ചുമതലകളും ഉത്തരവാദിത്തങ്ങളും കടമകളും കർത്തവ്യങ്ങളും ദൗത്യങ്ങളും സ്വന്തം തീരുമാനപ്രകാരം പരപ്രേരണയില്ലാതെ ധാർമ്മികമായി നീതിപൂർവ്വം ചെയ്തു പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവരേയും അതിനായി സദാ പരിശ്രമിക്കുന്നവരേയും മാത്രമേ ബ്രഹ്മദേവ-ശിവദേവ-വിഷ്ണുദേവ ദേവവർഗ്ഗത്തിന് സ്വീകാര്യമാകൂ. നിർമ്മലവും നിഷ്ക്കളങ്കവുമായ ഭക്തി സ്വജീവിതത്തിൽ നിലനിർത്തേണ്ടത് ഇപ്രകാരമാണ്. ചിരിയ്ക്കുവാനും കരയുവാനും പഠിപ്പിയ്ക്കേണ്ടതില്ല. സ്വാഭാവിക പ്രക്രിയയാണത്. ആത്മാർത്ഥമായി ഭജിയ്ക്കുക, പ്രാർത്ഥിയ്ക്കുക എന്നതെല്ലാം നിരന്തര സ്മരണയാൽ സംഭവിയ്ക്കുന്നതാണ്; ഏതൊന്നും ദേവങ്കൽനിന്നും അനുവദിയ്ക്കുന്നതിനാൽ മാത്രമാകുന്നു എന്ന നിരന്തര സ്മരണയാൽ. അനുവാദിതം എങ്കിൽ മാത്രം എന്ന സ്വയം വ്യക്തതയിൽ നിലകൊള്ളുന്നതിനും യഥാർത്ഥ ദേവവർഗ്ഗ ദേവസ്മരണയ്ക്കും **ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമഃ** എന്ന മന്ത്ര ജപം പ്രയോജനപ്പെടുന്നു. ഉദ്ദേശിയ്ക്കുന്ന പദത്തിന്റെ ക്രമപ്രകാരം ആവർത്തിച്ചുള്ള ഉച്ചാരണം നിത്യേനയും നിരന്തരമായും തുടരുമ്പോൾ സ്മരണയിൽ സുപ്രധാനതയോടെ നിലനിൽക്കുന്നതിന് സഹായമാകുന്നു എന്നത് മസ്തിഷ്ക്കത്തിന്റെ അടിസ്ഥാനപ്രവർത്തന രീതിയാകുന്നു. അതുകൊണ്ടാണ് ദേവസ്മരണയ്ക്കായി നിരന്തരം ജപിയ്ക്കണമെന്ന് അറിയിയ്ക്കുന്നത്. പക്ഷെ, അറിയുക, ഈ ഭൂമിയും ജീവിവർഗ്ഗങ്ങളെയുംക്കുറിച്ച് വ്യക്തമായി അറിയുന്ന ദേവവർഗ്ഗത്തെ ഒരിയ്ക്കലും തൃപ്തിപ്പെടുത്തുവാനും പ്രീതി

പ്പെടുത്തുവാനും സാധ്യമല്ലെന്ന്. ഔദ്യോഗിക നിർവ്വഹണം കൃത്യതയോടെ പൂർത്തിയാക്കുന്ന ദേവവർഗ്ഗത്തിന് ഈ ഭൂമിയിൽ നിന്നും മറ്റാരിൽ നിന്നും യാതൊന്നും ആവശ്യമില്ല എന്ന പരമപ്രാധാന്യ നിയമത്തേയും വസ്തുതയേയും വിസ്മരിച്ച് വന്ദിയ്ക്കുന്നതിനായി പ്രകടനപരമായി യാതൊന്നും ചെയ്യാതിരിയ്ക്കുക. യഥാർത്ഥത്തിൽ നിന്ദിയ്ക്കാതിരിയ്ക്കുവാനുള്ള ദത്തശ്രദ്ധയാകുന്ന വന്ദിയ്ക്കലായി ത്തീരുന്നത്.'' ശ്രീരാമൻ തുടർന്നു.

“അന്ത:പുരത്തിനുള്ളിലെ അസ്വസ്ഥതകളും ഉപജാപങ്ങളും ഗൂഢാലോചനകളും ആശയക്കുഴപ്പങ്ങളും പ്രതിസന്ധികളും പ്രജകൾക്കിടയിൽ ഏറെ ഭയാശങ്കക ളും ഉൽക്കണ്ഠയുമുളവാക്കും. തന്നിമിത്തം സമ്പദ്രംഗവും പ്രതിരോധശേഷിയും ഭരണനിർവ്വഹണവും ക്രമസമാധാനപാലനവും തകർച്ചയിലേയ്ക്ക് നീങ്ങുവാൻ സാഹചര്യമായേക്കും. അതിനാൽ അയോദ്ധ്യയുടെ ചരിത്രത്തിനും ആർഷസം സ്ക്കാരത്തിന്റെ ശുദ്ധതയ്ക്കും കളങ്കമേൽക്കാതിരിക്കുവാൻ ഇപ്പോൾ മഹാരാജാ ദശരഥൻ അനുവദിച്ച അധികാരാവകാശപ്രകാരം അയോദ്ധ്യാരാജനായ ശ്രീ രാമൻ ഇതാ വിധിക്കുന്നു. അറിവില്ലായ്മയാലും അശ്രദ്ധയാലും നൽകിയ വാ ക്കിനാൽ വന്ന അബദ്ധമാകുന്നു, ഇവിടെ, ഇത്രയും അഹിതങ്ങൾക്ക് കാരണ മായത്. എന്നാൽ യാതൊന്നും അപ്രിയമായി സംഭവിച്ചിട്ടില്ല. പ്രേരണകളും പരിശ്രമങ്ങളും മാത്രമേ ഉണ്ടായിട്ടുള്ളൂ. എല്ലാം നമ്മോട് ബന്ധപ്പെട്ടതായതി നാൽ വിധി പറയുവാനുള്ള അർഹതയിലും നമുക്കു തന്നെയാകുന്നു പ്രാമുഖ്യം. ഇത്രയും വിശദീകരിച്ചതിനെ അടിസ്ഥാനമാക്കി അയോദ്ധ്യാവാസികളും രാജ മുഖ്യരും നിയമജ്ഞരും അറിയുന്നതിനായി ധാർമ്മികമായി രാജനീതിപ്രകാ രം നാം വിധിക്കുന്നു. രാജാ ദശരഥനും രാജമഹിഷി കൈകേയിയും കുറ്റം നി ർവ്വഹിച്ചുവെങ്കിലും ശിക്ഷ അനുഭവിക്കുന്നതിൽനിന്നും വിമുക്തരാണ്. എന്നാൽ മന്ഥരയെ ശിക്ഷിക്കണം.'' ശ്രീരാമൻ തുടർന്നു.

“ശിക്ഷക്കർഹമായ കുറ്റം സംഭവിച്ചതിനുശേഷം നിയമപ്രകാരം കുറ്റക്കാരെ തിരിച്ചറിഞ്ഞ് ശിക്ഷ വിധിക്കുമ്പോൾ കുറ്റം ചെയ്തവരുടെ മാനസികാവസ്ഥ, തത്സമയത്തെ അവബോധം, സാഹചര്യം, സന്ദർഭം, ഉദ്ദേശ്യലക്ഷ്യങ്ങൾ, കാ ര്യകാരണങ്ങൾ, തെളിവുകൾ, സാക്ഷികൾ, രേഖകൾ, ഉൾപ്പെട്ടവർ, പ്രേരണ, നിർബന്ധിതാവസ്ഥ, സാന്ദർഭികമായ നിസ്സഹായത, രാജ്യത്തിന്റെ സ്ഥിതി, പൊതുസാമൂഹിക സ്ഥിതി തുടങ്ങിയവയെല്ലാം യുക്തിപൂർവ്വം വിശദമായി അപ ഗ്രഥിച്ച് കുറ്റമാകാവുന്ന കൃത്യം നിർവ്വഹിച്ചിട്ടുണ്ടെങ്കിൽപോലും അതാത് സ്ഥാ

നപ്രകാരം ധർമത്തിനും നീതിക്കും അനുയോജ്യമായി അർഹരെങ്കിൽ മാത്രമേ ശിക്ഷിക്കുവാൻ പാടുള്ളൂ.'' ശ്രീരാമൻ തുടർന്നു.

"കുറ്റവാളികളായി എക്കാലവും നിലനിർത്തുവാനല്ല രാജനീതിപ്രകാരമുള്ള നീതിനിർവ്വഹണ സംവിധാനം. കുറ്റവാസനകളിൽനിന്നും കരകയറ്റി രക്ഷപ്പെടുത്തി കുടുംബമെന്ന ജീവിത പന്ഥാവിലേയ്ക്ക് ആനയിക്കുകയാണ് നീതിപീഠത്തിന്റെ കർത്തവ്യം. അലംഘനീയമായ നിയമമാണത്. വൈരാഗ്യമോ വിദ്വേഷമോ വിപരീതബുദ്ധിയോ വ്യക്തിവിരോധമോ അസൂയയോ പ്രതികാരമോ യാതൊരു കാരണവശാലും നീതിനിർവ്വഹണത്തിന് വിഘാതമാകുവാൻ പാടില്ല. നീതി ആരുടേയും സ്വന്തമല്ല. നീതി നടപ്പാക്കിയാൽ മാത്രമേ ധർമത്തിന്റെ മാഹാത്മ്യവും പ്രയോജനവും പ്രജകൾക്ക് വെളിപ്പെടൂ. സർവ്വാധികാരി പരമഗുരു ശിവദേവന്റേയും വിഷ്ണുദേവന്റേയും അനുഗ്രഹവും സംരക്ഷണവും ലഭിയ്ക്കുന്നതിനായി രാജ്യത്ത് രാജനീതിപ്രകാരമുള്ള നീതിനിർവ്വഹണവും ക്ഷേമാധിഷ്ഠിത ഭരണവും നിർബന്ധമാകുന്നു.'' ശ്രീരാമൻ തുടർന്നു.

"അതിർത്തിയിൽ കാവൽനിൽക്കുന്ന ഭടൻ നുഴഞ്ഞുകയറ്റക്കാരായ രാജ്യദ്രോഹികളും തീവ്രവാദികളുമായ ഒട്ടേറെപേരെ വധിച്ചിരിക്കാം. അവയെല്ലാം കൊലപാതകമാണെങ്കിലും ഉദ്ദേശ്യം രാജ്യരക്ഷയായതിനാലും രാജനീതിപ്രകാരം ശത്രുനിഗ്രഹത്തിന് അനുവാദമുള്ളതിനാലും പ്രസ്തുത ഭടൻ കുറ്റക്കാരനല്ല, ശിക്ഷയനുഭവിക്കേണ്ടതുമില്ല. അതേപ്രകാരം മഹാരാജാവിനെതിരെ വധശ്രമം നടത്തിയവരെ നിഷ്ഠൂരമായി അംഗരക്ഷകർ വധിച്ചിട്ടുണ്ടാകും. പക്ഷേ അപ്പോഴും അംഗരക്ഷകർ ശിക്ഷിക്കപ്പെടുന്നില്ല. വധോദ്ദേശ്യം മഹാരാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തിയുടെ പ്രാണരക്ഷയ്ക്കും തന്മൂലം രാജ്യരക്ഷയ്ക്കും കാരണമായതിനാൽ അംഗരക്ഷകർ ശിക്ഷിക്കപ്പെടുന്നില്ല. മഹാരാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തിയെ വധിക്കുവാൻ ശ്രമിച്ചവരെ പിടികൂടുകയോ അഥവാ സന്ദർഭത്തിന്റെ ഗൗരവവും സാഹചര്യവും പരിഗണിച്ച് വധിക്കുകയോ ചെയ്യേണ്ടത് സുരക്ഷാഭടന്മാരുടെ കർത്തവ്യവും ധർമവുമായിത്തീരുന്നു. അതിനാൽ സുരക്ഷാഭടന്മാർ കുറ്റവിമുക്തരാണ്. ഏതൊരു കുറ്റവും സംഭവിച്ചുവെങ്കിലും, കുറ്റക്കാരെ കണ്ടെത്തി തിരിച്ചറിഞ്ഞുവെങ്കിലും, ശിക്ഷ വിധിച്ച് നടപ്പാക്കുന്നതിനുമുമ്പ് ഒട്ടേറെ കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്.'' ശ്രീരാമൻ തുടർന്നു.

"ഇവിടെ മഹാരാജാ ദശരഥൻ നൽകിയ വരദാനമാണ് എല്ലാ അഹിതങ്ങൾക്കും

കാരണമെങ്കിലും, തനിക്ക് അർഹതപ്പെട്ടതോ താൻ നൽകുവാൻ പാടുള്ളതോ അല്ല പ്രസ്തുത വരദാനമെങ്കിലും, സ്നേഹത്താലും പ്രാണൻ രക്ഷിക്കപ്പെട്ടതിലുള്ള കൃതജ്ഞതയാലും, പരിഭ്രമത്താലും, ധർമാധർമങ്ങളുടെ വിചിന്തനമില്ലായ്മയാലും, യുദ്ധത്തിലെ വിജയത്തിലൂടെ തന്റെ പ്രപിതാമഹന്മാരുടെ കീർത്തിയെ നിലനിർത്തുവാൻ സാധിച്ചുവെന്ന അഭിമാനവും, ശരീരബന്ധത്തോടെയുള്ള തീരുമാനവും അങ്ങനെയൊരു വരദാനത്തിനിടയാക്കിയപ്പോൾ, വർഷങ്ങൾക്കുമുമ്പ് സംഭവിച്ച ആ വരദാനം ഇന്ന്, ഇത്തരുണത്തിൽ, ഇവിടെ, ഇങ്ങനെയൊരു രാജ്യദ്രോഹകുറ്റത്തിന് ഇടയാക്കുംവിധം സന്ദർഭം ഉണ്ടാക്കുന്നതിനോ ഉരുത്തിരിയുന്നതിനോ ഉദ്ദേശ്യംവെച്ചുകൊണ്ടല്ലാത്തതിനാൽ തീർച്ചയായും മഹാരാജാ ദശരഥൻ വരദാനം നൽകിയെന്നതിനാൽ കുറ്റക്കാരനെങ്കിലും ശിക്ഷയിൽനിന്നും വിമുക്തനാകുവാൻ അർഹത നേടുന്നു.'' ശ്രീരാമൻ തുടർന്നു.

''വരദാനം നൽകി എന്നതിന്റെ പേരിൽ ഒരിക്കലും മാതാ കൈകേയിയുടെ ധർമവിരുദ്ധവും രാജ്യത്തെ അട്ടിമറിക്കുന്നതും തികച്ചും രാജ്യദ്രോഹക്കുറ്റത്തിന് കാരണവുമായ വരദാനാവശ്യത്തെ മഹാരാജാ ദശരഥൻ അനുകൂലിക്കുകയും അംഗീകരിക്കുകയും ചെയ്തില്ലായെന്നിരിക്കേ, തീർച്ചയായും, വരദാനത്തെ നൽകിയിരുന്ന ദശരഥന് ദുരുദ്ദേശ്യമില്ലാത്തതിനാൽ, സുനിശ്ചിതം, മഹാരാജാ ദശരഥൻ തീർത്തും കുറ്റവിമുക്തനാവാൻ അർഹത നേടുന്നു.'' ശ്രീരാമൻ തുടർന്നു.

''നീതിപൂർവ്വം നിയമം നടപ്പാക്കേണ്ടതായ രാജാവിനെ തന്നെ നിശ്ചിത സംഭവത്തിന് കുറ്റക്കാരനെന്ന് കണ്ടെത്തുമ്പോൾ, തീർച്ചയായും ദുരുദ്ദേശ്യമുണ്ടെങ്കിൽ അദ്ദേഹത്തിന് അവയെ നിരാകരിക്കാം, തന്റെ അധികാരം ഉപയോഗിച്ച് അടിച്ചമർത്താം. അങ്ങനെ അധർമിയാകാം. എന്നാൽ ഇവിടെ ധാർമ്മികതയിൽ തൽപ്പരനായ മഹാരാജാ ദശരഥൻ കുറ്റക്കാരൻ താനാണെന്ന് സ്വയം അംഗീകരിച്ചുകൊണ്ട് ഭാരതചരിത്രത്തിന്നാകമാനം യശസ്സ് നൽകുംവിധം അഭിമാനത്തോടെ തന്റെ രാജാധികാരംപോലും കയ്യൊഴിയുവാൻ തയ്യാറായി ശിക്ഷയെ വരിക്കുവാൻ താൽപ്പര്യപ്പെട്ടുവെന്നിരിക്കേ, തീർച്ചയായും, അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയിൽ ഒട്ടും കളങ്കമുണ്ടായിരുന്നില്ലെന്ന് സാഹചര്യങ്ങളിലൂടെ ഒന്നുകൂടി വ്യക്തമാവുകയും ചെയ്യുന്നു.'' ശ്രീരാമൻ തുടർന്നു.

''രാജസഭയിൽവെച്ച് പ്രജകളുടെ സമക്ഷത്തിങ്കൽ മഹാരാജാ ദശരഥൻ നടത്തിയ കുറ്റസമ്മതവും തന്മൂലമുള്ള അപമാനവും മാനനഷ്ടവും, തുടർന്നുള്ള സ്ഥാന

മൊഴിയലും, ഫലത്തിൽ, അർഹതപ്പെടാത്തതും ധർമവിരുദ്ധവുമായ വരദാനം നൽകിയതിനുള്ള ശിക്ഷയായി ദശരഥൻ അനുഭവിക്കുകയും ചെയ്തു. ഒരു കുറ്റത്തിന് രണ്ടുപ്രാവശ്യം ശിക്ഷിക്കുവാൻ പാടില്ല. ചെയ്തികൾ എന്തായാലും ഉദ്ദേശ്യവും കൂടി പരിശോധിച്ച് നിജസ്ഥിതി വ്യക്തമായതിനുശേഷം മാത്രമേ കുറ്റക്കാർക്ക് ശിക്ഷ വിധിച്ച് നടപ്പാക്കുവാൻ പാടുള്ളൂ."

"അനുയോജ്യവും അർഹതപ്പെട്ടതുമല്ല തനിക്ക് ലഭിക്കപ്പെട്ട വരദാനമെന്ന് മാതാ കൈകേയി സ്വയം അറിയാതിരിക്കേ, തന്റെ വത്സലപുത്രൻ തൽസാമീപ്യത്തിൽ ഇല്ലാത്ത വേളയിൽ, മറ്റൊരു രാജമഹിഷിയുടെ മകനെ യുവരാജാവായി പ്രഖ്യാപിച്ചപ്പോൾ, ആദ്യാവസരങ്ങളിലെല്ലാം താനും പുത്രതുല്യം സ്നേഹിച്ചിരുന്ന പ്രസ്തുത രാജമഹിഷിയുടെ യുവരാജാവാകുവാൻ തെരഞ്ഞെടുക്കപ്പെട്ട കുമാരനെ മാതാ കൈകേയി ഏറെ ആനന്ദാതിരേകത്താൽ ആശ്ലേഷിക്കുകയുണ്ടായി!!" ശ്രീരാമൻ തുടർന്നു.

"എന്നാൽ വിദുഷി മന്ഥരയുടെ കുടിലബുദ്ധിയാൽ രൂപംകൊണ്ട കുതന്ത്രങ്ങളുടെ പ്രേരണ, താനും തന്റെ മകനും രാജ്യത്തിൽനിന്നുതന്നെ നിഷ്കാസിതരാകുമെന്ന ഭയത്തെ വർദ്ധിപ്പിക്കുവാൻ സാഹചര്യമൊരുക്കിയപ്പോൾ, തന്റെ മകനെ രക്ഷിക്കുക എന്ന ഒരേയൊരു ചിന്തയാൽ മന്ഥരയുടെ രാജ്യദ്രോഹക്കുറ്റത്തിന് നിദാനമായ സമ്മോഹന വാക്കുകളെ നീതിയ്ക്കും ധർമത്തിനും അനുയോജ്യമായതാണോയെന്ന് പരിശോധിക്കാതെ മാതാ കൈകേയി സ്വീകരിച്ചപ്പോൾ കുറ്റത്തിന് ആസ്പദമായ വരദാനത്തെ മഹാരാജാ ദശരഥനോട് ആവശ്യപ്പെടുകയാണുണ്ടായത്." ശ്രീരാമൻ തുടർന്നു.

"കൈകേയിയുടെ വരദാനാവശ്യങ്ങളുടെ വിവിധ വശങ്ങളെക്കുറിച്ച് പരിശോധിക്കേണ്ടതും അത്യാവശ്യമാണ്. ഭരതനായിരിക്കണം രാജാവ്. രാമൻ പതിനാല് വർഷം വനവാസം നയിക്കണം. ഇതാണ് കൈകേയിയുടെ ആവശ്യം. വിദുഷി മന്ഥരയുടെ പ്രേരണയാൽ മാതാ കൈകേയി ആവശ്യപ്പെട്ടതിൻപ്രകാരം സംഭവിയ്ക്കുന്നുവെങ്കിൽ, ശ്രീരാമന് ഒരിക്കലും അയോദ്ധ്യയിൽ രാജാവാകുന്നതിന് സാധിക്കുകയില്ല. പതിനാല് വർഷങ്ങൾ മാത്രം രാജാവാകരുതെന്നല്ല വരദാനാവശ്യം. ഭരതൻ ജീവിച്ചിരിക്കുന്നതുവരേയും എല്ലാക്കാലവും ഭരതൻ മാത്രമായിരിക്കണം അയോദ്ധ്യയുടെ രാജാവ് എന്നതാണ് കൈകേയിയുടെ വരദാനാവശ്യത്തിന്റെ പ്രധാന ഉദ്ദേശ്യം അഥവാ കാതൽ. അതിനു വേണ്ടി

യാണ് രാമനെ വനത്തിലേയ്ക്ക് അയക്കുന്നത്. പ്രജകളുടെ സമീപത്തെവിടേയും രാമനുണ്ടാവരുത്. ദീർഘകാലം പ്രജകളിൽനിന്നും രാമൻ വിട്ടുനിൽക്കുമ്പോൾ ഭരതന് ആ കാലയളവിനുള്ളിൽ നല്ല ഭരണം നടപ്പിലാക്കി പ്രജകളെ വരുതിയിലാക്കാം എന്ന കുടിലതന്ത്രമാണ് മന്ഥര കൈകേയിയോട് ഓതിക്കൊടുത്തത്. അതാണ് കൈകേയി ആവശ്യപ്പെട്ടതും.'' ശ്രീരാമൻ തുടർന്നു.

''പതിനാല് വർഷത്തെ വനവാസം കഴിഞ്ഞ് തിരിച്ചെത്തുന്ന ശ്രീരാമനെ അയോദ്ധ്യയുടെ രാജാവായി അവരോധിക്കുമെന്ന് കൈകേയിയുടെ വരദാനാവശ്യങ്ങളിൽ എവിടേയുമില്ല. ധർമവിരുദ്ധമായ വരദാനാവശ്യം അംഗീകരിച്ചെങ്കിൽ പിന്നീട് പതിനാല് വർഷങ്ങൾക്കുശേഷവും രാമന് ഒരിക്കലും അയോദ്ധ്യയുടെ രാജാവാകുന്നതിന് കഴിയില്ല. അഥവാ അങ്ങനെ രാജാവായാൽ പ്രതിജ്ഞാലംഘനമായിത്തീരും. ഭരതൻ രാജാവാകണമെന്ന് ആവശ്യപ്പെട്ടതിന്റെ അർത്ഥവും ഉദ്ദേശ്യവും ആജീവനാന്ത രാജാധികാരം തന്നെ. പതിനാല് വർഷത്തേയ്ക്ക് ഭരതൻ രാജാവായതിനുശേഷം പിന്നീട് വനവാസം കഴിഞ്ഞ് തിരിച്ചെത്തുന്ന രാമന് അയോദ്ധ്യയുടെ രാജാവാകാമെന്നുമല്ല വരദാനമെന്ന പേരിൽ കൈകേയി ദശരഥനോട് ആവശ്യപ്പെട്ടത്. ശ്രീരാമൻ ഒരിക്കലും അയോദ്ധ്യയുടെ രാജാവാകാൻ പാടില്ല എന്ന കുടിലതന്ത്രമാണ് ഹീനമായ രീതിയിൽ മന്ഥര കൈകേയിയിലൂടെ നടപ്പാക്കുവാൻ ശ്രമിച്ചത്.'' ശ്രീരാമൻ തുടർന്നു.

''അനുസരണയുള്ള പുത്രനായതിനാൽ പിതാവിന്റെ വാക്കുകൾപ്രകാരം രാമൻ വനവാസിയായി അയോദ്ധ്യയിൽനിന്നും വിടവാങ്ങിക്കൊള്ളുമെന്ന മുൻവിധിയിലാണ് ധർമവിരുദ്ധമായ വരദാനാവശ്യം എന്ന കുതന്ത്രത്തിന്റെ കരുക്കൾ നീക്കിയത്. യഥാർത്ഥ അറിവുള്ളവർ വ്യക്തികളേയോ ബന്ധങ്ങളേയോ അല്ല, പകരം, രാജനീതിപ്രകാരം സ്ഥാനത്തേയും ധർമത്തേയുമാകുന്നു അനുസരിക്കുന്നത് എന്ന വസ്തുത മന്ഥരയും കൈകേയിയും വിസ്മരിച്ചു. യഥാർത്ഥ അറിവുള്ളവർ ഏതൊരു കാര്യത്തേയും സംഭവത്തേയും അത്യന്തം സൂക്ഷ്മമായും സ്വതന്ത്രമായും അപഗ്രഥിച്ച് പരിപൂർണ്ണമായും രാജനീതിപ്രകാരം ധർമമാണോയെന്നു വ്യക്തമായതിനുശേഷം മാത്രമേ സ്വീകരിക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നതിനുള്ള അന്തിമ തീരുമാനമെടുക്കുകയുള്ളൂ. ക്ഷേമാധിഷ്ഠിത ഭരണത്തിലൂടെ ക്ഷേമരാഷ്ട്രം നടപ്പാക്കുക എന്ന സപ്തമാവതാര ദൗത്യപൂർത്തീകരണത്തെ തടസ്സപ്പെടുത്തുന്നതിനുള്ള ശ്രമമായി കാണുമ്പോൾ മാത്രമേ ഈ വിഷയത്തിന്റെ

ഗൗരവം വ്യക്തമാവുകയുള്ളൂ. അതിനാൽ ഈ പ്രവണത നിസ്സാരമല്ല. തള്ളിക്കളയേണ്ടതുമല്ല.''

സഭാംഗങ്ങൾ വിഷയത്തിന്റെ തീവ്രതയും ദുരുദ്ദേശ്യത്തിന്റെ ആഴവും അറിഞ്ഞ് സ്തബ്ധരായി! കുടുംബ ബന്ധങ്ങൾക്കുമപ്പുറം രാജ്യകാര്യങ്ങളിലുള്ള പ്രാധാന്യവും അപകടാവസ്ഥയും തിരിച്ചറിഞ്ഞ സഭാംഗങ്ങളും പ്രജകളും സങ്കീർണ്ണമായ ഈ വിഷയത്തെ കൈകാര്യം ചെയ്യുന്ന ശ്രീരാമന്റെ ധർമാചരണത്തിലുള്ള അനിതരസാധാരണമായ മെയ്‌വഴക്കം കണ്ട് അത്ഭുതപ്പെട്ടു. യാതൊന്നിനോടും മമതയില്ലാത്ത എന്നാൽ എല്ലാവരേയും അറിഞ്ഞ് ബഹുമാനിക്കുന്ന ശ്രീരാമന്റെ നയതന്ത്രരീതിയും നീതിനിർവ്വഹണവും പ്രജകളുടെ പ്രശംസ ഏറ്റുവാങ്ങി.

''രാജ്യദ്രോഹം മുളയിലേ നുള്ളിക്കളയുന്നതിലാണ് രാജ്യതന്ത്രം വിജയിക്കുന്നത്; പർവ്വതത്തോളം വളർത്തിയിട്ടല്ല. ഏതൊരു വ്യക്തിയുടെ ദുരുദ്ദേശ്യവും രാജ്യകാര്യങ്ങളിൽ പ്രതികൂലമായി പ്രതിഫലിക്കുന്നതിനുമുമ്പേ ആ വ്യക്തിയുടെ വഴിയറിഞ്ഞ് കരുക്കൾ നീക്കിയിരിക്കണം. ആർക്കും ദുരുദ്ദേശ്യം നടപ്പാക്കുവാൻ കഴിയുന്ന വിധത്തിൽ യാതൊന്നും പറയുവാനോ ചെയ്യുവാനോ രാജാവ് അവസരം കൊടുക്കരുത്. രാജ്യം പ്രതിസന്ധിയിലാവുന്ന അത്തരം സന്ദർഭങ്ങളിൽ പ്രത്യേക ശ്രദ്ധയോടെ രാജനൈതിക നിയമപ്രകാരം വ്യക്തിബന്ധങ്ങൾക്കും കുടുംബ ബന്ധങ്ങൾക്കും അമിതപ്രാധാന്യം കൊടുക്കാതെ പ്രജാക്ഷേമവും ഭരണസ്ഥിരതയും നിലനിർത്തുവാൻ ആവശ്യമായതെല്ലാം അതിശീഘ്രം നടപ്പിലാക്കണം. അല്ലാത്തപക്ഷം പ്രജകൾ ഏറെ പ്രയാസപ്പെടുന്നതിന് അപ്രധാനിയാണെങ്കിലും ആ വ്യക്തിയുടെ ദുരുദ്ദേശ്യത്തിന്റെ വർദ്ധിച്ച തീവ്രതയ്ക്ക് സാധിക്കുമെന്ന വസ്തുത ഒരു ഭരണാധികാരി ഒരിക്കലും വിസ്മരിക്കുവാൻ പാടില്ല. ആരേയും വിശ്വസിക്കാത്ത എന്നാൽ എല്ലാവരേയും പരിധിവെച്ച് വിശ്വസിക്കുന്ന, അതിനിശിതമായ നിരീക്ഷണത്തിലൂടെ നിയമപ്രകാരം ധാർമ്മികമായി പ്രജാക്ഷേമം നടപ്പാക്കുന്ന ഒരു ഭരണാധികാരിയെക്കൊണ്ടു മാത്രമേ രാഷ്ട്രസുരക്ഷയും പുരോഗതിയും കൈവരിക്കുവാനാകൂ. ബന്ധുക്കളിൽനിന്നോ ശത്രുക്കളിൽനിന്നോ രാജ്യദ്രോഹത്തെ നട്ടുവളർത്തി വേരുകൾ പടർത്തുവാൻ അനുവദിയ്ക്കരുത്. ഛിദ്രശക്തികൾ ഏതുവിധത്തിൽ ഏതുരൂപത്തിൽ പ്രവർത്തിച്ചാലും തിരിച്ചറിഞ്ഞ് ശക്തമായ നടപടികൾ കൈക്കൊള്ളണം. കാലതാമസമില്ലാതെ കരുതലോടെ പ്രവർത്തിക്കുന്നതിൽ രാജാവ് വീഴ്ച വരുത്തരുത്.''

ശ്രീരാമൻ വിധിപ്രസ്താവം തുടർന്നു -

“എല്ലാ സന്താനങ്ങളേയും അറിയിച്ചും അഭിപ്രായങ്ങൾ സ്വീകരിച്ചും നിർവ്വ ഹിക്കേണ്ടതാണ് യുവരാജാഭിഷേക പ്രഖ്യാപനമെന്നിരിക്കേ, തന്റെ മകൻ തൽസന്ദർഭത്തിലില്ലാത്ത വേളയിൽ യുവരാജാഭിഷേക പ്രഖ്യാപനത്തിനുള്ള മഹാരാജാ ദശരഥന്റെ അമിതമായ താൽപ്പര്യത്തെ വിദുഷി മന്ഥര ദുർവ്യാ ഖ്യാനംചെയ്ത് ഫലിപ്പിച്ചപ്പോൾ, സ്വന്തം പുത്രനോടുള്ള വാത്സല്യം മാതാ കൈകേയിയെ ഹീനകൃത്യങ്ങൾക്ക് നിർബന്ധിതയാക്കി.”

“കൂടാതെ ഏതാനും രാജമഹിഷിമാരിലെ ഒട്ടനവധി സന്താനങ്ങളിൽനിന്നും പ്രാപ്തിയും പക്വതയും കാര്യശേഷിയുമുള്ള ഒരു വ്യക്തിയെ ഭാവിരാജാവായി പ്രഖ്യാപിക്കുമ്പോൾ, നിശ്ചയം, ഇതര സഹോദരങ്ങളെക്കൂടി അവരവരുടെ കഴിവിനും പ്രാപ്തിക്കും അനുസരിച്ച് സ്ഥാനാധികാരങ്ങൾ നൽകി ബഹുമാനി ക്കേണ്ടതും ആദരിക്കേണ്ടതുമായിരുന്നു. എങ്കിൽ മാത്രമേ തങ്ങൾ അവഗണി ക്കപ്പെട്ടില്ല എന്ന ധാരണ ഇതര സഹോദരങ്ങൾക്കും അവരുടെ മാതാക്കൾക്കും ഉണ്ടാവുകയുള്ളൂ. അതായിരുന്നു ആശങ്കയ്ക്കും അസ്വസ്ഥതക്കും വൈഷമ്യങ്ങ ൾക്കുമുള്ള പരിഹാരം. അവയൊന്നും നിർവ്വഹിക്കപ്പെടാത്തതിനാൽ, വിദുഷി മന്ഥരയുടെ സമ്മോഹന വാക്കുകൾ മാതാ കൈകേയിയെ തെറ്റിദ്ധരിപ്പിക്കുവാ ൻ ഇടയാക്കി കുറ്റത്തിനാസ്പദമായ ആവശ്യങ്ങൾ ഉന്നയിക്കുവാൻ പ്രേരിപ്പിച്ചു.” ശ്രീരാമൻ തുടർന്നു.

“അങ്ങനെ മന്ഥരയുടെ പ്രേരണ താനും പുത്രനും കൊട്ടാരത്തിൽനിന്നും പുറ ത്താക്കപ്പെടുമെന്ന ആശങ്കയുളവാക്കുവാനും തന്മൂലം ധർമത്തേയും നീതിയേയും ഉത്തരവാദിത്തങ്ങളേയും കർത്തവ്യങ്ങളേയും വ്യക്തതയോടെ തിരിച്ചറിയാതെ കൈകേയിയെ അസ്വസ്ഥയാക്കിയപ്പോൾ, മാതാ കൈകേയിയുടെ തുടർന്നുള്ള പ്രവൃത്തികൾ കുറ്റത്തിന് ആസ്പദമായിത്തീർന്നുവെന്നുമാത്രം.” ശ്രീരാമൻ തുട ർന്നു.

“സ്വയം തീരുമാനത്താലല്ല, പകരം സ്വന്തം പുത്രനും തനിക്കും സകലതും നഷ്ടപ്പെടുമെന്ന വിദുഷി മന്ഥരയുടെ ഭയപ്പെടുത്തലും തുടർന്ന് കാര്യസാദ്ധ്യത്തി നായി കുതന്ത്രങ്ങളാൽ പൂരിതമായ സമ്മോഹന വാക്കുകളും, ദശരഥരാജന്റെ യുവരാജാഭിഷേക പ്രഖ്യാപനത്തിലെ അപാകതയാൽ ഉളവായ ആശങ്കകളും പ്രേരിപ്പിച്ചപ്പോൾ, യഥാർത്ഥത്തിൽ, രാജമാതാ കൈകേയി കുറ്റക്കാരിയാ വുകയായിരുന്നു. മാത്രമല്ല, ആരോട് അഹിതം ചെയ്തിട്ടാണോ ശിക്ഷയ്ക്ക് കാര

ണമായ കുറ്റം ചെയ്തത്, പ്രസ്തുത അഹിതങ്ങൾ അനുഭവിക്കുവാൻ ഇടയായവർതന്നെ പരപ്രേരണയില്ലാതെ കുറ്റക്കാരോട് പൊറുക്കുവാനും കുറ്റക്കാർക്ക് ജീവിക്കുവാനുള്ള അവസരമേകണമെന്ന് വാദിക്കുകയും ചെയ്യുന്നുവെങ്കിൽ, കുറ്റത്തിന് ആസ്പദമായ സാഹചര്യം യഥാർത്ഥത്തിൽ സംഭവിക്കാതെ പകരം കളമൊരുങ്ങുക മാത്രമേ ഉണ്ടായുള്ളൂവെങ്കിൽ, തീർച്ചയായും ശിക്ഷ അനുഭവിക്കുന്നതിൽനിന്നും പ്രസ്തുത കുറ്റക്കാരെ വിമുക്തരാക്കുന്നതിന് അഥവാ മോചിപ്പിക്കുന്നതിന് രാജാവിനും മുഖ്യ നീതിനിർവ്വഹണാധികാരിയ്ക്കും രാജനീതിപ്രകാരം ധാർമ്മികമായ അർഹതയും അധികാരവുമുണ്ട്.'' ശ്രീരാമൻ തുടർന്നു.

“ഇവിടെ ശ്രീരാമനെന്ന നമുക്കു തന്നെയാണ് അഹിതങ്ങൾ അനുഭവിക്കുവാൻ ഇടയാകുമായിരുന്നത്. മാതാ കൈകേയിയോട് നമുക്ക് യാതൊരു അപ്രിയവും വെറുപ്പും ഇല്ല. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ കുറ്റത്തിന് ആസ്പദമായ സംഭവങ്ങളിലേയ്ക്ക് മാതാ കൈകേയി വഴിപ്പെട്ടുപോയെന്നു മാത്രം. ശിക്ഷ അനുഭവിക്കുവാൻ മേൽക്കാരണങ്ങളാൽ മാത്രം ഇടവരരുതെന്ന് ധർമത്തേയും നീതിയേയും അടിസ്ഥാനമാക്കി അറിയിക്കുന്നു.'' ശ്രീരാമൻ തുടർന്നു.

“അഹിതങ്ങൾ അനുഭവിക്കുവാൻ ഇടയാകുമായിരുന്ന വ്യക്തി എന്ന നിലയിലും നാം തന്നെ മാതാ കൈകേയിയോട് ക്ഷമിക്കുന്നതിനാലും, ശിക്ഷ അനുഭവിക്കുന്നതിൽനിന്നും വിമുക്തയാകുന്നതിന് മാതാ കൈകേയി തികച്ചും അർഹയാകുന്നു. മഹാരാജാ ദശരഥൻ അനുഭവിച്ചതുപോലെ തന്നെ സഭയിൽവെച്ച് കുറ്റക്കാരിയെന്ന് വിധിക്കപ്പെട്ടതിനാൽ ഉണ്ടായ അപമാനവും മാനഹാനിയും, തീർച്ചയായും, അവർ ചെയ്ത അപരാധത്തിനുള്ള പരസ്യമായ ശിക്ഷ തന്നെയാകുന്നു. അതിനാൽ തുടർന്ന് വീണ്ടും ശിക്ഷിക്കപ്പെടുന്നതിൽനിന്നും വിമുക്തയാകുവാൻ മാതാ കൈകേയിയ്ക്ക് അർഹതയുണ്ട്.'' ശ്രീരാമൻ തുടർന്നു.

“മഹാരാജാ ദശരഥന്റെ അശ്രദ്ധയാൽ ദുരന്തരംഗങ്ങൾക്ക് കാരണമായ, മാതാ കൈകേയിയുടെ ആഗ്രഹത്തിന് അടിസ്ഥാനമായ നിർണ്ണായക വിഷയത്തിന് നാം തന്നെ ഇതാ വിരാമമിടുന്നു. മാതാ കൈകേയിയുടെ പുത്രനും നമ്മുടെ സഹോദരനുമായ ഭരതനെ പ്രജകൾ അനുവദിയ്ക്കുന്നുവെങ്കിൽ മാത്രം അയോദ്ധ്യയുടെ പ്രധാനമന്ത്രിയായി അവരോധിക്കുന്നതാണ്!! നമ്മിൽനിന്നും ലഭിച്ച ഭരണപരിചയത്താൽ പ്രാപ്തനായ ഭരതൻ പ്രജകൾ തെരഞ്ഞെടുക്കുന്നുവെങ്കിൽ നമുക്കുശേഷം അയോദ്ധ്യയുടെ രാജാവായി പ്രജാക്ഷേമം പൂർത്തിയാക്കട്ടെ!!

ഒരു രാജ്യത്തിൽ തന്നെ വിവിധ രാജ്യങ്ങളെപ്പോലെ ചിതറിക്കിടക്കുന്നവയെല്ലാം യോജിപ്പിച്ച് സുസ്ഥാപിതമാകുന്ന ഭാരതം എന്ന നമ്മുടെ വിശാലമായ ഏകരാജ്യത്തിന്റെ തലസ്ഥാനമായിരിക്കും അയോദ്ധ്യ. ഭാരതത്തിന്റെ പുതിയൊരു ഗീതം ഇവിടെ രചിക്കപ്പെടുകയാണ്. സമസ്ത സുന്ദര ഭാരതം ഇവിടെ പിറവിയെടുക്കുകയാണ്.'' ശ്രീരാമൻ തുടർന്നു.

വിഷ്ണുദേവൻ സപ്താമാവതാര ശ്രീരാമനായി ഭൂമിയിൽ നടപ്പാക്കുന്ന അവതാര ദൗത്യം പ്രഥമഘട്ടത്തിൽനിന്നും ക്ഷേമാധിഷ്ഠിത ഭരണം അഥവാ ഉത്തമഭരണമെന്ന ദ്വിതീയ ഘട്ടത്തിലേക്ക് പ്രവേശിച്ചു.

സനാതനധർമത്തെ ശ്രേഷ്ഠമായ പദവിയിലേയ്ക്ക് ഉയർത്തിയ സപ്തമാവതാര ഭഗവാൻ ശ്രീരാമന്റെ വിധിപ്രസ്താവം നീതിനിർവ്വഹണത്തിലെ അവിസ്മരണീയ നിമിഷമായിത്തീർന്നു. ആർഷഭാരത സംസ്ക്കാരം അതിന്റെ ഉച്ചകോടിയിലെത്തി. ദേവവർഗ്ഗത്തിന്റെ മാഹാത്മ്യം വെളിപ്പെടുന്നതിനുള്ള അസുലഭവസരമായി ശ്രീരാമന്റെ വിധിപ്രഖ്യാപനം. രാഷ്ട്രത്തിന്റെ പ്രാധാന്യവും വ്യക്തിയുടെ പരിധിയും സ്ഥാനങ്ങളുടെ പ്രസക്തിയും അധികാരങ്ങളും മാനവർക്കെല്ലാം അറിയുന്നതിനുള്ള അങ്കത്തട്ടായി സപ്തമാവതാര ഭഗവാൻ ശ്രീരാമന്റെ രാജസഭ.

ശ്രീരാമൻ വിധിപ്രഖ്യാപനം തുടർന്നു -

"എന്നാൽ ഏതൊരവസരത്തെ ഏതൊരു വ്യക്തിയാണോ കുതന്ത്രങ്ങളാൽ ദുരുപയോഗപ്പെടുത്തുന്നത്, അതും തികച്ചും മാതൃരാജ്യത്തെ തന്നെ തകർക്കുന്നതും, പ്രജാക്ഷേമത്തെ ഹനിക്കുന്നതും, ഭരണത്തെ പ്രതിസന്ധിയിലാഴ്ത്തുന്നതും, ക്ഷേമം പ്രാവർത്തികമാക്കുന്നതിനെ തടസ്സപ്പെടുത്തുന്ന ദുർമ്മാർഗ്ഗത്തെ സ്വീകരിച്ച് ദേശദ്രോഹമെന്ന കുറ്റത്തിനും വഞ്ചനക്കും ഗൂഢാലോചനയ്ക്കും കൂട്ടുനിൽക്കുന്നതും കാരണമായിത്തീരുന്നതും, നിശ്ചയം, തുടർന്നൊരിക്കലും അങ്ങനെ സംഭവിക്കാതിരിക്കുവാൻ കുറ്റക്കാരെ മാതൃകാപൂർവ്വം കഠിനമായി ശിക്ഷിക്കേണ്ടതാണ്. പരസ്പരം വൈരാഗ്യം സൃഷ്ടിച്ച് കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുവാൻ ശ്രമിച്ച മന്ഥര കുറ്റത്തിനാസ്പദമായ കൃത്യം നിർവ്വഹിക്കുവാൻ ആവശ്യമായ പ്രേരണയാണ് നൽകിയത്. പ്രേരണാകുറ്റം അതീവ ഗൗരവമായ കുറ്റമാണ്. പ്രേരണയാൽ ചിലപ്പോൾ ഏതൊരു വ്യക്തിയേയും കുറ്റവാളിയാക്കുവാൻ സാധിച്ചേക്കാം. കുറ്റം ചെയ്ത വ്യക്തിയേക്കാൾ കുറ്റം ചെയ്യുന്നതിന് പ്രേരി

പ്പിച്ച വ്യക്തിയാണ് അപകടകാരി. ആദ്യം കുറ്റകൃത്യം രൂപംകൊള്ളുന്നത് കുറ്റം ചെയ്യുവാൻ പ്രേരിപ്പിച്ച വ്യക്തിയിലാണ്. അതിനാൽ യഥാർത്ഥ കുറ്റവാളി കുറ്റം ചെയ്യുവാൻ പ്രേരിപ്പിച്ച വ്യക്തിയാണ്. കുറ്റകൃത്യം നിർവ്വഹിച്ച വ്യക്തിയെ കുറ്റകൃത്യത്തിന് പ്രേരിപ്പിച്ച വ്യക്തി ചൂഷണം ചെയ്ത് കുറ്റവാളിയാക്കുകയാണ്. യഥാർത്ഥത്തിൽ കുറ്റകൃത്യം ചെയ്യുന്നത് പ്രേരിപ്പിച്ച വ്യക്തി തന്നെയാണ്. പക്ഷെ പ്രേരിപ്പിച്ച വ്യക്തിയെ പ്രത്യക്ഷത്തിൽ കാണുകയില്ലായെന്ന് മാത്രം. കുറ്റകൃത്യം ആദ്യമായി ആസൂത്രണം ചെയ്തവർ അത് നടപ്പിലാക്കുവാൻ ആവശ്യമായവരെ പ്രേരിപ്പിച്ചും നിർബന്ധിപ്പിച്ചും ചെയ്യിപ്പിക്കുവാൻ ശ്രമിക്കുന്നതിനാൽ പ്രേരണ നൽകി ആസൂത്രണം ചെയ്തവരാണ് യഥാർത്ഥ കുറ്റവാളികൾ. കുറ്റം ചെയ്തവരേക്കാൾ ആദ്യമായി ആസൂത്രണം ചെയ്ത് പ്രേരിപ്പിച്ചവരാണ് കുറ്റക്കാരിൽ പ്രമുഖർ. അതിനാൽ അത്തരമൊരു കുറ്റക്കാരിയായ മന്ഥരയെ മാതൃകാപൂർവ്വം ശിക്ഷിച്ചേ മതിയാകൂ. അത് എങ്ങനെ നടപ്പാക്കണമെന്നത് സംബന്ധിച്ച് സഭയ്ക്ക് തീരുമാനങ്ങൾ അറിയിക്കാം.'' ശ്രീരാമൻ സഭയ്ക്ക് അവസരം കൊടുത്തു.

''ആയുഷ്ക്കാലം കൽത്തുറുങ്കിലടക്കുക. വഞ്ചകിയും രാജ്യദ്രോഹിയുമായ മന്ഥരയെ ആയുഷ്ക്കാലം കൽത്തുറുങ്കിലടക്കുക.'' സഭയൊന്നാകെ ആവശ്യപ്പെട്ടു.

''എല്ലാവരുടേയും തീരുമാനത്തെ നാം സ്വീകരിക്കുന്നു. സേനാപതേ! ഈ നിമിഷം മുതൽ ആയുഷ്ക്കാലം മുഴുവൻ വിദൂഷി മന്ഥരയെ കൽത്തുറുങ്കിൽ അടയ്ക്കുക.'' ശ്രീരാമൻ ആജ്ഞാപിച്ചു.

''ഏതൊരു വിഷയവും കാലതാമസമില്ലാതെ പ്രായോഗികമായി പരിഹരിക്കുമ്പോൾ അതിനാൽ സംഭവിക്കേണ്ടതായ അനിഷ്ടങ്ങൾ ഒഴിവാക്കാം.''

ധർമത്തിൽ നിലകൊള്ളുന്ന ശ്രീരാമൻ സ്വയം ധർമമായിത്തീരുന്നു. പ്രജകൾ നീതിനിർവ്വഹണത്തിന് സാക്ഷികളായി.

''ഉണ്ണീ... രാമാ... നമ്മെക്കൂടി ശിക്ഷിക്കൂ...ഒരിക്കലും ഒരു മാതാവിനും നിരക്കാത്ത തെറ്റുചെയ്ത നമ്മേക്കൂടി ശിക്ഷിക്കൂ.'' കൈകേയി ആർത്ത നാദയായി വിലപിച്ചു.

''ധാർമ്മികമായി മാത്രമേ ശിക്ഷ വിധിക്കുവാൻ പാടുള്ളൂ. ധർമമാണോയെന്ന പരിശോധന നിർബന്ധമാണ്. വ്യക്തിയുടെ ചെയ്തികൾ സ്ഥാനത്തിനും നീതിക്കും ധർമത്തിനും നിരക്കുന്നതാണോ എന്ന പരിശോധനയാണ് ശിക്ഷ

വിധിക്കുവാൻ അടിസ്ഥാനമാക്കേണ്ടത്. സൽപ്പേരോടുകൂടി ജീവിക്കുന്നതിനിടെ ദുഷ്പ്പേരുണ്ടായി അപമാനമേൽക്കുമ്പോൾ, തീർച്ചയായും, സാധാരണയായി അതാണ് ഏറ്റവും വലിയ ശിക്ഷ. ഇന്ന് സഭയ്ക്ക് മുമ്പാകെയുണ്ടായ വിചാരണയിലൂടെ കുറ്റക്കാരിയാണെന്ന് തിരിച്ചറിഞ്ഞതിനാലുണ്ടായ അപമാനം തന്നെ മാതാ കൈകേയിയ്ക്ക് ലഭിച്ച ഏറ്റവും വലിയ ശിക്ഷയാകുന്നു. സദ്ബുദ്ധിയ്ക്കായി പ്രാർത്ഥിക്കുക." ശ്രീരാമൻ കൈകേയിയെ സാന്ത്വനിപ്പിച്ചു.

"മഹാരാജാ ശ്രീരാമൻ വിജയിക്കട്ടെ! ദശരഥനന്ദനൻ രാമൻ നീണാൾ വാഴട്ടെ!!" സഭാവാസികൾ ഒന്നടങ്കം ജയഭേരി മുഴക്കിക്കൊണ്ടിരുന്നു.

"രാജാഭിഷേകം രണ്ടുനാൾ കഴിഞ്ഞ് നിശ്ചയിച്ച ദിവസം തന്നെ ആഘോഷത്തോടെ വിധിപ്രകാരം നടത്താം." വസിഷ്ഠൻ ദശരഥനോട് ഉണർത്തിച്ചു.

"അതെ! ആഘോഷമായി തന്നെ നടത്താം!!" ദശരഥന്റെ മറുപടി.

"രാമാഭിഷേകം ആഘോഷത്തോടെ പ്രഖ്യാപിത ദിവസം തന്നെ നടത്തുന്നതാണ്. എല്ലാവരും സന്നിഹിതരാവുക." സഭയോടായി ദശരഥൻ പ്രഖ്യാപിച്ചു.

ധർമത്തിന്റെ സ്വരൂപം ഓരോ കാര്യങ്ങളിലും എങ്ങനെയായിരിക്കുമെന്ന് ഉത്തമപുരുഷനായ ശ്രീരാമനിൽനിന്നും അറിഞ്ഞ എല്ലാവരും വാർത്ത കാട്ടുതീപോലെ പടർത്തി.

അയോദ്ധ്യയുടെ അന്ത:പുരത്തിൽ അരങ്ങേറിയ വിധിനിർണ്ണായകവും വിനാശത്തിന്റെ വഴിവിളക്കുമായിരുന്ന സംഭവത്തെ സൂക്ഷ്മതയോടെ, എന്നാൽ തികച്ചും പ്രായോഗികമായി തന്നെ ധാർമ്മികവും നീതിപൂർവ്വകവുമായി വിധിനിശ്ചയിച്ച് പരിഹരിച്ച ശ്രീരാമന്റെ കർത്തവ്യനിർവ്വഹണം പ്രജകളിൽ പുതുവിശ്വാസവും ഉത്സാഹവും പ്രതീക്ഷയും, സ്വാർത്ഥയില്ലാത്ത പ്രയത്നവും പരിശ്രമവും അത്യാവശ്യമാണെന്ന തിരിച്ചറിവും, ഈശ്വരഭക്തിയും, ധർമനിഷ്ഠയും വർദ്ധിപ്പിച്ചു. പ്രജകൾ സംതൃപ്തരായി.

രണ്ടുനാൾ കഴിഞ്ഞപ്പോൾ -

ആഘോഷപ്പൊലിമയോടെ അയോദ്ധ്യ കൊണ്ടാടുകയാണ് ശ്രീരാമന്റെ രാജ്യാധികാര സ്ഥാനാരോഹണം.

ഇന്നാണ് ശ്രീരാമ രാജാഭിഷേകം!!

ചടങ്ങുകൾ നടന്നുകൊണ്ടിരിക്കുന്നു.....

എല്ലാത്തിനും നേതൃത്വം നൽകിയ വസിഷ്ഠൻ ആർഷ സംസ്ക്കാരത്തിന്റെ മഹിമാവിശേഷങ്ങളെ വിളിച്ചറിയിക്കുകയാണ്.

തുടർന്ന് വസിഷ്ഠൻ ശ്രീരാമന് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.

അനന്തരം കിരീടധാരണം നടന്നു.

മഹാരാജാ ദശരഥൻ തന്റെ കിരീടം രാമനെ അണിയിച്ചു. ഔദ്യോഗികമായി മഹാരാജാ ദശരഥൻ വിടവാങ്ങൽ ഇങ്ങനെ ഉപസംഹരിച്ചു.

"പ്രജകൾക്കെന്നും ക്ഷേമത്തെ മാത്രം പ്രദാനം ചെയ്യുന്ന സദ്ഭരണം നടപ്പാക്കുവാൻ രാമന് സാധിക്കുന്നതിന് എല്ലാവരും പരിപൂർണ്ണമായി സഹകരിക്കുക. നമ്മുടെ ഭരണത്തിൽ വന്നുപോയതും സംഭവിച്ചതുമായ എല്ലാ തെറ്റുകൾക്കും നമ്മോടു ക്ഷമിക്കുക. ഏവരേയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ. ശേഷകാലം സ്വസ്ഥമായി കഴിയുവാനായി വാനപ്രസ്ഥമാണ് ആഗ്രഹിക്കുന്നത്. എല്ലാം ഈശ്വരേച്ഛ!"

തുടർന്ന് വസിഷ്ഠൻ ഇപ്രകാരം അറിയിച്ചു.

"അയോദ്ധ്യാവാസികളായ നമ്മളെല്ലാം നമ്മുടെ നായകനും സത്യമൂർത്തിയുമായ മഹാരാജാ ശ്രീരാമനെ ഇതാ ക്ഷണിക്കുന്നു. നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യത്തെക്കുറിച്ച് മഹാരാജാ ശ്രീരാമൻ ഉപദേശിക്കുന്നതാണ്."

"അയോദ്ധ്യാവാസികളും മഹാഭാഗ്യമുള്ളവരുമായ അനുഗ്രഹീതരേ... നമ്മുടെ പ്രണാമങ്ങൾ സ്വീകരിച്ചാലും!!" രാമവചനങ്ങൾ സഭാവാസികളെ ആവേശഭരിതരാക്കി.

"നാം സംരക്ഷണാധികാരി വിഷ്ണുദേവന്റെ സപ്തമാവതാരം ആകുന്നു. ധർമസംസ്ഥാപനമാണ് അവതാരദൗത്യം. ഏവരും പങ്കുകൊള്ളുക. യഥാശക്തി പങ്കുകൊള്ളുക. ക്ഷേമാധിഷ്ഠിത ഭരണം പ്രജകളുടെ അവകാശമാണ്. എല്ലാവരും സഹകരിക്കുക."

ശ്രീരാമൻ വിനയപൂർവ്വം തുടർന്നു -

“അനുഭവവും പരിചയവും ഏറെയുള്ള നമ്മുടെ പിതാവും രാജാവുമായിരുന്ന ദശരഥൻ സ്വന്തം അറിവും പരിചയവും പ്രജാക്ഷേമത്തിനായി ജീവിതകാലമത്രയും ഉപയോഗപ്പെടുത്തണം. വാനപ്രസ്ഥമെന്നതിന്റെ സൂക്ഷ്മാർത്ഥം ഗ്രഹിക്കണം. ഒരിക്കലും കർമ്മത്തിൽനിന്നും കർത്തവ്യത്തിൽനിന്നും ഒഴിഞ്ഞുനിൽക്കുവാൻ ആർക്കും സാധ്യമല്ല. കൃത്യതയോടെയുള്ള കർത്തവ്യപൂർത്തീകരണമാണ് ജീവനെ ബന്ധനങ്ങളിൽനിന്നും വാസനകളിൽ നിന്നും സ്വതന്ത്രമാക്കി മോക്ഷപ്രാപ്തിയേകുന്നത്. സദുദ്ദേശ്യത്തോടെ ധാർമ്മികമായി സർവ്വദാ പ്രജകൾക്ക് ഹിതകരമായത് നിർവ്വഹിക്കുവാൻ സാധിക്കുകയാണ് ഏറ്റവും വലിയ സുകൃതം. കർത്തവ്യങ്ങളിൽനിന്നും പിൻതിരിയാതിരിക്കുക.”

“യുക്തിഭദ്രമായ ഭക്തിയാണ് സ്വീകാര്യം. പ്രായോഗികമായിരിക്കണം ഭക്തിയും വിശ്വാസവും. ജീവിതത്തിന് മുതൽക്കൂട്ടായിരിക്കണം ഭക്തിയും വിശ്വാസവും. അതിന് സ്ഥൂലാർത്ഥവും സൂക്ഷ്മാർത്ഥവും പരമാർത്ഥവും ഗ്രഹിയ്ക്കണം. മനോകാമനകളോടെ കർമ്മം ചെയ്യാതിരിക്കുന്നതിനുള്ള പരിശീലനത്തെയാണ് വാനപ്രസ്ഥംകൊണ്ട് ഉദ്ദേശിച്ചത്. കർമ്മങ്ങളിൽനിന്നും വിട്ടുനിൽക്കാതേയും, എന്നാൽ കർമ്മങ്ങളിൽ ആസക്തരാകാതേയും കർമ്മം ചെയ്യുന്നതിനുള്ള പരശീലനമാണ് വാനപ്രസ്ഥം എന്ന ജീവിത രീതികൊണ്ട് ഉദ്ദേശിക്കുന്നത്. കർമ്മങ്ങളിൽനിന്നും കുടുംബ ബന്ധങ്ങളിൽനിന്നും രാജ്യകാര്യങ്ങളിൽനിന്നും വേർപെട്ട് ഏകാന്തവാസം നയിക്കലോ വനാന്തരങ്ങളിൽ അലയലോ അല്ല. സ്വയം സ്വസ്വരൂപത്തെ അറിഞ്ഞ് സ്വയം നിർവ്വഹിക്കേണ്ടത് മമതയും ആഗ്രഹവുമില്ലാതെ ചെയ്തുപൂർത്തിയാക്കുവാൻ സാധിക്കുന്നതിനുള്ള തീവ്രപരിശീലനമാണ് വാനപ്രസ്ഥം. ജീവിതത്തിൽനിന്നുമുള്ള ഒളിച്ചോട്ടമല്ല വാനപ്രസ്ഥം. ബഹുമാന്യനായ വസിഷ്ഠനോടൊപ്പം രാജനൈതിക ഉപദേഷ്ടാവായി ദശരഥൻ സേവനം തുടരണമെന്ന് നാം അപേക്ഷിക്കുന്നു.”

ശ്രീരാമന്റെ വാക്കുകൾ ദശരഥനിലും പ്രജകളിലും സംതൃപ്തിയുളവാക്കി.

“ഉണ്ണി! അതിലും നമ്മെ തോൽപ്പിച്ചു അല്ലേ?” ദശരഥന്റെ പുത്രവാത്സല്യം നിറഞ്ഞൊഴുകി. “സത്യധർമാദികളിലുള്ള ഉണ്ണിയുടെ അറിവ് മഹിമാതിശയം!! നാം മാഹാരാജാ ശ്രീരാമന്റെ കല്പനയെ ഇതിനാൽ ശിരസാവഹിക്കുന്നു. അയോദ്ധ്യക്ക് രാജനീതിപ്രകാരം പുതിയൊരു സംവിധാനവുംകൂടി ശാശ്വതമാ

യി ലഭ്യമായി.”

“അങ്ങയുടെ ഈ സദ്ദുദ്ദേശത്തിന് അയോദ്ധ്യാവാസികളെല്ലാം കടപ്പെട്ടിരിക്കുന്നു.” ദശരഥനെ വണങ്ങി രാമൻ അറിയിച്ചു.

“നമ്മുടെ പ്രധാനമന്ത്രിയായി മാതാ കൈകേയിയുടെ പുത്രനും നമുക്ക് പ്രിയങ്കരനും പ്രാപ്തനുമായ ഭരതനെ ഇതിനാൽ നിയമിക്കുന്നു, പ്രജാഹിതപ്രകാരം. സഹായിയായി ശത്രുഘ്നനേയും. ഔപചാരികമായി നിയമിച്ചുകൊണ്ടുള്ള മഹാരാജാ ശ്രീരാമന്റെ ഉത്തരവാണിത്. ലക്ഷ്മണൻ നമ്മോടൊപ്പമുണ്ടാവട്ടെ.”

“ശ്ലാഘനീയം രാമൻ! ശ്ലാഘനീയം!! അവിടുന്ന് ധർമത്തിന്റെ മൂർത്തീമദ്ഭാവം തന്നെ!!! നിസ്സംശയം അവിടുന്ന് ഉത്തമപുരുഷൻ തന്നെ!!!” വസിഷ്ഠൻ ആഹ്ളാദത്തോടെ ഉറക്കെ പ്രഖ്യാപിച്ചു.

തുടർന്ന് ഭരണനിർവ്വഹണം ആരംഭിച്ചു.

“നമുക്ക് ഏറ്റവും പ്രിയപ്പെട്ടതും വീരയോദ്ധാവും മാനവരിൽ ഉത്തമനും ആയോധനകലകളിൽ അഭിമാനവുമായ ഹനുമാനെ നാം നമ്മുടെ മുഖ്യ സൈന്യാധിപനായി നിയമിക്കുന്നു. ശ്രീ ഹനുമാന് സ്വാഗതം.” ശ്രീരാമനെ വന്ദിച്ചുകൊണ്ട് സഭയിൽ സന്നിഹിതനായിരുന്ന ഹനുമാൻ വേദിയിലേക്ക് ആഗതനായി.

സഭാനടപടികൾ പൂർത്തിയാക്കി ശ്രീരാമൻ ഭരണാധികാരി എന്ന ദ്വിതീയ ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചു.

“ക്ഷേമാധിഷ്ഠിത ഭരണത്തിലൂടെ പ്രജാക്ഷേമം പ്രാവർത്തികമാക്കും. വ്യാപാരോദ്ദേശ്യമില്ലാതെ കൃഷിയെ വ്യവസായികാടിസ്ഥാനത്തിൽ വ്യാപകമാക്കി പ്രജാക്ഷേമത്തിന് പ്രാരംഭം കുറിക്കും. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കും. പ്രജകൾ എല്ലാവരും എല്ലാ സംരംഭങ്ങളിലും സ്ഥാപനങ്ങളിലും ഉടമസ്ഥരാകും. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവിതാവശ്യത്തിന് വേണ്ടതെല്ലാം കൃത്യതയോടെ കലർപ്പില്ലാതെ അഥവാ മായം ചേർക്കാതെ വളരെ കുറഞ്ഞ വിലയിൽ വിശ്വസിച്ച് ഉപയോഗിയ്ക്കാവുന്ന രീതിയിൽ പ്രജകൾക്ക് ലഭിയ്ക്കും. ഓരോ പ്രദേശങ്ങളേയും ഉൾപ്പെടുത്തി രാജ്യത്തെ പ്രജകളുടെ ആകെ എണ്ണം കൃത്യമായി ശേഖരിയ്ക്കും. അവശത അനുഭവിയ്ക്കുന്നവർക്കുള്ള സംരക്ഷണത്തിന് പ്രാധാന്യം നൽകും.” ശ്രീരാമൻ തുടർന്നു.

**“നികുതി സമ്പ്രദായങ്ങൾ നിർത്തലാക്കും. ആഹാരം, വസ്ത്രം മുതലായ ജീവിതാവശ്യത്തിന് ആവശ്യമായതെല്ലാം പ്രജകളെല്ലാം ഉടമസ്ഥരായ ഉടമസ്ഥാവകാശ പദ്ധതികൾ വഴിയുള്ള സംരംഭങ്ങളിലൂടേയും സ്ഥാപനങ്ങളിലൂടേയും രാജാവിന് അഥവാ ഭരണാധികാരിയ്ക്ക് വരുമാനവും സമ്പാദ്യവും ആർജ്ജിയ്ക്കുവാൻ സാധിയ്ക്കുന്നതിനാൽ നികുതി പിരിയ്ക്കേണ്ട ആവശ്യമില്ല.** എല്ലാത്തിനും കൃത്യമായ രേഖകൾ സൂക്ഷിക്കണം. അതാത് മേഖലകളിൽ വൈദഗ്ദ്ധ്യവും കാര്യപ്രാപ്തിയുമുള്ള പരിണിതപ്രജ്ഞരായ മികച്ച വ്യക്തികളെ മാത്രമായിരിയ്ക്കണം ഓരോ സംരംഭങ്ങളിലും ഉൾപ്പെടുത്തേണ്ടത്. അവരുടെ ക്രിയാത്മകമായ സേവനവും സഹകരണവും പ്രജാക്ഷേമത്തിന് അനുകൂല ഘടകങ്ങളായി ഭരണാധികാരി പ്രയോജനപ്പെടുത്തിയിരിയ്ക്കണം.” ശ്രീരാമൻ തുടർന്നു.

“വിദഗ്ധരെ ഉൾപ്പെടുത്തി വീഴ്ചകളും പോരായ്മകളും പരിശോധിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നിരീക്ഷണ സംവിധാനം ഓരോ സംരംഭത്തിലും സ്ഥാപനത്തിലും ഉണ്ടായിരിയ്ക്കണം. ഓരോ പ്രദേശങ്ങളിൽ നിന്നുമുള്ള തൽസമയ വിവരങ്ങൾ ശേഖരിയ്ക്കണം. ബാല്യകാലം മുതൽക്കേ തൊഴിൽ വൈദഗ്ദ്ധ്യത്തിന് ആവശ്യമായ പരിശീലനമാണ് വിദ്യാഭ്യാസത്തിലൂടെ അനുവദിയ്ക്കേണ്ടത്. താൽപ്പര്യമുള്ളവർക്ക് കവിതയും സാഹിത്യവും ഒഴിവുസമയങ്ങളിൽ വായിയ്ക്കാവുന്നതേയുള്ളൂ. ഓരോ പ്രജയും പ്രായപൂർത്തിയാകുമ്പോൾ തൊഴിൽചെയ്ത് ജീവിയ്ക്കാനുള്ള കാര്യശേഷിയും വൈദഗ്ദ്ധ്യവും നേടിക്കഴിഞ്ഞിരിയ്ക്കണം എന്നത് നിർബന്ധ നിയമമായിരിയ്ക്കണം. ഉപരി പഠനം ആവശ്യമുള്ളവർക്ക് പ്രോത്സാഹനം കൊടുക്കണമെങ്കിലും, പ്രായപൂർത്തിയാകുമ്പോഴേയ്ക്കും ഏതൊരു പ്രജയും ഒരു തൊഴിലെങ്കിലും ചെയ്യുന്നതിനുള്ള പരിചയ സമ്പന്നത ആർജ്ജിച്ചിരിയ്ക്കണം. പിൽക്കാല ജീവിതത്തിന് പ്രയോജനപ്പെടാത്ത എന്തെല്ലാമോ പഠിക്കുന്ന എന്ന പേരിൽ സമയം കളയാനുള്ളതല്ല വിദ്യാഭ്യാസമെന്നത് ഭരണാധികാരി എപ്പോഴും ശ്രദ്ധിയ്ക്കണം. മനുഷ്യവിഭവ ശേഷിയാകുന്ന ഏറ്റവും വലിയ സമ്പാദ്യമെന്നത് ഭരണാധികാരി തിരിച്ചിറിഞ്ഞിരിയ്ക്കണം. പ്രജകളിലെ വൈഭവങ്ങളെ ക്രിയാത്മകമായി പ്രയോജനപ്പെടുത്തുമ്പോൾ മാത്രമേ രാജ്യത്തിന്റെ ഭാവി സുസ്ഥിരമാകു എന്നത് ഭരണാധികാരി നിലനിർത്തേണ്ടതായ സുപ്രധാന നിയമമാകുന്നു.” ശ്രീരാമൻ തുടർന്നു.

“വളർത്തിയതിന് മക്കൾ മാതാപിതാക്കൾക്ക് നികുതി കൊടുക്കേണ്ടതുണ്ടോ? മക്കളുടെ അവകാശവും മാതാപിതാക്കളുടെ ഉത്തരവാദിത്തവുമാണ് സന്താന

പരിപാലനം. വ്യാപാരോദ്ദേശ്യത്തോടെ വരുമാനമാർഗ്ഗമായി കണക്കുകൂട്ടി സന്താനങ്ങളെ വളർത്തുമ്പോൾ മാതാപിതാക്കൾ വ്യാപാരികളായി. മാതാവ് എന്നതും പിതാവ് എന്നതും സ്ഥാനങ്ങളാണ്. മാതാവ്, പിതാവ് എന്നീ സ്ഥാനങ്ങളിൽ നിലകൊള്ളുന്ന വ്യക്തികൾക്ക് പ്രസ്തുത സ്ഥാനത്തിന്റെ അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന് മാത്രം. വ്യക്തികൾ സ്ഥാനങ്ങളല്ല. വ്യക്തിക്ക് മാനുഷിക അവകാശങ്ങൾ മാത്രമേയുള്ളൂ. വ്യക്തിക്ക് സ്വയം അധികാരങ്ങളില്ല. സ്ഥാനത്തിനാകുന്നു അധികാരങ്ങൾ. ഏതൊരു സ്ഥാനത്ത് ഏതൊരു വ്യക്തിയാണോ ആ വ്യക്തിക്ക് അതിന്റെ സ്ഥാനാധികാരങ്ങൾ ഉണ്ടായിരിക്കും. ഭരണാധികാരി അഥവാ രാജാവ് എന്നത് രാജ്യത്തെ സുപ്രധാനമായ സ്ഥാനമാണ്. രാജാവ് എന്ന സ്ഥാനത്ത് നിലകൊള്ളുന്ന വ്യക്തിക്ക് പ്രസ്തുത സ്ഥാനാധികാരങ്ങൾ ഉണ്ടായിരിക്കും. അത് വ്യക്തിയ്ക്ക് വേണ്ടിയല്ല. രാജാവ് എന്ന സ്ഥാനംകൊണ്ട് പ്രയോജനം ലഭിക്കേണ്ടതായ പ്രജകൾക്ക് വേണ്ടിയാണ് ആ സ്ഥാനാധികാരങ്ങൾ.” ശ്രീരാമൻ തുടർന്നു.

“രാജാവ് എന്ന സ്ഥാനത്ത് നിലകൊള്ളുന്ന വ്യക്തി രാജാധികാരത്തെ ഉപയോഗിക്കേണ്ടത് പ്രജാക്ഷേമത്തിനായിരിക്കണം. എങ്കിൽ മാത്രമേ ക്ഷേമാധിഷ്ഠിത ഭരണം പ്രാവർത്തികമാകൂ. ഭരണാധികാരി അഥവാ രാജാവ് പ്രജകളോട് കച്ചവടം ചെയ്യരുത്. ഭരണം നികുതിയിലൂടെ വരുമാനം ലഭിയ്ക്കുന്നതിനുള്ള മാർഗ്ഗമല്ല. ഭരണം വ്യാപാരമല്ല. പ്രജകൾ നികുതിയിലൂടെ വരുമാനമുണ്ടാക്കുന്നതിനുള്ള മാർഗ്ഗവുമല്ല. ഭരണം പ്രജാക്ഷേമത്തെ പ്രാവർത്തികമാക്കുവാനായി സ്ഥാനാധികാരങ്ങളെ അടിസ്ഥാനമാക്കി അനുവദിച്ചതാകുന്നു. ഭരണത്തിനുള്ള അധികാരം അനുവദിക്കുന്ന ഒരു രാജ്യത്തെ സുപ്രധാന സ്ഥാനമാണ് രാജാവ് അഥവാ ഭരണാധികാരി. പ്രജകളിൽനിന്നും പിരിവെടുത്തല്ല പ്രജാക്ഷേമം നടപ്പാക്കേണ്ടത്. മക്കളിൽനിന്നും പിരിവെടുത്തിട്ടല്ല മാതാപിതാക്കൾ മക്കളെ സംരക്ഷിയ്ക്കേണ്ടത്. മക്കളെ വളർത്തുവാൻ മാതാപിതാക്കൾക്ക് സ്വയം ശേഷിയുണ്ടായിരിക്കണം. എങ്കിലേ പരസ്പര ബഹുമാനത്താൽ അത് കാര്യക്ഷമമാകൂ.” ശ്രീരാമൻ തുടർന്നു.

“പദ്ധതി അധിഷ്ഠിതമായിരിക്കണം വികസനപ്രവർത്തനങ്ങൾ. ഭരണം സ്വാർത്ഥതയോടെ ഭരിക്കുവാനാകരുത്, പ്രജാക്ഷേമം പ്രാവർത്തികമാക്കുവാനായിരിക്കണം. സ്ഥലവും സൗകര്യവും സംവിധാനവും സജ്ജീകരണവുമാണ് സമൃദ്ധിയായിത്തീരുന്നത്. സന്തുലിതമായി സമ്പുഷ്ടതയോടെ ഐശ്വര്യപൂർണ്ണ

മായി ക്ഷേമം നടപ്പാക്കുമ്പോൾ സമൃദ്ധിയും തന്മൂലം സമത്വവും പ്രാവർത്തിക മാകും. അങ്ങനെ ക്ഷേമാധിഷ്ഠിത ഭരണത്തിലൂടെ പ്രജാക്ഷേമം പ്രായോഗിക മായി നടപ്പാക്കുവാനാകും. എല്ലാവർക്കും അതാത് സ്ഥാനപ്രകാരം ക്ഷേമം ലഭ്യമാകുക എന്നതാണ് സമത്വത്താൽ ഉദ്ദേശിക്കുന്നത്. അതിനാണ് ക്ഷേമാ ധിഷ്ഠിത ഭരണം. തൊഴിലാളി എന്നതും മുതലാളി എന്നതും വ്യക്തി നിലകൊ ള്ളുന്ന രണ്ട് സ്ഥാനങ്ങൾ മാത്രമാണ്. തൊഴിലാളി എന്നതും മുതലാളി എന്നതും വ്യക്തിയിലെ രണ്ട് ഘടകങ്ങൾ മാത്രമാണ്. കേന്ദ്രീകരിക്കേണ്ടത് ഉടമസ്ഥർ എന്ന സ്ഥാനത്തിലേക്കായിരിക്കണം. പ്രജകളെല്ലാം ഉടമസ്ഥരായിരിക്കണം. ആവശ്യമുള്ളിടങ്ങളിൽ തൊഴിലാളിയാകുന്നതിനും മുതലാളിയാകുന്നതിനും ഉട മസ്ഥരായ പ്രജകൾ തന്നെ യഥാ തെയ്യാറാകണം.” ശ്രീരാമൻ തുടർന്നു.

“ക്ഷേമരാഷ്ട്രം പ്രാവർത്തികമല്ലെങ്കിൽ, കുടുംബത്തിന് വേണ്ടിയുള്ള പാർപ്പി ടം, സന്താനങ്ങളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയ കാര്യ ങ്ങൾക്ക് വേണ്ടി മാത്രമാണ് കുടുംബാംഗങ്ങളുടെ, പ്രത്യേകിച്ച് മാതാപിതാ ക്കളുടെ ആജീവനാന്തം പ്രയത്നം. ഒരു ജീവിതം മുഴുവൻ ഏതാനും പേരുടെ കാര്യത്തിനു വേണ്ടി മാത്രം ആഹുതി ചെയ്യപ്പെടുന്ന അവസ്ഥയുണ്ടാകുന്നു. അതിനിടയിൽ രാജ്യസേവനത്തിന് സാധിയ്ക്കുന്നില്ലാ എന്നത് അവഗണിയ്ക്കുവാ ൻ വയ്യ. ഏതാനും പേർ അതിസമ്പന്നരും മറ്റു ചിലർ സമ്പന്നരും അവശേഷി യ്ക്കുന്ന ഭൂരിഭാഗം പരമ ദരിദ്രരുമായിരിയ്ക്കും. രാജനീതിപ്രകാരം ഈ അസമത്വം നമ്മുടെ രാജ്യത്ത് നിലനിൽക്കാതിരിയ്ക്കുവാനുള്ള നടപടികൾ നിർബന്ധമായും പ്രാരംഭത്തിൽ തന്നെ നടപ്പാക്കിയിരിയ്ക്കണം.” ശ്രീരാമൻ തുടർന്നു.

“കുടുംബമായി വസിയ്ക്കുന്നതിനുള്ള ഭവനങ്ങൾ, വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയവയെല്ലാം ഒരു രാജ്യത്തെ ഭരണാധികാരി അവകാശമായി, അതിനാൽ സൗജന്യമായി, പ്രജകൾക്ക് അനുവദിയ്ക്കുമ്പോൾ മാത്രമേ ക്ഷേമരാ ഷ്ട്രം പ്രാവർത്തികമാകൂ എന്ന അടിസ്ഥാന നിയമത്തിന് പ്രാധാന്യം കൊടുത്ത് മാത്രമേ രാജാവ് പ്രവർത്തിയ്ക്കുവാൻ പാടുള്ളൂ. പ്രജകളുടെ അടിസ്ഥാനാവശ്യങ്ങ ൾ രാജ്യം അനുവദിയ്ക്കുന്നു; പ്രജകൾ എല്ലാവരുടെയും ക്ഷേമത്തിനായി രാജ്യ ത്തിനു വേണ്ടി പ്രയത്നിയ്ക്കുവാൻ തയ്യാറാകുന്നു, പ്രതിഫലം സ്വീകരിച്ചുകൊണ്ട് തന്നെ. ഉടമസ്ഥാവകാശ പദ്ധതി പ്രാവർത്തികമാക്കുമ്പോൾ ഓരോ പ്രജയും എല്ലാ സംരംഭത്തിലും ഉടമസ്ഥനായിരിയ്ക്കും അഥവാ ഉടമസ്ഥയായിരിയ്ക്കും. പ്ര സ്തുത സംരംഭങ്ങളിൽ നിന്നുമുള്ള ചെലവു കിഴിച്ചുള്ള മിച്ച സംഖ്യയിൽ പകുതി

രാഷ്ട്രത്തിന്റെ കരുതൽ ധനത്തിലേയ്ക്കും അവശേഷിയ്ക്കുന്ന പകുതി ഉടമസ്ഥരുടെ ക്ഷേമത്തിനായുള്ള വിഹിതമായും ചേർക്കപ്പെടും. നികുതി ഏർപ്പെടുത്താതെ പ്രജകൾക്ക് ആവശ്യമായ കാര്യങ്ങൾ സൗജന്യമായി ചെയ്തുകൊടുക്കുന്നതിനുള്ള ധനസമാഹരണം ഭരണാധികാരിയ്ക്ക് ഇപ്രകാരം ആർജ്ജിയ്ക്കാം. ഉടമസ്ഥാവകാശ പദ്ധതിയിൽ നിന്നുള്ള ആകെയുള്ള മിച്ച സംഖ്യയുടെ പകുതിയിൽ നിന്നും എല്ലാ മാസവും ജീവിതാവശ്യത്തിന് മതിയായ നിശ്ചിത സംഖ്യ ഓരോ കുടുംബത്തിനും അനുവദിച്ചിരിയ്ക്കണം. അതോടൊപ്പം പ്രജകൾക്ക് പലിശ രഹിത വായ്പകളും ലഭ്യമാകും. പ്രജകൾക്കെല്ലാം അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തും.'' ശ്രീരാമൻ തുടർന്നു.

"രാജ്യത്തെ പ്രജകൾക്ക് മാത്രം ഉടമസ്ഥാവകാശ പദ്ധതിയിൽ അംഗമാകാം. ഉടമസ്ഥാവകാശം വിൽക്കാനോ കൈമാറാനോ പണയം വെയ്ക്കുവാനോ അനുവാദമില്ല. രാജ്യത്തെ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയ യാതൊന്നും തന്നെ അന്യരാജ്യക്കാർക്ക് അഥവാ വിദേശികൾക്ക് വാങ്ങുന്നതിനോ കൈവശം വെയ്ക്കുന്നതിനോ അനുവാദമില്ല. വൈദഗ്ധ്യമുള്ള മേഖലകളിൽ വിദേശികളുടെ സേവനങ്ങൾ ആവശ്യമെങ്കിൽ പ്രതിഫലം നൽകി സ്വീകരിയ്ക്കാം. സ്ഥലങ്ങളും സ്ഥാപനങ്ങളും വിഭവങ്ങളും ആരുടെ നിയന്ത്രണത്തിലാണോ അവർ രാജ്യത്തിന്റെ ഭരണ നിയന്ത്രണവും അതുവഴി അവർക്ക് അനുകൂലമായ തീരുമാനങ്ങൾ മാത്രം നടപ്പാക്കുന്നതിന് ഭരണസംവിധാനത്തിലുള്ളവരെ എപ്പോഴും സ്വാധീനിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്യും. സ്ഥലങ്ങളും സ്ഥാപനങ്ങളും സമ്പത്തുമുള്ളവർക്ക് അനുകൂലമായിരിയ്ക്കും അധികാരസ്ഥാനത്തുള്ളവരുടെ തീരുമാനങ്ങൾ എന്നതിനാൽ ക്ഷേമവും തുല്യനീതിയും ലഭിയ്ക്കാതെ പ്രജകൾ പ്രയാസപ്പെടും. ഭവനത്തിലെ ശയനമുറി മാത്രം സ്വന്തം ഉടമസ്ഥതയിലും സ്ഥലമുൾപ്പെടെ മറ്റെല്ലാം മറ്റുള്ളവരുടേതുമായാൽ സ്വന്തം ഭവനമെന്ന് പറയുന്നതിൽ എന്തർത്ഥം?'' ശ്രീരാമൻ തുടർന്നു.

"രാഷ്ട്രത്തിന്റെ ഔദ്യോഗിക പതാകയിലും അഥവാ ചിഹ്നത്തിലും വർണ്ണങ്ങൾ മാത്രമേ പാടുള്ളൂ, മനുഷ്യരുടെയോ പക്ഷിമൃഗാദികളുടെയോ രൂപങ്ങൾ ഉണ്ടായിരിയ്ക്കരുത്. രാജ്യത്തെ പ്രതിനിധീകരിയ്ക്കുന്ന ഔദ്യാഗിക മുദ്രകളിൽ അക്ഷരങ്ങളും അക്കങ്ങളും വർണ്ണങ്ങളോടൊപ്പം മനുഷ്യരുടെയോ പക്ഷിമൃഗാദികളുടെയോ രൂപങ്ങളില്ലാത്ത അലങ്കാരങ്ങളും അനുവദനീയമാണ്. സ്ഥാപനങ്ങൾക്കോ സംരംഭങ്ങൾക്കോ രാജാവ് ഉൾപ്പെടെയുള്ള എല്ലാ സ്ഥാനങ്ങളിലും

അതാത് സമയങ്ങളിലോ അതിനുമുമ്പോ ഉണ്ടായിരുന്ന വ്യക്തികളുടെ പേര് ഉപയോഗിയ്ക്കാൻ പാടില്ല. രാജ്യത്തിന്റെ പേരിനോടൊപ്പം ഉദ്ദേശ്യമെന്താണോ അത് മാത്രമായിരിയ്ക്കണം. ഉദാഹരണമായി രാജ്യ നാമധേയത്തോടൊപ്പം ചികിത്സാലയം, വിദ്യാദ്ധ്യയനകേന്ദ്രം തുടങ്ങിയവ.” ശ്രീരാമൻ തുടർന്നു.

“ജാതീയത, വംശീയത, വർണ്ണ വ്യത്യാസം, വിശ്വാസികൾ, അവിശ്വാസികൾ തുടങ്ങിയ യാതൊരു വിവേചനങ്ങളും യാതൊരു കാരണവശാലും ഉണ്ടാകുവാൻ പാടില്ല. ഭരണ നിർവ്വഹണത്തിൽ ഇപ്രകാരമുള്ള അനീതികൾക്ക് ഇടമുണ്ടാകരുത്. യോഗ്യതയുടെ അടിസ്ഥാനം ഈ രാജ്യത്തെ പ്രജയാണോ എന്നത് മാത്രമാകുന്നു. യാതൊരു കാലത്തും യാതൊരു സന്ദർഭത്തിലും മറ്റൊന്നും മറ്റൊരു അനീതിയും വിവേചനവും വെറുപ്പും പ്രജകൾക്ക് ലഭിയ്ക്കേണ്ടതായ അവകാശങ്ങൾ നേടിയെടുക്കുന്നതിന് തടസ്സമാകരുത്. വിദ്യാദ്ധ്യയനത്തിനും തൊഴിലിനും ചികിത്സയ്ക്കും മറ്റു സഹായങ്ങൾക്കും തുടങ്ങിയ യാതൊന്നിനും വിശ്വാസി-അവിശ്വാസി തുടങ്ങിയ പരിഗണനകൾ ഉണ്ടായിരിയ്ക്കരുത്; ഭരണ നിർവ്വഹണ രേഖകളിൽ അത്തരം പരാമർശങ്ങളോ സൂചനകളോ പാടില്ല. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യനീതിയായിരിയ്ക്കും. തൊഴിലിനുള്ള വേതനവും തുല്യമായിരിയ്ക്കും. വൃദ്ധർ, അവശതയനുഭവിയ്ക്കുന്നവർ, മാതാപിതാക്കളോ രക്ഷാകർത്താക്കളോ ഇല്ലാത്ത കുട്ടികൾ, ആരോരുമില്ലാത്ത വിധവകൾ തുടങ്ങിയവർക്കെല്ലാം ആഹാര വസ്ത്രാദികൾ ഉൾപ്പെടെ എല്ലാ സൗജന്യ സംരക്ഷണവും സ്വതന്ത്രജീവിതവും നൽകുന്നതിനുവേണ്ടി ലഭ്യമായ എല്ലാ സൗകര്യങ്ങളുമുള്ള അഭയകേന്ദ്രങ്ങൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും നിർമ്മിച്ച് കാര്യക്ഷമമായി നിലനിർത്തുന്നതാണ്.” ശ്രീരാമൻ തുടർന്നു.

“കരുതൽ ധനത്തോടൊപ്പം ആവശ്യമായ അളവിൽ സ്വർണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയ ലോഹസംഭരണങ്ങളും ഉണ്ടായിരിയ്ക്കണം. സ്ഥാപനങ്ങളിൽനിന്നും സംരംഭങ്ങളിൽനിന്നും പ്രയോജനം നേരിട്ട് ലഭിയ്ക്കുന്നതിനാൽ കൃത്യതയോടെ വിജയിപ്പിച്ചെടുക്കേണ്ടത് പ്രജകളുടേയും കർത്തവ്യമായിത്തീരുന്നു. പ്രജകളിൽ നിന്നും അതാത് മേഖലകളിലുള്ള സംരംഭങ്ങളിലേയ്ക്ക് അനുയോജ്യരായവരെ തെരഞ്ഞെടുക്കുവാനുള്ള തൊഴിൽസംവിധാനം നടപ്പിലാക്കും. ഓരോ മേഖലയ്ക്കും പ്രത്യേക മന്ത്രാലയം രൂപീകരിയ്ക്കും. അത്തരം വിവിധ വകുപ്പുകൾക്ക് മേധാവിമാരായി മന്ത്രിമാരും ഉദ്യോഗസ്ഥരും നിയമിയ്ക്കപ്പെടും. നഗരാസൂത്രണവകുപ്പിന് കീഴിൽ ഓരോ പ്രദേശങ്ങളുടേയും വികസനത്തിനും ദൈനംദിന ഭരണ നിർവ്വ

ഹണങ്ങൾക്കുമായി യോഗ്യരായ നിരവധി പേരെ നിയമിയ്ക്കും. എല്ലാ പ്രദേശങ്ങളിലും അടിസ്ഥാന ജീവിത സൗകര്യങ്ങളും സഞ്ചാര മാർഗ്ഗങ്ങളും അഥവാ യാത്രാ വഴികളും ജലസേചന സൗകര്യവും ഉൾപ്പെടെയെല്ലാം കാര്യക്ഷമമായി നടപ്പാക്കി നഗരങ്ങളായി പരിണമിപ്പിയ്ക്കും. ഗ്രാമങ്ങളെ നഗരങ്ങളാക്കി മാറ്റണം. കേന്ദ്രീകൃത ഭരണസംവിധാനം നടപ്പാക്കണം. ഭരണാധികാരിയിൽ നിന്നും നേരിട്ട് പ്രജകൾക്ക് ആവശ്യമായ കാര്യങ്ങൾ ലഭ്യമായിരിയ്ക്കണം. **ഭരണാധികാരി അഥവാ രാജാവ് – തലസ്ഥാനം – നഗരങ്ങൾ എന്നീ ത്രിതല സംവിധാനം മാത്രമേ ഭരണ നിർവ്വഹണത്തിന് പാടുള്ളൂ.** ഭരണ നിർവ്വഹണത്തിനായി വിവിധ വകുപ്പുകളും അതിന്റെ മേൽനോട്ടത്തിന് മന്ത്രിമാരും ഉദ്യോഗസ്ഥരുമുണ്ടായിരിയ്ക്കും. ഭാഷാ വ്യത്യാസത്തിന് അനുസൃതമായി അതാത് ഭാഷാ വിദഗ്ധർ ഉൾപ്പെടുന്ന സംവിധാനം നടപ്പാക്കി എല്ലാ പ്രദേശങ്ങളിലുമുള്ള പ്രജകൾക്കും ഭരണാധികാരി എന്ന സുപ്രധാന സ്ഥാനത്താൽ അനുവദിയ്ക്കുന്ന പ്രജാക്ഷേമ പദ്ധതികൾ കാലവിളംബം കൂടാതെ ലഭിയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കും. ഇടനിലക്കാരുടെ ദുരുദ്ദേശത്തിൽ പ്രജകൾ അകപ്പെടരുത്." ശ്രീരാമൻ തുടർന്നു.

"അഴിമതിയും സ്വജനപക്ഷപാതിത്വവും കാര്യക്ഷമതയില്ലായ്മയും അലസതയും അനാവശ്യ കാലതാമസം വരുത്തലും വധശിക്ഷ ഉൾപ്പെടെ അതികഠിനമായ ശിക്ഷ ലഭിയ്ക്കുന്ന കുറ്റങ്ങളാകുന്നു. മോഷണവും, കൊലപാതകങ്ങളും, അക്രമങ്ങളും, കലാപങ്ങളും ഉണ്ടാക്കുന്നവരെ വധശിക്ഷയ്ക്ക് വിധിയ്ക്കും. പ്രജകളുടെ സ്വൈര്യ ജീവിതത്തിന് തടസ്സമുണ്ടാക്കുന്നവരെ നിർദ്ദാക്ഷീണ്യം കൈകാര്യം ചെയ്യും. രാജ്യ സുരക്ഷയോടൊപ്പം ആഭ്യന്തര സുരക്ഷയ്ക്കും സമാധാന ജീവിതത്തിനും പരമപ്രാധാന്യമുണ്ടാകും. പ്രജകളുടെ സമ്പൂർണ്ണ ക്ഷേമമാകുന്നു തീരുമാനം." ശ്രീരാമൻ തുടർന്നു.

**"രാജാവ് ഉൾപ്പെടെ ഭരണനിർവ്വഹണസ്ഥാനത്തേയ്ക്ക് യോഗ്യരായവരെ പ്രജകൾക്ക് തന്നെ 10 വർഷ കാലയളവിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കും. പ്രജാക്ഷേമത്തിനായ് നിശ്ചിത കാലയളവിൽ നിശ്ചിത പ്രവർത്തനങ്ങൾ നിർബന്ധമായും നടപ്പാക്കുന്നതിനായി മാത്രമാകുന്നു അനുവാദം. തെരഞ്ഞെടുക്കുന്നതിന് മുമ്പ് എന്തെല്ലാം ചെയ്ത് പൂർത്തിയാക്കണമെന്ന് കൃത്യമായ തീരുമാനങ്ങൾ പ്രജകൾ നിയമിച്ച വിദഗ്ധ സമിതിയ്ക്കുണ്ടായിരിയ്ക്കണം. പദ്ധതി അടിസ്ഥാനത്തിലാകുന്നു പ്രജാക്ഷേമത്തിന് ആവശ്യമായതെല്ലാം നടപ്പാക്കേണ്ടത്.**

**ഓരോ പ്രദേശങ്ങളെ അടിസ്ഥാനമാക്കി രാജ്യത്ത് മൊത്തമായും നടപ്പാക്കേണ്ട തായ പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ പദ്ധതി അധിഷ്ഠിത തീരുമാനങ്ങൾ പ്രജകളുടെ സമക്ഷം അവതരിപ്പിച്ച് പ്രജകളുടെ അനുവാദം തെരഞ്ഞെടുപ്പിലൂടെ നേടുക എന്ന താകുന്നു പ്രാഥമികമായി ചെയ്യേണ്ടത്. അടുത്ത് പത്ത് വർഷത്തേയ്ക്ക് രാജ്യത്ത് നടപ്പാക്കി പൂർത്തിയാക്കേണ്ടതായ എല്ലാ പ്രവർത്തന പദ്ധതികൾക്കും പ്രജകൾ അറിഞ്ഞ് അനുവാദം നൽകണം. രണ്ട് തെരഞ്ഞെടുപ്പുണ്ടാകും. ഒന്ന്, ഏതെല്ലാം പദ്ധതികളും പ്രവർത്തനങ്ങളും വേണമെന്ന തെരഞ്ഞെടുപ്പ്. രണ്ട് പ്രസ്തുത പദ്ധ തികൾ നടപ്പാക്കുന്നതിന് യോഗ്യരായവരെ പ്രജകളിൽ നിന്നും തെരഞ്ഞെടുക്ക ൽ. അപ്രകാരമുള്ള പദ്ധതികളെ കൃത്യതയോടെ നടപ്പാക്കുന്നതിന് യോഗ്യരായ രായവരെ മാത്രമേ പ്രജകൾ തെരഞ്ഞെടുക്കുവാൻ പാടുള്ളൂ. ഓരോ വർഷത്തെ പ്രവർത്തനത്തേയും പരിശോധിച്ച് വിലയിരുത്തി യോഗ്യമായ വിധത്തിൽ സമ യബന്ധിതമായി പൂർത്തിയാക്കുവാൻ തയാറാകാത്ത അഥവാ സാധിയ്ക്കാത്തവരെ പുറത്താക്കുന്നതിനും തുടർന്ന് അനുയോജ്യരായവരെ തെരഞ്ഞെടുക്കുന്നതിനും പ്രജകൾക്ക് അധികാരവും അവകാശവും അനുവദിയ്ക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെ ട്ട അംഗങ്ങളിൽ ആർക്കെങ്കിലും മരണമോ അപകടമോ സംഭവിയ്ക്കുന്നുവെങ്കിൽ തൽസ്ഥാനത്ത് അനുയോജ്യരായ വ്യക്തിയെ തെരഞ്ഞെടുക്കാവുന്നതാണ്. വാ ഗ്ദാനങ്ങൾ നൽകി പ്രജകളെ കബളിപ്പിച്ച് ഭരണ നിർവ്വഹണ സ്ഥാനത്ത് എത്തു ന്നതിനായ് ദുരുദ്ദേശമുള്ള തൽപ്പരകക്ഷികളുടെ കുത്സിതശ്രമങ്ങളെ എപ്പോഴും തി രിച്ചറിഞ്ഞ് പ്രതിരോധിയ്ക്കുമ്പോൾ മാത്രമേ പ്രജാക്ഷേമവും രാഷ്ട്ര സുരക്ഷയും ഉറപ്പ് വരുത്താനാകൂ.”** ചരിത്രപ്രസിദ്ധമായ വിധിപ്രഖ്യാപനത്തിലൂടെ ശ്രീരാമൻ നവോത്ഥാനത്തിന്റെ പുത്തൻ ചുവടുവെപ്പുകൾ ആരംഭിച്ചു, ക്ഷേമരാഷ്ട്ര പൂർത്തീ കരണത്തിനായി.

“അഴിമതിയ്ക്കാരെ അതിശീഘ്ര വിചാരണയിലൂടെ വധശിക്ഷയ്ക്ക് വിധേയരാക്കും. കൃത്യമായ നിരീക്ഷണ സംവിധാനങ്ങളിലൂടെ അലസതയും കാര്യപ്രാപ്തിയുമി ല്ലാത്തവരെ എല്ലാ സംരംഭങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും സ്ഥാനങ്ങ ളിൽ നിന്നും നിർദാക്ഷീണ്യം അകറ്റി നിർത്തും.” ശ്രീരാമൻ അറിയിച്ചു.

“ക്രമസമാധാനപാലനത്തിന് എല്ലാ പ്രദേശങ്ങളേയും കേന്ദ്രീകരിച്ചുള്ള നിയമ സംവിധാനം നടപ്പിൽ വരുത്തും. ക്രമസമാധാനപാലനത്തിന് നിയമിതരായവ രിൽ നിന്നും അകാരണമായി പ്രജകൾക്ക് ഉപദ്രവമുണ്ടായാൽ അത്തരത്തിലുള്ള വർ പ്രസ്തുത സ്ഥാനത്ത് നിന്നും പിരിച്ചുവിടപ്പെടുന്നതോടൊപ്പം ശിക്ഷയും കൂടി

അനുഭവിക്കേണ്ടിവരും. എല്ലാത്തരം മായം ചേർക്കലും വധശിക്ഷ ലഭിക്കുന്ന കുറ്റമാകുന്നു. പ്രത്യേകിച്ച് ആഹാര പദാർഥങ്ങളിൽ. രാജ്യദ്രോഹത്തിനും, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾക്കും വധശിക്ഷ നൽകണം. എല്ലാ തൊഴിലിടങ്ങളിലും തൊഴിൽ തർക്കപരിഹാര സംവിധാനവും സ്ത്രീസുരക്ഷാപദ്ധതിയും വേണം. പ്രായപൂർത്തിയായവർക്ക് മാത്രമേ തൊഴിൽ നൽകുവാൻ പാടുള്ളൂ. എന്നാൽ വിദ്യാഭ്യയനത്തോടൊപ്പമുള്ള തൊഴിൽ നൈപുണ്യ പഠനത്തിന് അനുവാദമുണ്ടായിരിക്കും. എല്ലാ വ്യവഹാരങ്ങളും അർദ്ധവർഷത്തിനുള്ളിൽ പൂർത്തീകരിക്കണം. കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള സങ്കീർണ്ണ വ്യവഹാരങ്ങളിൽ അന്വേഷണത്തിന് നിശ്ചിത പരിധിക്കുള്ളിൽ എന്ന നിബന്ധനയോടെ ആവശ്യമായ കാലയളവ് അനുവദിക്കാവുന്നതാണ്.'' ശ്രീരാമൻ അറിയിച്ചു.

''നീതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് രണ്ട് ഘട്ടങ്ങൾ മാത്രം അനിവാര്യം: കീഴ്കോടതി എന്ന പ്രാദേശിക കോടതിയും മേൽകോടതി എന്ന പരമോന്നത കോടതിയും. വ്യവഹാരങ്ങളുടെ കാലവിളംബം അനീതിക്ക് കാരണമാകും. വൈകിയെത്തുന്ന നീതി അനീതിയുടെ സഹചാരിയായിരിക്കും. കീഴ്കോടതി വിധിക്ക് എതിരെ മേൽകോടതിയെ സമീപിക്കാം. വ്യവഹാരങ്ങൾ കെട്ടികിടക്കാതിരിക്കുന്നതിനും കാലതാമസം വരാതിരിക്കുന്നതിനും ആവശ്യാനുസൃതം നീതിനിർവ്വഹണ ഉദ്യോഗസ്ഥരെ എല്ലായിടങ്ങളിലും നിയമിക്കും. ന്യായത്തിനേക്കാൾ നീതിക്കാകുന്നു പ്രാധാന്യം. വ്യക്തമായ ലിഖിത നിയമങ്ങൾ അടങ്ങിയ ഭരണഘടനപ്രകാരമായിരിക്കും രാജ്യം നിയന്ത്രിക്കപ്പെടുക. വ്യക്തികൾക്ക് അമിതാധികാരം നൽകാതെ അതാത് സ്ഥാനങ്ങൾക്ക് മാത്രം ആവശ്യമായ അധികാരങ്ങൾ അനുവദിച്ച് വ്യക്തികളെ നിയമങ്ങളുടെ പരിധിയിൽ നിലനിർത്തണം. ആരും നിയമത്തിന് അതീതരാവരുത്. എല്ലാവർക്കും നിയമപ്രകാരമുള്ള സംരക്ഷണം അനുവദിച്ചിരിക്കണം. വ്യക്തികളെ ആശ്രയിക്കാതെ രാഷ്ട്രം നിലനിൽക്കുന്നതിന് കൃത്യമായ നിയമങ്ങൾ ലിഖിത ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കും. ഭരണഘടനയുടെ സുരക്ഷയ്ക്കായി സമർത്ഥരായ പ്രത്യേക നീതിനിർവ്വഹണ ഉദ്യോഗസ്ഥരുടെ സംഘത്തെ തന്നെ നിയമിച്ചിരിക്കും.'' ശ്രീരാമൻ തുടർന്നു.

''രാജനീതിപ്രകാരമുള്ള നിയമപഠനം പൂർത്തിയാക്കിവർക്ക് നീതിനിർവ്വഹണ സംവിധാനത്തിൽ പ്രജകൾക്ക് നീതി ലഭിക്കുന്നതിന് വേണ്ടി വ്യവഹാരങ്ങൾ

ഏറ്റെടുത്ത് വാദിയ്ക്കാവുന്നതും പ്രതിഫലം ഭരണാധികാരി നൽകുന്നതുമാണ്. സാമ്പത്തിക പ്രയസങ്ങളാൽ നീതി ലഭിയ്ക്കുന്നതിന് തടസ്സമുണ്ടാകരുത്. നീതി നിർവ്വഹണ സംവിധാനം സർവ്വദാ സ്വതന്ത്രമായിരിയ്ക്കണം. യാതൊരുവിധ സ്വാധീനങ്ങളും ബന്ധങ്ങളും നീതിനിർവ്വഹണ സംവിധാനത്തിൽ പ്രവർത്തിക്കുന്നവരെ നിയന്ത്രിയ്ക്കുവാൻ പാടില്ലാത്തതിനാൽ അത്തരം സ്ഥാനങ്ങളിൽ പ്രവർത്തിച്ചവരെ പ്രവർത്തന കാലാവധിയ്ക്ക് ശേഷമോ തൽസ്ഥിതിയിൽ തുടരുമ്പോഴോ ഭരണ നിർവ്വഹണത്തിന്റെ യാതൊരു സ്ഥാനങ്ങളിലേയ്ക്കും നിയമിയ്ക്കുവാൻ പാടില്ല. യാതൊരു കാരണവശാലും രാജാവിന്റേയും മറ്റ് ഭരണനിർവ്വഹണ അധികാരത്തിലുള്ളവരുടേയും സമ്മർദ്ദങ്ങൾക്കും സ്വാധീനങ്ങൾക്കും നീതി നിർവ്വഹണ ഉദ്യോഗസ്ഥർ കീഴ്പ്പെടരുത്."

"സ്നേഹത്തിലേയ്ക്കല്ല, സ്ഥാനത്തിലേക്കാകുന്ന കേന്ദ്രീകരിക്കേണ്ടത്. സ്നേഹത്താൽ മമതയും തിരികെ ലഭിക്കണമെന്ന പ്രതീക്ഷയും എന്റേതെന്ന ബന്ധനവും തന്മൂലമുള്ള ദു:ഖവുമാണുണ്ടാവുക. സ്ഥാനത്താൽ കർത്തവ്യനിർവ്വഹണവും സ്വയം വ്യക്തതയും സ്വാതന്ത്ര്യവും സദുദ്ദേശ്യവും തിരികെ പ്രതീക്ഷിക്കാതിരിക്കലുമാണുണ്ടാവുക. സ്വയം വ്യക്തതയും സ്വാതന്ത്ര്യവും മുക്തിയുമാണ് ഉദ്ദേശ്യമെങ്കിൽ സ്ഥാനപ്രകാരം ചെയ്യുന്ന എന്നതാണ് ഉത്തമം, സ്നേഹത്താലെന്നല്ല. അതാത് സ്ഥാനത്തിന് അധികാരമുണ്ടെങ്കിൽ മാത്രമേ ഏതൊന്നിനും അർഹതയുള്ളൂ. സ്ഥാനപ്രകാരം ചെയ്യേണ്ടത് ചെയുകയാണ് എന്ന തിരിച്ചറിവുണ്ടാകുമ്പോൾ ഞാൻ, എന്റേത്, എനിയ്ക്ക് എന്നീ മമതാപാശങ്ങളിൽപ്പെട്ടുഴലാതെ കർത്തവ്യമാണ് ചെയ്യുന്നതെന്നും തിരിച്ചൊന്നും പ്രതീക്ഷിക്കാതിരിക്കുന്നതാണ് നല്ലതെന്നും വ്യക്തമായി സമാധാനമുണ്ടാകും."

മഹാരാജാ ശ്രീരാമന്റെ ഭരണപരിഷ്ക്കാരങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം സന്നിഹിതരായവർക്കെല്ലാം പുത്തൻ അനുഭവമായി.

ശ്രീരാമൻ തുടർന്നു -

"സപ്തമാവതാരദൗത്യം ഭരണാധികാരി അഥവാ രാജാവ് എന്ന സുപ്രധാന ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചു. രാഷ്ട്രം, ലോകം, പ്രപഞ്ചം, ബ്രഹ്മാണ്ഡം എന്നീ ഘടനകളിലാണ് അവതാരദൗത്യം നടപ്പാക്കുക. വ്യക്തി, കുടുംബം, സമൂഹം എന്നീ ഘടനകളിലല്ല. ബ്രഹ്മദേവ - ശിവദേവ - വിഷ്ണുദേവ തീരുമാനപ്രകാരം മാത്രം എല്ലാം നടപ്പാകുന്നു."

**“ക്ഷേമരാഷ്ട്രം എങ്ങനെ ഒരു രാജ്യത്ത് പൂർണ്ണ തോതിൽ നടപ്പാക്കുമെന്നത് സം ബന്ധിച്ച് അവ നടപ്പാക്കുമ്പോൾ മാത്രം അറിയേണ്ടതായ സുപ്രധാന കാര്യങ്ങൾ അതാത് സമയത്ത് പ്രാവർത്തികമാക്കുമ്പോൾ മാത്രം വെളിപ്പെടുത്തുന്നതാണ്.” സപ്തമാവതാര ഭഗവാൻ ശ്രീരാമൻ അറിയിച്ചു.**

“പ്രായോഗികവും യുക്തിക്ക് നിരക്കുന്നതും പൂർണ്ണമായും പ്രജാക്ഷേമത്തിനുവേണ്ടിയുമുള്ള ക്ഷേമാധിഷ്ഠിത ഭരണം നടപ്പാക്കി ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാദ്ധ്യയനം, ചികിത്സ മുതലായവയെല്ലാം സൗജന്യമായി പദ്ധതി അധിഷ്ഠിതരീതിയിൽ പ്രജകൾക്ക് ലഭ്യമാക്കുന്നതായിരിക്കും. രാജ്യത്തെ ഓരോ പ്രദേശത്തേയും പ്രജകൾക്ക് അവരുടെ ആവശ്യതകൾ നടപ്പാക്കികിട്ടുന്നതിനുള്ള തീരുമാനങ്ങൾ പദ്ധതി അടിസ്ഥാനത്തിൽ അതിശീഘ്രം പൂർത്തിയാക്കും. പാർപ്പിടങ്ങൾ, ചികിത്സാലയങ്ങൾ, വിദ്യാദ്ധ്യയന കേന്ദ്രങ്ങൾ മുതലായ പ്രജകളുടെ ആവശ്യകതകൾക്ക് പൊതുവായി സാമ്യതകളുണ്ട്. അവയെല്ലാം എല്ലാ പ്രജകൾക്കും ലഭ്യമാകുന്ന വിധത്തിൽ എല്ലാ പ്രദേശങ്ങളിലും നടപ്പാക്കും.” ശ്രീരാമൻ ഭരണപരിഷ്ക്കാരങ്ങളെക്കുറിച്ച് വിശദീകരിച്ചു.

“ക്ഷേമാധിഷ്ഠിത ഭരണത്താൽ ദാരിദ്ര്യ ശമനമുണ്ടായാലും ഈശ്വരനിശ്ചയപ്രകാരം ഒരാൾ പട്ടിണികിടക്കണമെന്നാണെങ്കിൽ തീർച്ചയായും എന്തെങ്കിലും കാരണങ്ങൾകൊണ്ട് വിശപ്പിന്റെ അസഹ്യത അനുഭവിക്കേണ്ടിവരും. പക്ഷേ അത് ദാരിദ്ര്യമല്ല. ആ വ്യക്തി ആ സന്ദർഭത്തിൽ അത് സഹിക്കേണ്ടതുണ്ടാകും. ജീവനെ സംബന്ധിച്ച് അങ്ങനെ സംഭവിക്കുന്നതിന് പൂർവ്വജന്മകർമ്മങ്ങൾ ഉൾപ്പെടെ സൂക്ഷ്മമായ അനവധി കാരണങ്ങൾ ഉണ്ടായിരിക്കും. ഈശ്വരനിശ്ചയമാണത്. അതേവിധത്തിൽ എന്തൊക്കെയുണ്ടെങ്കിലും ഈശ്വരനിശ്ചയപ്രകാരം സംഭവിക്കാനുള്ളത് യാതൊരു മാറ്റവുംകൂടാതെ സംഭവിയ്ക്കും. അത് മറികടക്കുവാൻ ആർക്കും കഴിയില്ല. എല്ലാം ഈശ്വരനിശ്ചയത്തിന് വിധേയമാകുന്നു.” ശ്രീരാമൻ തുടർന്നു.

“എല്ലാം ആകുന്നത് പരബ്രഹ്മം എന്ന പദത്താൽ ഉദ്ദേശിയ്ക്കുന്നു. ജീവിവർഗ്ഗങ്ങളായും ഇരുട്ടായും വെളിച്ചമായും നന്മയായും തിന്മയായും പ്രപഞ്ചമായും അണ്ഡകടാഹമായും എന്തൊന്നാണോ നിലകൊള്ളുന്നത് ആയത് പരബ്രഹ്മം എന്ന പദത്താൽ വ്യക്തമാക്കുന്നു. അദൃശ്യത്തെ പ്രസ്തുത പദത്താൽ വ്യക്തമാകുന്നത് പോലെ പരബ്രഹ്മം എന്ന പദത്താൽ യാതൊന്നാണോ എല്ലാം ആകുന്നത്

ആയത് വ്യക്തമാകുന്നു. ബോധത്തിന് ഉൾക്കൊള്ളുവാൻ ഭാഷയും അതിലെ പദങ്ങളും അനിവാര്യമായതിനാൽ അവ്യക്തതയിൽ നിർത്തുന്നതിന് പകരം വ്യക്തതക്ക് പരബ്രഹ്മം എന്ന പദത്തെ ഉപയോഗിയ്ക്കുന്നുവെന്ന് മാത്രം. ഭിന്ന മല്ലാതെ, എല്ലാം ആകുന്നതിനാൽ പരബ്രഹ്മത്തിലേയ്ക്ക് ആരാധന ആവശ്യമി ല്ല. കാരണം പരബ്രഹ്മമല്ലാതെ മറ്റൊന്നില്ല. പരബ്രഹ്മം സ്വയം ഭിന്നം എന്ന തലത്തിൽ സൃഷ്ടിയായി നിലകൊള്ളുമ്പോൾ അതാത് സ്ഥാനപ്രകാരം വിവിധ അധികാരങ്ങളിലൂടെ നിർവ്വഹണങ്ങൾ പൂർത്തിയാക്കുന്നു. അതുകൊണ്ടാണ് ജ്യോതിർമണ്ഡലങ്ങളിൽ പ്രകാശസ്വരൂപത്തിൽ നിലകൊള്ളുന്ന ഉപരിവർഗ്ഗ മായ ദേവവർഗ്ഗത്തോട് പ്രാർത്ഥിയ്ക്കുന്നത്. ദേവവർഗ്ഗത്തിന് ഈ ഭൂമിയിൽ നിന്നും യാതൊന്നും ആവശ്യമില്ല. ഭക്തിപോലും ഭക്തരുടെ ആവശ്യമാകുന്നു. കരുതൽ ധനത്തോടോപ്പം ആരാധനാലത്തിന്റെ അഥവാ ക്ഷേത്രത്തിന്റെ നടത്തിപ്പിന് വേണ്ടതായ ചെലവുകൾക്ക് മാത്രം ഭക്തർക്ക് നാണയങ്ങളായി പ്രാർത്ഥനകൾ അർപ്പിയ്ക്കാം. പുഷ്പങ്ങളോ ദ്രവ്യങ്ങളോ പദാർഥങ്ങളോ പാനീ യങ്ങളോ ആഹാരവസ്തുക്കളോ ഉൾപ്പെടെയുള്ള യാതൊന്നും പ്രാർത്ഥനകളായി അർപ്പിയ്ക്കരുത്. പഞ്ചഭൂതാത്മക മനുഷ്യ സമാന ദേഹമായോ ഈ ഭൂമിയിലെ മറ്റ് ജീവി വർഗ്ഗങ്ങളുടെ രൂപ ഘടനയിലോ ജീവിതരീതിയിലോ ദേവവർഗ്ഗ ത്തെ സങ്കൽപ്പിയ്ക്കരുത്." ശ്രീരാമൻ തുടർന്നു.

"അതിനാൽ പുതിയ അവകാശവാദങ്ങളല്ല നാം ഉന്നയിക്കുന്നത്. പ്രജാക്ഷേമം നടപ്പാക്കുന്നതിനുള്ള ഒരു രാജ്യത്തിന്റെ ഭരണസംവിധാനത്തിന്റെ സർവ്വാധി കാര സ്ഥാനമാണ് രാജാവ്. ദേവങ്കൽനിന്നും പ്രജാക്ഷേമത്തിനായി അനുവ ദിയ്ക്കുവാൻ ഉദ്ദേശിച്ച നല്ല കാര്യങ്ങളെ മുടക്കംകൂടാതെ ലഭിക്കുന്നതിന് രാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തി വളരേയധികം ശ്രദ്ധിക്കേണ്ടതുണ്ട്. യാതൊരുവി ധ മമതയും വിരോധവും ആരോടും ഉണ്ടാവരുത്. സ്വതന്ത്രമായി മാത്രം രാജാവ് ഭരണനിർവ്വഹണത്തിന് തെയ്യാറാകണം. യാതൊന്നിനോടും വിധേയത്വമു ണ്ടാകരുത്. എങ്കിൽ മാത്രമേ ദേവങ്കൽനിന്നും പ്രജകൾക്കുവേണ്ടി അനുവദിച്ച ത് അവർക്ക് തന്നെ ലഭിക്കുകയുള്ളൂ."

"നാം പുതിയതായി യാതൊന്നും ചെയ്യുന്നില്ല. എന്തെല്ലാം നാം ചെയ്യണമെന്ന് സർവ്വാധികാരി പരമഗുരു ശിവദേവൻ മുമ്പേ തീരുമാനിച്ചിട്ടുണ്ടോ അത് മാത്രമേ നമുക്ക് സാധിക്കൂ. യാതൊന്നും നമ്മുടെ തീരുമാനമല്ല. എല്ലാം ബ്രഹ്മദേവന്റേ യും സർവ്വാധികാരി പരമഗുരു ശിവദേവന്റേയും സംരക്ഷണാധികാരി വിഷ്ണുദേ

വന്റേയും തീരുമാനങ്ങളാകുന്നു. അത് അറിഞ്ഞ് നടപ്പാക്കുക എന്ന ദൗത്യം മാത്രമാണ് നമ്മുടേത്. ജ്യോതിർമണ്ഡല ബ്രഹ്മലോക-ശിവലോക-വിഷ്ണുലോക പ്രകാശ സ്വരൂപ സമുന്നത സ്ഥാനാധികാര ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ ദേവവർഗ്ഗത്തെ മാത്രം ആരാധിയ്ക്കുക. ദേവവർഗ്ഗത്തിന്റെ യഥാർത്ഥ ചിത്രം ഈ ഭൂമിയിലേയ്ക്ക് അനുവദിയ്ക്കാത്തതിനാൽ പഞ്ചഭൂതാത്മക മനുഷ്യരൂപങ്ങളും മറ്റ് ജീവിവർഗ്ഗങ്ങളുമായും ദേവവർഗ്ഗത്തെ സങ്കൽപ്പിച്ച് നിന്ദിയ്ക്കാതിരിയ്ക്കുക. പരിമിത അറിവും സ്ഥാനാധികാരങ്ങളുമുള്ള വ്യക്തികളേയും അഥവാ മനുഷ്യരേയും ഈ ഭൂമിയിലെ മറ്റ് ജീവിവർഗ്ഗങ്ങളേയും പ്രകൃതി പ്രതിഭാസങ്ങളേയും ആദരിക്കാം, ബഹുമാനിക്കാം; ആരാധിയ്ക്കാതിരിയ്ക്കുക. മനുഷ്യരെ അറിഞ്ഞ് ഉപദ്രവമില്ലാത്ത രീതിയിൽ നിർത്തേണ്ടിടത്ത് നിർത്തുകയാണ് നല്ലത്. നിന്ദിയ്ക്കാതിരിക്കൽ യഥാർത്ഥ വന്ദിയ്ക്കൽ.”

ഒരു രാജാവ് എങ്ങനെയായാൽ മാത്രം പ്രജകൾക്ക് സദ്ഭരണം ലഭ്യമാകും എന്ന കാതലായ ഭാഗം സപ്തമാവതാര ഭഗവാൻ ശ്രീരാമൻ അറിയിച്ചപ്പോൾ സഭാംഗങ്ങളും പ്രജകളും അത്യധികം സന്തോഷിച്ചു. ഒരു നല്ല നാളേയുടെ പ്രതീക്ഷകൾ അവരെ സ്വാഗതം ചെയ്തു.

ശ്രീരാമൻ തുടർന്നു -

“എല്ലാ പ്രദേശങ്ങളും നഗരാസൂത്രണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഗ്രാമപ്രദേശങ്ങളും നഗരങ്ങളായി വികസിപ്പിയ്ക്കും. മാലിന്യ സംസ്കരണത്തോടൊപ്പം വൃത്തിയും പരിസരശുചീകരണവും എപ്പോഴും ശ്രദ്ധിയ്ക്കേണ്ടതാകുന്നു. ഭക്ഷ്യ സുരക്ഷയും സ്വയംപര്യാപ്തതയും സുപ്രധാനമാകുന്നു. കയറ്റുമതി പ്രോത്സാഹിപ്പിയ്ക്കുന്നതോടൊപ്പം, സാധിയ്ക്കുന്നിടത്തോളം ഇറക്കുമതി കുറയ്ക്കുക എന്നതാവണം തീരുമാനം. എല്ലാക്കാര്യങ്ങൾക്കും ആവശ്യമായ എല്ലാം രാജ്യത്ത് തന്നെ ഉത്പാദിപ്പിയ്ക്കാനും നിർമ്മിയ്ക്കാനും സാധിയ്ക്കുന്ന വിധത്തിൽ തീരുമാനങ്ങൾ നടപ്പാക്കണം. എല്ലാവർക്കും തൊഴിൽ നൽകുവാൻ ഇത് സഹായിയ്ക്കും. പ്രജകളോട് യാതൊരു വിവേചനവും പാടില്ല. എല്ലാം എല്ലാവരുടേയും അവകാശമായി അനുവദിയ്ക്കണം.” ശ്രീരാമൻ തുടർന്നു.

“നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള ഗതാഗത മാർഗ്ഗങ്ങൾ ലഭ്യമായ സൗകര്യങ്ങളുപയോഗിച്ച് സാങ്കേതികമായ പരിഷ്ക്കരണങ്ങളോടെ കാര്യക്ഷമമാക്കണം. അയൽരാജ്യങ്ങളുമായി സൗഹൃദവും വ്യാപാരവാണിജ്യബന്ധങ്ങളും ക്രിയാ

ത്മകമായി നിലനിർത്തുവാൻ ആവശ്യമായ എല്ലാ നടപടികളും ചെയ്യണം. വിദേശനയം ക്രിയാത്മകവും സൗഹാർദ്ദപരവുമാകണം. അയൽരാജ്യമായ ലങ്കയുമായി നല്ല അയൽബന്ധം സ്ഥാപിക്കുന്നതിനും പരസ്പര സമ്പർക്കം മെച്ചപ്പെടുത്തുവാനുമായി ഗതാഗതമാർഗ്ഗം അത്യാവശ്യമാണ്. ശിവലോക വാസിയായ സർവ്വാധികാരി പരമഗുരു ശിവദേവന്റെ അനുഗ്രഹമുണ്ടെങ്കിൽ മാത്രമേ അത് സാധിക്കൂ. ആദ്യമായി, ബ്രഹ്മദേവ-ശിവദേവ-വിഷ്ണുദേവ ആരാധനയ്ക്കായി ശിലയിലോ ലോഹത്തിലോ ദീർഘദണ്ഡാകൃതിയിലുള്ള പ്രതിഷ്ഠ നടത്തണം. അവിടം രാമേശ്വരം മഹാക്ഷേത്രമെന്ന പേരിൽ പ്രസിദ്ധമാകും. അങ്ങനെ ദേവങ്കൽ നിന്നുമുള്ള അനുഗ്രഹത്താൽ ഭാരതത്തിനും ലങ്കയ്ക്കുമിടയിൽ സമുദ്രത്തിൽ അസാധാരണമായ ഗതാഗതമാർഗ്ഗം നിർമ്മിക്കുവാൻ കഴിയും. കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവും കൈവിടാത്ത യുവാക്കൾ നമ്മോടൊപ്പമുണ്ടാകണം. എങ്കിൽ തീർച്ചയായും അനുഗ്രഹത്താൽ അത് സാധിക്കും." ശ്രീരാമൻ തുടർന്നു

"ഭാരതത്തിന്റെ യശസ്സ് ആദ്ധ്യാത്മികതയും പ്രജാക്ഷേമം അനുവദിക്കുന്ന ക്ഷേമാധിഷ്ഠിത ഭരണം അഥവാ ക്ഷേമരാഷ്ട്രവുമാകുന്നു. രാജാവിനാൽ പ്രജകൾക്ക് ലഭ്യമാകുന്ന ക്ഷേമവും ഐശ്വര്യവും ലോകത്തിന് മാതൃകയായിത്തീരും. നടപ്പിലാക്കുവാനുള്ളത് സംബന്ധിച്ച സംക്ഷിപ്ത വിവരണം മാത്രമാണിത്. പ്രാവർത്തികമാക്കി തെളിയിക്കുന്നതിലാണ് മികവ്, വാഗ്ദാനത്തിലല്ല. വിവിധ രാജ്യങ്ങളായി ചിതറികിടക്കുന്ന അവസ്ഥയിൽനിന്നും സംയോജിപ്പിച്ച് ഭാരതത്തെ ഏക രാജ്യമെന്ന ഐക്യതയിൽ സ്ഥാപിതമാക്കുക എന്നതിന് വളരെയേറെ പ്രാധാന്യമുണ്ട്. നാം അത് പൂർത്തിയാക്കും." ശ്രീരാമൻ തുടർന്നു.

"എല്ലാവർക്കും സ്വന്തമായി ഒരിടം അനുവദിച്ചിട്ടുണ്ട്. അത് എവിടെ എങ്ങനെ എപ്പോൾ എന്നറിയുവാൻ സാധിക്കുന്നതിലാണ് ജീവിത വിജയം. ഓരോ നിമിഷത്തിലും അതുണ്ടാകും. പക്ഷേ അനുഗ്രഹംകൊണ്ട് അത് തിരിച്ചറിയുവാൻ സാധിക്കുമ്പോൾ മാത്രമേ വിജയിക്കുവാൻ കഴിയൂ. അതാണ് വിജയസൂത്രം."

"ആരുടെയൊക്കെയോ ധർമവിരുദ്ധമായ വാക്കുകൾ അനുസരിച്ച് സ്വന്തം ജീവിതം ബലിയാടാക്കുവാൻ ശ്രമിക്കുന്നത് ആത്മഹത്യയ്ക്ക് തുല്യമാണ്. ബലഹീനനായി മറ്റുള്ളവരാൽ ബലിയാടാക്കപ്പെട്ട് സഹതാപം നേടുവാനുള്ള ശ്രമമല്ല ആദർശ ധീരത. ഓരോ ചുവട്‌വെപ്പുകളും കരുതലോടെ വേണം.

അശ്രദ്ധയാണ് ശത്രുവിന്റെ വേഷത്തിൽ വരിക. ഓരോ സന്ദർഭത്തേയും ധർമ നിഷ്ഠയിൽ നിലകൊള്ളുന്നതിനുള്ള അവസരമായി പ്രയോജനപ്പെടുത്തി രാജ നീതിപ്രകാരം ശ്രദ്ധയോടെ ധാർമ്മികതയിൽ അടിയുറച്ച് സദുദ്ദേശ്യപരമായി മാത്രം കർത്തവ്യപൂർത്തീകരണത്തിനായി ജീവിക്കണം. അതാണ് യഥാർത്ഥ ആദർശ ധീരതയും രാജ്യസ്നേഹവും."

"ബ്രഹ്മദേവനും സർവ്വാധികാരി പരമഗുരു ശിവദേവനും സംരക്ഷണാധികാരി വിഷ്ണുദേവനും നമ്മുടെ പ്രണാമങ്ങൾ!!"

ശ്രീരാമൻ വിധിപ്രസ്താവം പൂർത്തിയാക്കി.

********* ********* *********

മഹാരാജാ ശ്രീരാമൻ ഭരണനിർവ്വഹണം ആരംഭിച്ചു.

അതുവരേയും ലഭ്യമല്ലാതിരുന്ന ക്ഷേമാധിഷ്ഠിത ഭരണത്തെക്കുറിച്ച് അറിഞ്ഞ് പ്രജകൾ ഏറെ സന്തോഷിച്ചു.

ദശരഥന്റെ ഭരണം ശരാശരി മാത്രമായിരുന്നതിനാൽ പ്രജാക്ഷേമം പൂർണ്ണതോതിൽ ലഭ്യമായിരുന്നില്ല. ആത്മാർത്ഥതയും സ്വപ്നങ്ങളുംകൊണ്ട് മാത്രം സദ്ഭരണമുണ്ടാകില്ല. ധീരമായ തീരുമാനങ്ങളുണ്ടാകണം, നടപ്പാക്കുവാനായി.

സപ്തമാവതാര ഭഗവാൻ ശ്രീരാമനെ പ്രജകൾ വളരെയേറെ ബഹുമാനിച്ചു, ആദരിച്ചു, ആരാധിച്ചു. ഭയരഹിതനായി ധർമനിഷ്ഠയിൽ സ്വയം ജീവിക്കുന്ന ശ്രീരാമൻ എന്ന അവതാരപുരുഷൻ അയോദ്ധ്യാവാസികളെ അത്ഭുതപ്പെടുത്തി. രാജനീതിയെ ഇത്രമാത്രം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്ന ശ്രീരാമനെ സഭാവാസികൾക്കെല്ലാം സ്വീകാര്യമായി.

രാജ്യതന്ത്രജ്ഞതയും യുദ്ധനിപുണതയും നിയമവിജ്ഞാനവും നീതിനിർവ്വഹണത്തിലെ അതീവ ജാഗ്രതയും സപ്തമാവതാര ഭഗവാൻ ശ്രീരാമന്റെ മാഹാത്മ്യം വർദ്ധിപ്പിച്ചു. പ്രതിസന്ധി ഘട്ടത്തിൽപ്പോലും ധർമാചരണത്തിൽ നിന്നും അല്പംപോലും വ്യതിചലിക്കാത്ത ഭഗവാൻ ശ്രീരാമന്റെ നിശ്ചയദാർഢ്യം ഏറെ പുകഴ്ത്തപ്പെട്ടു. സ്വന്തവും ബന്ധവും പരിഗണിക്കുന്നുണ്ടെങ്കിലും അവയിലൊന്നും സ്വയം ബന്ധിതമാകാതെ സ്വതന്ത്രമായി നീതിനിർവ്വഹണത്തിന് തെയ്യാ

റായ വിഷ്ണുദേവന്റെ സപ്തമാവതാരമായ ശ്രീരാമൻ പ്രജകളുടെ കണ്ണിലുണ്ണിയായിത്തീർന്നു.

രാജനീതിയിൽ അധിഷ്ഠിതമായി സ്ഥാനാധികാരപ്രകാരം ധാർമ്മികമാണോ വ്യക്തികളുടെ ചെയ്തികളെന്ന് പരിശോധിക്കേണ്ടത് എങ്ങനെയായിരിക്കണമെന്ന സുപ്രധാനമായ അറിവാണ് ഭഗവാൻ ശ്രീരാമൻ ലോകത്തിന് നൽകിയത്. ദശരഥന്റേയും കൈകേയിയുടേയും മന്ഥരയുടേയും വിഷയമായി അനുഭവപ്പെട്ടുമെങ്കിലും, ലോകത്തിന് എക്കാലവും കർത്തവ്യനിർവ്വഹണം സ്ഥാനപ്രകാരം പൂർത്തിയാക്കേണ്ടത് എങ്ങനെയായിരിക്കണമെന്ന് വെളിപ്പെടുന്നതിനുള്ള പ്രചോദനവും മാതൃകയുമായി ഈ സന്ദർഭവും സംഭവവും.

രാജാവും രാജമഹിഷിയും പതിയും പത്നിയും പിതാവും സന്താനങ്ങളും പ്രജകളും കേവല വ്യക്തികളുമെല്ലാം രാജനീതിപ്രകാരം ധാർമികമായി എങ്ങനെയായിരിക്കണം സ്വയം ശ്രദ്ധിക്കേണ്ടതെന്ന് ലോകത്തിന് വെളിപ്പെടുവാൻ ഈ സുന്ദരമുഹൂർത്തം അവസരമൊരുക്കി. കാലദേശ വ്യക്തിബന്ധ പരിഗണനകൂടാതെ, രാജാധികാര സ്ഥാനത്തെ ഭയപ്പെടാതെ കർത്തവ്യനിർവ്വഹണവും നീതിനിഷ്ഠയും ധാർമ്മികതയും രാജ്യത്തിന്റെ ശിഥിലീകരണത്തിനിട വരുത്താതെ എങ്ങനെയായിരിക്കണം സ്വയം അനുസരിക്കേണ്ടതെന്ന് സപ്തമാവതാര ശ്രീരാമൻ ലോകത്തിനു വ്യക്തമാക്കിക്കൊടുത്ത സുന്ദര മുഹൂർത്തങ്ങളുടെ അരങ്ങേറ്റമാണ് അയോദ്ധ്യയിൽ ഒരുങ്ങിയത്.

പ്രജാപരിപാലനം കുടുംബബന്ധങ്ങളേക്കാൾ പ്രാധാന്യമേറിയതാണെന്ന് ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത അതിമനോഹരമായ ദൃശ്യങ്ങളാണ് അയോദ്ധ്യയുടെ രാജസഭയിൽ അരങ്ങേറിയത്.

ശ്രീരാമന്റെ വിധിപ്രസ്താവം നീതിനിർവ്വഹണ ചരിത്രത്തിലെ നാഴികക്കല്ലായി മാറി. മമതാബന്ധനങ്ങളിൽപ്പെട്ടുഴലാതെ കർത്തവ്യം പൂർത്തിയാക്കുന്ന ശ്രീരാമൻ രാജനീതിയുടെ പ്രത്യക്ഷോദാഹരണമായിത്തീർന്നു.

പ്രാപഞ്ചിക വിജ്ഞാനം എത്രതന്നെ നേടിയാലും നീതിനിർവ്വഹണവും ധർമനിഷ്ഠയുമില്ലെങ്കിൽ സ്വജീവിതത്താൽ ഒരു വ്യക്തിക്ക് പുണ്യവും സുകൃതവും മേൽഗതിയും ലഭിക്കുകയില്ലായെന്ന മഹാവിജ്ഞാനമാണ് ഭഗവാൻ ശ്രീരാമൻ ഈ സന്ദർഭത്തിലൂടെ ലോകത്തിനു പ്രദാനം ചെയ്തത്.

ലഭിക്കുന്ന ഓരോ സന്ദർഭത്തേയും അവസരമാക്കി രാജനീതിയിലും ധാർമ്മികതയിലും നിലകൊണ്ട് ജീവിതം ധന്യമാക്കേണ്ടത് എങ്ങനെയെന്ന് ലോകത്തിനു വെളിപ്പെട്ട അസുലഭാവസരമാണ് അയോദ്ധ്യയിലെ രാജസഭയിൽ ഈ സന്ദർഭത്തിൽ ശ്രീരാമനിലൂടെ വെളിപ്പെട്ടത്.

ബ്രഹ്മദേവനും സർവ്വാധികാരി പരമഗുരു ശിവദേവനും സംരക്ഷണാധികാരി വിഷ്ണുദേവനും ലോകോപകാരാർത്ഥം ധർമനിഷ്ഠയേയും നീതിനിർവ്വഹണത്തേയും പ്രജകൾക്ക് വെളിപ്പെടുത്തിക്കൊടുത്തു ശ്രീരാമൻ എന്ന ഉത്തമപുരുഷനിലൂടെ.

ദേവഹിതത്തെ നടപ്പാക്കി മര്യാദാപുരുഷനായ ഭഗവാൻ ശ്രീരാമൻ ലോകത്തിനുമുമ്പിൽ വിനയപൂർവ്വം പ്രഥമഘട്ടത്തിലെ സ്വന്തം കർത്തവ്യം പൂർത്തിയാക്കി.

ആജ്ഞാപിക്കുവാനും അനുസരിപ്പിക്കുവാനും ശ്രമിക്കുന്നതിനു പകരം സ്വയം അനുസരിച്ചുകൊണ്ട് ഭഗവാൻ ശ്രീരാമൻ നീതിനിർവ്വഹണത്തിൽ പാലിക്കേണ്ടതായ നിതാന്ത ജാഗ്രതയെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു.

ആർക്കും വിധേയമാകാതേയും ആരോടും വിരോധമില്ലാതേയും സ്വതന്ത്രമായി എങ്ങനെ നീതിനിർവ്വഹണം സാധ്യമാകുമെന്ന് ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത സപ്തമാവതാര ഭഗവാൻ ശ്രീരാമൻ ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ മാഹാത്മ്യവും യശസ്സും പ്രപഞ്ചമത്രയും വ്യാപിപ്പിച്ചു.

ഈ ഗ്രഹം വാസയോഗ്യമെങ്കിൽ, സദുദ്ദേശ്യവും സാങ്കേതിക പരിജ്ഞാനവും സ്ഥിരോത്സാഹവും കാര്യശേഷിയും തന്റേടവും ധൈര്യവും നിർഭയത്വവും സംശുദ്ധഭക്തിയും പക്വതയും ഒത്തുചേർന്നവർ ഭരണനിർവ്വഹണ സ്ഥാനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട് സാധ്യമാംവിധം പ്രജക്ഷേമം നടപ്പാക്കി ദാരിദ്ര്യത്തിനും കഷ്ടപ്പാടുകൾക്കും പരിഹാരമുണ്ടാക്കുന്നതിനായി പരിശ്രമിച്ച് ലോകത്തിന് പ്രയോജനപ്രദമാകുന്നുവെങ്കിൽ, അത്രയെങ്കിലുമായല്ലോ എന്ന് ആശ്വസിയ്ക്കുന്നവരുണ്ടായേയ്ക്കാം. ശത്രുക്കളെ വേർതിരിച്ചു നിർത്താമെങ്കിലും അവർക്ക് വളക്കൂറായ മിത്രഭാവേന ശത്രുക്കളെ തിരിച്ചറിയുകയാണ് പ്രധാനം.

**മിത്രം, മിത്രഭാവേന, ശത്രു, മിത്രഭാവേന ശത്രു എന്നിവയിൽ ആരൊക്കെ നിലകൊള്ളുമെന്ന് പ്രാരംഭത്തിൽ തന്നെ തിരിച്ചറിയുക സുപ്രധാനം. •**

പ്രകാശ സ്വരൂപത്തിൽ ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോകത്തിലും ശിവ ലോകത്തിലും വിഷ്ണലോകത്തിലും നിലകൊള്ളുന്ന ദേവവർഗ്ഗത്തിന്റെ (ബ്രഹ്മ ദേവ ശിവദേവ വിഷ്ണദേവ ) യഥാർത്ഥ നിയമങ്ങളും ആരാധനാക്രമങ്ങളും അറി യുന്നതിന് കൽകിപുരി ക്ഷേത്ര നിയമങ്ങൾ വായിയ്ക്കുക.



**ജ്യോതിർമണ്ഡല ബ്രഹ്മലോക – ശിവലോക – വിഷ്ണുലോക പ്രകാശ സ്വരൂപ സമുന്നത സ്ഥാനാധികാര ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ ദേവ വർഗ്ഗത്തെ മാത്രം ആരാധിയ്ക്കുക. ദേവ വർഗ്ഗത്തോട് മാത്രം പ്രാർത്ഥിക്കുക.**

**ദേവവർഗ്ഗത്തിന്റെ യഥാർത്ഥ ചിത്രം ഈ ഭൂമിയിൽ ലഭ്യമല്ലാത്തതിനാൽ പഞ്ചഭൂതാത്മക മനുഷ്യ രൂപങ്ങളും മറ്റ് ജീവിവർഗ്ഗങ്ങളുമായും ദേവ വർഗ്ഗത്തെ സങ്കൽപ്പിച്ച് നിന്ദിക്കാതിരിക്കുക.**

**പരിമിത അറിവും സ്ഥാനാധികാരങ്ങളുമുള്ള വ്യക്തികളേയും അഥവാ മനുഷ്യരേയും ഈ ഭൂമിയിലെ മറ്റ് ജീവിവർഗ്ഗങ്ങളേയും പ്രകൃതി പ്രതിഭാസങ്ങളേയും ആദരിയ്ക്കാം, ബഹുമാനിയ്ക്കാം; ആരാധിക്കാതിരിക്കുക.**

**kalkipuri.com**

ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമഃ

**നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ**



ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമഃ
Kalkipuri
OM SHREEM BRAHMADEVA SHIVADEVA VISHNUDEVA NAMAHA
kalkipuri.com
Kalkipuri Temple